# ജൽസ ദിനങ്ങളിൽ........

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ.അ.) പറഞ്ഞു: "അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നതിനും ദർസ് കേൾക്കുന്നതിനും വേണ്ടി പള്ളിയിലിരിക്കുന്ന ജനങ്ങളുടെമേൽ സമാധാനം ഇറങ്ങുന്നു. അല്ലാഹുവിന്റെ കാരുണ്യം അവരെ പൊതിയുന്നു. മലക്കുകൾ അവരെ തങ്ങളുടെ സംരക്ഷണവലയത്തിലെടുക്കുകയും ചെയ്യുന്നു."

ഇത്തരം നല്ല മജ്ലിസുകളാണ് രക്ഷയുടെ മജ്ലിസുകൾ. ഇജ്തിമാകളും ജൽസകളുമെല്ലാം അടങ്ങുന്ന മജ്ലിസുകൾ ഇത്തരത്തിലുള്ളതാണ്.

(*ഖുത്ബ ജുമുഅ, 16.7.04*)

നബി(സ.അ) പറഞ്ഞു. "ദൈവസ്മരണ ചെയ്യാതെ മജ്ലിസിൽ ഇരിക്കുന്ന ആളുകൾ, തങ്ങളുടെ ആ മജ്ലിസിനെ ഖിയാമത്തുനാളിൽ ദുഃഖത്തോടെ നോക്കിക്കാണുന്നതാണ്."

ആളുകൾ പണം മുടക്കി യാത്രചെയ്ത് ജൽസയിൽ വരുന്നു. എന്നാൽ അതിൽനിന്ന് നേട്ടമുണ്ടാക്കുന്നതിനു പകരം, അവരുടേതായ മജ്ലിസുകൾ സംഘടിപ്പിച്ച് ചിരിച്ചും കളിച്ചും വാചകമടിച്ചും തിരിച്ചുപോകുന്നു. അവർ ഈ ഹദീസ് എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കാൻ വരുന്നവർ ഈ ദിനങ്ങളിൽ പ്രത്യേകമായും ദൈവസ്മരണയിൽ മുഴുകുമെന്ന ഉദ്ദേശ്യത്തോടുകൂടി വരിക. (*ഖുത്ബ ജുമുഅ, 16.7.04*)

നബി(സ.അ.) പള്ളിയിലിരിക്കുമ്പോൾ ഒരാൾ വന്നു; ഹുസൂർ(സ.അ) അയാൾക്ക് സ്ഥലം കൊടുക്കാൻ അല്പം മാറിയിരുന്നു. അയാൾ പറഞ്ഞു. 'ഹുസൂർ, സ്ഥലം ഒരുപാടുണ്ട്. അങ്ങെന്തിനാണ് ബുദ്ധിമുട്ടുന്നത്? ഇതു കേട്ടപ്പോൾ റസൂൽ(സ.അ) പറഞ്ഞു. ഒരു മുസൽമാന്റെ അവകാശമാണ്, അവനുവേണ്ടി അവന്റെ സഹോദരൻ ചേർന്നിരിക്കുകയും അവന് സ്ഥലം വിട്ടുകൊടുക്കുകയും ചെയ്യുകയെന്നത്."

നോക്കുക നമ്മുടെ യജമാനനായ നബി(സ.അ) തന്റെ കർമ്മംകൊണ്ട് ഇതു കാണിച്ചുതന്നിരിക്കയാണ്. അപ്പോൾ നാം ഇക്കാര്യങ്ങൾ എത്രമാത്രം പ്രാവർത്തികമാക്കേണ്ടതുണ്ട്. ആരെങ്കിലും സദസ്സിലേക്ക് വന്നാൽ ചിലയാളുകൾ മുമ്പത്തേക്കാൾ വിസ്തരിച്ച് ഇരിക്കുന്നത് കാണാറുണ്ട്. ജൽസാ ദിനങ്ങളിൽ പ്രത്യേകിച്ച് ഇത് ശ്രദ്ധിക്കേണ്ടതാണ്.

(*ഖുത്ബ ജുമുഅ, 16.7.04*)

بســم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

ആക്ടിങ്ങ് എഡിറ്റർ:
എം. നാസിർ അഹ്മദ്

**2004-05**
**ഡിസംബർ 16 – ജനുവരി 15**

1179 വൃശ്ചികം-ധനു
1425 ദുൽകഅദ്-ദുൽഹജ്ജ്
1382 ഫതഹ്

പുസ്തകം 4
ലക്കം 12
വില 7 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by Majlis Ansarullah State Committee,Kerala at BRB Offset Printers & Publishers Thavakkara, Kannur-17. Ph: 0497-2761010, and Edited by M. Nasir Ahmad Manager: Muhammed Salim, Kannur Ph: 98460 89896.



***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim Complex
Fort Road, Kannur-1



**അറിയിപ്പ്**
സത്യമിത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ഉത്തരവാദിത്തം ലേഖകരിൽതന്നെ നിക്ഷിപ്തമായിരിക്കും. അവ സത്യമിത്രത്തിന്റെ വീക്ഷണമോ പാഠമോ ആയിക്കൊള്ളണമെന്നില്ല. *-പത്രാധിപർ*


## വി ഷ യ വി വ രം


**ആമുഖം**
ആത്മപരിശോധന നമുക്കാവശ്യമാണ് ........ 4

**യുഗനാദം**
ഞാൻ ദൈവം നട്ട വൃക്ഷം ........ 6
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 7

**ഖുത്വ്ബയിൽനിന്ന്**
ജലസാസാലാനയും നമ്മുടെ ബാദ്ധ്യതകളും ........ 11
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)

**ലേഖനം**
ഖാദിയാൻ എന്ന പുണ്യകേന്ദ്രം ........ 15
എൻ. അബ്ദുർറഹീം

**ജീവചരിത്രം:**
മൗലവി ഹക്കീം നൂറുദ്ദീൻ(റ) ........ 19
സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ വിവ: കെ.വി. ഹസ്സൻകോയ

**സന്ദേശം**
നമുക്കൊന്നിച്ചു മുന്നേറാം ........ 24
പി.പി. നാസിറുദ്ദീൻ

**അനുസ്മരണം**
ജനാബ് ബിഎം കോയസാഹിബ് ........ 25
ഹസ്റത്ത് മിർസാ വസീം അഹ്മദ്
ജീവിതത്തെ ജിഹാദാക്കിയ നാസിം ........ 26
മുനീർ അഹ്മദ് ഖാദിം
അതുല്യപ്രതിഭ ........ 27
ആരേയും ബുദ്ധിമുട്ടിക്കാതെ ബിഎം ........ 29
എ.പി. കുഞ്ഞാമു
യശഃശരീരനായ ബിഎം കോയസാഹിബ് ........ 30
മുഹമ്മദ് ഉമർ എച്ച്.എ
കോയസാഹിബിനെ ഓർക്കുമ്പോൾ ........ 31
എം. ജമീൽ അഹ്മദ്
ബിഎം ബഹുമുഖ പ്രതിഭ ........ 34
എ.എം. മുഹമ്മദ് സലീം
ഒരു കർമ്മഭടന്റെ ആകസ്മിക വേർപാട് ........ 35
മദാർ അബ്ദുശ്ശക്കൂർ
ഒരു സാഹിത്യനിപുണൻ യാത്രയായി ........ 37
എം.എ. ജോസഫ് സാദിഖ്
ഹൃദയത്തിലൂടെ നടന്ന ഒരാൾ ........ 38
ഉമർ പാറപ്പുറത്ത്
ശിഷ്യൻ വരച്ചുകാട്ടിയ ഗുരുവിന്റെ ചിത്രം ........ 39
എൻ. കുഞ്ഞഹ്മദ്

**റിപ്പോർട്ട് :**
വാർഷിക ഇജ്തിമാ........ 40
സന്തോഷ മുഹൂർത്തം........ 42


**മുഖചിത്രം:**
*മിനാരത്തുൽ മസീഹ്, ഖാദിയാൻ*

ആമുഖം

# ആത്മപരിശോധന നമുക്കാവശ്യമാണ്

**ഖാ**ദിയാൻ എന്ന ദാറുൽ അമാനിൽ ഒക്ടോബർ 1,2,3 ദിനങ്ങളിൽ ഈ വർഷത്തെ മജ്‌ലിസ് അൻസാറുല്ലാഹ് ഇജ്തിമാഅ് വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്. അതിൽ പങ്കെടുക്കാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും കേരളത്തിൽ നിന്നുള്ള പലർക്കും സൗഭാഗ്യമുണ്ടായി എന്ന കാര്യം ഇവിടെ പ്രസ്താവിതമാണ്. ഇനിയുള്ള സമ്മേളനം ഡിസംബർ മാസത്തിലാണ്. വാർഷികജൽസ. തീർച്ചയായും ഈ സമ്മേളനം നമ്മെ കാത്തിരിക്കുന്നു; നമ്മുടെ ആത്മാവിന് കുളിരേകാൻ, നമ്മെ ആത്മീയമായി അഭിവൃദ്ധിപ്പെടുത്താൻ, നമ്മുടെ ജീവിതത്തെ ആകമാനമൊന്ന് വിലയിരുത്തുവാനും.

സമ്മേളനങ്ങൾ മനുഷ്യന്റെ സാമൂഹികസ്വഭാവത്തിന്റെ അന്തസ്സാർന്ന, ജീവസ്സാർന്ന പ്രകടനങ്ങളാണെന്ന കാര്യം നാം മനസ്സിലാക്കണം. മനുഷ്യർ സന്ധിക്കുന്നു. ആശയവിനിമയം നടത്തുന്നു. പരസ്പരം അറിയുന്നവരായി, പറയുന്നവരായി, വാങ്ങുന്നവരായി, കൊടുക്കുന്നവരായി മാറുന്നു. 'കൊടുത്തുവാങ്ങലാണ്' ജീവിതം. സമ്മേളനങ്ങളുടെ സന്ദേശവും അതുതന്നെ.

ജീവിതം അനന്തമല്ല. 'ഏറിയാലൊരു ദിവസം' എന്ന് അതിനെ വിശേഷിപ്പിക്കാറുണ്ട്. 'കണ്ണു ചിമ്മിത്തുറക്കുന്ന കാലം' എന്നും പഴമക്കാർ പറയാറുണ്ട്. അത് അത്രയ്ക്കു ഹ്രസ്വമാണ്. എങ്കിലും അതിൽ ഹിസാബുണ്ട്. അത് ബോദ്ധ്യപ്പെടുത്താൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്.

വിശ്വാസികൾക്ക് ജീവിതം ഒരു തടവറയാണെന്ന് നബി തിരുമേനി(സ) പറഞ്ഞിട്ടുണ്ട്. ഒക്കെ ഇവിടെ ക്ലിപ്തമാക്കിയിരിക്കുന്നു, പരിമിതപ്പെടുത്തിയിരിക്കുന്നു എന്നാണതിന്റെയർത്ഥം. ഇവിടെ ഒരപരിചിതനെപ്പോലെ കഴിയുക എന്നും തിരുമേനി ഉപദേശിച്ചിട്ടുണ്ട്. അമിതമായി ഒന്നുമെടുക്കാതെ, ഒന്നിലും അവകാശം സ്ഥാപിക്കാതെ, ഒട്ടും ധൂർത്തടിക്കാതെ ഒരു വഴിയാത്രക്കാരനെപ്പോലെ വേഗം നടന്നുപോവുക. അതാണുത്തമം.

അങ്ങനെയല്ലേ? നമുക്കൊരു ജീവിതം നല്കിയിരിക്കുന്നു. അത് നല്കിയത് അല്ലാഹുവാണ്. അദൃശ്യനായ ആ മഹാശില്പി നമ്മെ ഇവിടെ സർവ്വതന്ത്രസ്വതന്ത്രരായി വിഹരിക്കാൻ വിട്ടു എന്നു നാം വിചാരിക്കരുത്. വ്യാമോഹിക്കരുത്. നമ്മുടെ പൂർണ്ണമായ നിയന്ത്രണം അവന്റെ കയ്യിലാണ്. നൂലു കെട്ടിയ പക്ഷിയാണ് നാം. ***വ കുല്ല ഇൻസാനിൻ അൽസംനാഹു ത്വാഇറഹു ഫീ ഉനുഖിഹീ–*** എന്ന് ഖുർആൻ പറഞ്ഞു. ഓരോ മനുഷ്യന്റേയും കർമ്മഫലം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. കർമ്മം അപ്രത്യക്ഷമാകുന്നില്ല. അത് കാലിനു കെട്ടിയ നൂലാണ്. നാം പറക്കുന്നു. നൂല് വലിച്ചാൽ നാം തിരികെ ഉടമസ്ഥന്റെ കൈക്കകത്താകുന്നു. അല്ലാഹു നമ്മെ നിയന്ത്രിക്കുന്നു. അല്ലാഹു നിയാമകശക്തിയാകുന്നു.

ഈ നിമിഷത്തിൽ നിങ്ങളെന്നോട് സംസാരിക്കുന്നു. ഞാൻ നിങ്ങളോട് സംസാരിക്കുന്നു. ഈ നിമിഷത്തിന്റെ നാഥനാരാണ്? ഞാനല്ല. ആയിരുന്നുവെങ്കിൽ ചില നിമിഷങ്ങളെ 'കഴിഞ്ഞുപോകാൻ' ഞാനനുവദിക്കുമായിരുന്നില്ല. ചില നിമിഷങ്ങളെ എന്റെ മുൻപിലെത്താനും ഞാനനുവദിക്കില്ല; നിങ്ങളും. അല്ലാഹുവിന്റെ ഹിതം, ഇംഗിതം– അതാണിവിടെ പൂർണ്ണമായും പ്രതിഫലിപ്പിക്കപ്പെടുന്നത്. എല്ലാ നിമിഷങ്ങളുടേയും നാഥനും ഉടമസ്ഥനും അല്ലാഹു മാത്രമാണ്.

അല്ലാഹു നമുക്ക് സ്വാതന്ത്ര്യം നല്കി. എന്തിനു നല്കി എന്നറിയാമോ. ***ഫസ്തബിഖുൽ ഖയ്റാത്.*** നന്മയിൽ മുന്നേറാൻ. സുകൃതം ചെയ്യാൻ. സഹൃദയത്വം പ്രകാശിപ്പിക്കാൻ, സന്മനോഭാവം പ്രകടിപ്പിക്കാൻ. സത്കർമ്മം അനുഷ്ഠിക്കാൻ. സദ്ഭാവന പുലർത്താൻ. സമഭാവത്തോടെ സഹവർത്തിത്വം സാദ്ധ്യമാക്കാൻ. നന്മയ്ക്കുള്ള ഈ സ്വാതന്ത്ര്യത്തിന് പരിധിയില്ല. അതിന് കാലാവധിയുമില്ല. അതിന്റെ ഗുണം കാലാനുവർത്തിയുമാണ്. ബാക്കിയാതു സ്വാലിഹാത്തായതുകൊണ്ട് അത് നമുക്ക് കൂടെക്കൊണ്ടുപോകാനും കഴിയുന്നു.

അല്ലാഹു ചോദിച്ചു. 'നാളേക്കുവേണ്ടി നിന്റെ കയ്യിലെന്തുണ്ട്?' ആസന്നവും ശാശ്വതവുമായ പരലോകം– അതാണ് നാളെ. ആ നാളെ നിന്റെ മുൻപിലെത്തുമ്പോൾ നീ എന്റെ മുൻപിലാണെത്തുന്നത്. അങ്ങനെ നീ എന്റെ മുൻപിലെ

**ബിഎം കോയസാഹിബിന്റെ രോഗവിവരങ്ങളും, മരണവാർത്തയും അപ്പപ്പോൾ അറിയിച്ചുകൊണ്ടിരുന്ന, കണ്ണൂർ ടൗൺ ജമാഅത്ത് മുബല്ലിഗിന് അമീറുൽ മുഅ്മിനീൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അയച്ച കത്തിൽ പറയുന്നു:**

**"താങ്കളുടെ കത്തു കിട്ടി. ജനാബ് ബിഎം കോയാസാഹിബിന്റെ (വൈസ് പ്രസിഡണ്ട് കണ്ണൂർ ടൗൺ, നാസിം അൻസാറുല്ലാഹ് കേരള) നിര്യാണവാർത്തയറിഞ്ഞ് വളരെയധികം വിഷമമുണ്ടായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുതആല അദ്ദേഹത്തിന് മഗ്ഫിറത്ത് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ എല്ലാ കുടുംബാംഗങ്ങൾക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഈ ദുഃഖത്തിൽ എനിക്കുണ്ടായ വിഷമവും, എന്റെ അനുശോചനവും ബന്ധുമിത്രാദികളെ അറിയിക്കുക. ഈ കഠിനമായ വിഷമം സഹിക്കാനുള്ള കരുത്തും ക്ഷമയും കൊടുത്ത് അല്ലാഹു അവരെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ."**

ത്തുമ്പോൾ എന്തുണ്ട് നിന്റെ കയ്യിൽ? ധനമുണ്ടോ? പരലോകത്ത് പൊറുക്കാനാവശ്യമായ– നിന്നെ പൊറുപ്പിക്കാനാവശ്യമായ ധനം. അത് സ്വരൂപിക്കുവാനും സമ്പാദിക്കുവാനുമാണ് ഇവിടെ ജീവിതം നിനക്ക് നല്കിയിരിക്കുന്നത്. നീയത് സമ്പാദിച്ചുവോ? തിരശ്ശീല ഇതാ വീഴാറായിരിക്കുന്നു. വിളി ഇതാ വന്നെത്താറാകുന്നു.

വിളിയെ മനുഷ്യൻ കാത്തിരിക്കണം. ഇതെന്റെ തട്ടകമല്ല. നിങ്ങളുടേതുമല്ല. അന്യമായ ഒരിടം. വന്യമായ ഒരു ഗൃഹം. അപരിചിതൻ. വഴിയാത്രക്കാരൻ. വരുന്നു, പോകുന്നു. ഒന്നിനും അവകാശമില്ല. അവകാശമില്ലാത്തിടത്ത് അധികാരവുമില്ല. ഉള്ളത് താത്കാലികാവകാശം. കൈവശാവകാശം എന്നു പറയുന്നതുപോലെ.

ആലോചിച്ചുനോക്കൂ. വാടകവീട്ടിലല്ലേ നാം താമസിക്കുന്നത്. 'എക്സിറ്റ്' കാണിച്ചാൽ നാം പുറത്ത്. അതോടെ ജീവിതം തീരുന്നു. അപ്പോൾ നമുക്ക് നല്ലതും നന്മയായിത്തീരുന്നതും 'മര്യാദയോടെ മരിക്കാൻ പഠിക്കുക' എന്നതാണ്. എന്നായാലും നമ്മളെല്ലാം അടച്ചുതീർക്കേണ്ട ഒരു വായ്പയാണ് ജീവിതം. മരിക്കുമ്പോൾ ആ വായ്പ തിരിച്ചടക്കുന്നു. എങ്ങനെ അടച്ചു എന്നതാണ് പ്രശ്നം. ഗൗരവത്തോടെ കയ്യാളേണ്ട പ്രശ്നമാണത്.

ഞാനും നിങ്ങളും പതുക്കെ മുന്നോട്ടു പോവുകയാണ്. നമ്മോടൊപ്പം അരിക് ചേർന്ന് മറ്റുള്ളവരും കൂടെയുണ്ട്. പദംപദം അല്ലാഹു ഒരു മഹാസമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നു. നമുക്ക് നോട്ടീസ് കിട്ടിയിട്ടില്ല. റബ്ബനാഃ ഞങ്ങളുടെ നാഥാ, ***ഇന്നക്ക ജാമിഉന്നാസി ലിയൗമിൻ–*** തീർച്ചയായും ഒരുനാളിൽ സമസ്തമനുഷ്യരേയും ഒരുമിച്ചുകൂട്ടുന്നവനാണ് നീ. ***ലാ റയ്ബ ഫീഹി*** അതിൽ സംശയമേതുമില്ല. ഒരു മഹാസമ്മേളനം. ഇവിടെ ഈ ഇജ്തിമായും ജൽസയുമൊക്കെ ഒരു ഷേദം മാത്രം. ഇത് അപൂർണ്ണം. പൂർണ്ണമായത് മഹ്ശറയിൽ. അങ്ങോട്ടാണ്, അവിടെ വിളിച്ചുകൂട്ടിയ ബൃഹത്സമ്മേളനത്തിൽ പങ്കെടുക്കുവാനാണ് ഉടുത്തൊരുങ്ങി നാം പുറപ്പെട്ടിരിക്കുന്നത്. അങ്ങനെയല്ലേ?

ഇവിടെ നമുക്കല്പം നില്ക്കാം. നമുക്ക് നമ്മെ നോക്കാം. നമ്മോട് ചോദിക്കാം. നമ്മുടെ ഉടുപ്പും നടപ്പും ചൊവ്വായതു തന്നെയാണോ? നമ്മുടെ ചിരിയുടെ പിന്നിൽ ചതിയുണ്ടോ? ചുഴിയുണ്ടോ? ചാഞ്ചല്യമുണ്ടോ? നമ്മുടെ ചിന്തയുടെ ലോകം സംശുദ്ധമാണോ? നമ്മുടെ ഖൗലും അമലും നേരെനേരെയാണോ?


പ്രസന്നമായ ഒരു മുഖം നമുക്കുണ്ടോ? ***ളാഹികതുൻ മുസ്തബ്ശിറതുൻ.*** ചിരിക്കുന്നതും ആഹ്ലാദിക്കുന്നതുമായ മുഖം. കണ്ണാടിയുടെ പ്രതലം നോക്കൂ. നമ്മുടെ മുഖത്തെന്തുണ്ട്? ദൈവത്തിന്റെ സ്നേഹകാരുണ്യസ്പർശം. അതിൻഫലമായി അതിൽ ചിരിയുണ്ടോ? ചിന്തയുണ്ടോ? ചൈതന്യമുണ്ടോ? അത് പ്രസാദമധുരമാണോ? അതോ നടന്നുവന്ന പാതയിലെ പൊടിപടലം അതിൽ പുരണ്ടിരിക്കുകയാണോ? ***തർഹഖുഹാ ഖത്വറതുൻ.*** ഇരുട്ട് അവയെ മൂടിനില്ക്കുകയാണോ?

ആത്മപരിശോധന നമുക്കാവശ്യമാണ്. നമുക്ക് നമ്മെ കണ്ടെത്തേണ്ടിയിരിക്കുന്നു. സമ്മേളനങ്ങൾ അതിന് വഴിയൊരുക്കുന്നു. ആ വഴി നമുക്ക് പരിചിതവും പ്രചോദിതവുമായി മാറിയാൽ ഫലത്തിൽ നാം വിജയികളോടൊപ്പം, അവരുടെ പാതയിലായിത്തീരും. വിജയം വരിക്കാൻ നമുക്കത് സഹായകമായിത്തീരും. അല്ലാഹു അതിനുള്ള അനന്ത സൗഭാഗ്യം നമുക്ക് നല്കുമാറാകട്ടെ. ●

(മർഹൂം ബിഎം കോയ സാഹിബ് സത്യമിത്രത്തിന് വേണ്ടി അവസാനമായി എഴുതിയ ആമുഖം ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞലക്കത്തിൽ ഇതിന്റെ തുടക്കത്തിലെ കുറച്ചു ഭാഗം 'ഇന്നാലില്ലാഹ്' എന്ന തലക്കെട്ടോടെ ഞങ്ങൾ പ്രസിദ്ധീകരിച്ചതാണ്.) *(ആക്ടിങ്ങ് എഡിറ്റർ)*

# ഞാൻ ദൈവം നട്ട വൃക്ഷം

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**



**എ**ന്നോട് ഇവർ എന്തിനാണ് ഇവ്വിധം ലുബ്ധ് കാണിക്കുന്നത്. അല്ലാഹു ഉദ്ദേശിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ വരില്ലായിരുന്നു. ഈ സ്ഥാനത്തുനിന്നും എന്നെ മാറ്റി മറ്റൊരാളെ നിയമിക്കുവാൻ അല്ലാഹുവിനോട് അപേക്ഷിച്ചാലോ എന്നുപോലും ഞാൻ ചിലപ്പോൾ ചിന്തിച്ചുപോവാറുണ്ട്. എന്നാൽ, എന്നിൽ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും ഭീരുവിനെപ്പോലെ മുഖം തിരിച്ചുകളയുന്നതിനേക്കാളും വലിയ പാപം മറ്റൊന്നില്ലെന്ന ചിന്ത എന്റെ ഹൃദയത്തിൽ കടന്നുവരുന്നു. ഞാൻ എത്രകണ്ട് പിന്നോട്ട് വലിയാൻ ആഗ്രഹിക്കുന്നുവോ അത്രകണ്ട് അല്ലാഹു എന്നെ വലിച്ച് മുമ്പോട്ട് കൊണ്ടുവരുന്നു. ഞാൻ നിന്റെ കൂടെയുണ്ടെന്നും എന്റെ ആകാശസൈന്യം നിന്നോടൊപ്പമുണ്ടെന്നും സാന്ത്വനം നൽകാത്ത രാത്രികൾ വളരെ കുറച്ചുമാത്രമേ എന്നിൽ കഴിഞ്ഞുകടക്കുന്നുള്ളൂ. വിശുദ്ധഹൃദയർ മരണാനന്തരം അല്ലാഹുവിനെ കാണുന്നതാണ്. എന്നാൽ, ഞാൻ അവന്റെ പേരിൽ ആണയിട്ടു പറയുന്നു. ഞാൻ അവനെ ഇപ്പോഴും കാണുന്നുണ്ട്. ലോകർ എന്നെ മനസ്സിലാക്കുന്നില്ല. എന്നാൽ എന്നെ അയച്ചവൻ എന്നെ മനസ്സിലാക്കുന്നു. എന്റെ നാശം ആഗ്രഹിക്കുക എന്നത് അവർക്ക് പറ്റിയ തെറ്റും ദൗർഭാഗ്യവുമത്രെ. യഥാർത്ഥ ഉടമസ്ഥന്റെ സ്വന്തം കരങ്ങളാൽ നടപ്പെട്ട വൃക്ഷമാണ് ഞാൻ. എന്നെ മുറിച്ചുമാറ്റാൻ ഒരുങ്ങിത്തിരിക്കുന്നവർ ഖാറൂന്റേയും യഹൂദാ ഇസ്കരിയോത്തിയുടേയും അബൂജഹലിന്റേയും കൂടെ എണ്ണപ്പെടും എന്നതിൽ കവിഞ്ഞ് അവർക്ക് മറ്റൊന്നും ലഭിക്കാൻ പോകുന്നില്ല. പ്രവാചകന്മാരുടെ സത്യത പരിശോധിക്കുന്നതുപോലെ എന്റെ സത്യത പരിശോധിക്കാൻ ആരെങ്കിലും രംഗത്ത് വരുന്നുണ്ടോ എന്ന് നിത്യവും കണ്ണുംനട്ട് നോക്കിയിരിക്കുകയാണ് ഞാൻ. പക്ഷേ, ആണത്തമുള്ളവരല്ലെ രംഗത്ത് വരികയുള്ളൂ.

ജനങ്ങളേ! ഒരു കാര്യം ശരിക്കും മനസ്സിലാക്കുക. അവസാനംവരെ എന്നോട് കൂറുപുലർത്തുന്ന ഒരു കൈ എന്നോടൊപ്പമുണ്ട്. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളും, നിങ്ങളുടെ യുവാക്കളും നിങ്ങളുടെ വൃദ്ധരും, നിങ്ങളുടെ ചെറിയവരും നിങ്ങളുടെ വലിയവരും എല്ലാം ഒന്നായിച്ചേർന്നുകൊണ്ട് എന്റെ നാശത്തിനായി പ്രാർത്ഥിക്കുക. അങ്ങനെ സുജൂദിൽ കിടന്ന് കിടന്ന് നിങ്ങളുടെ മൂക്കുകൾ തേഞ്ഞുപോയാലും, കൈകൾ തളർന്നുപോയാലും ശരി, അല്ലാഹു നിങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നതല്ല. മാത്രമല്ല അവന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതുവരെ അവൻ അടങ്ങിയിരിക്കുന്നതുമല്ല. മനുഷ്യരിൽനിന്ന് ഒരാൾപോലും എന്റെ കൂടെ ഇല്ലെങ്കിലും മലക്കുകൾ എന്റെ കൂടെയുണ്ടാകും. നിങ്ങൾ സാക്ഷ്യങ്ങൾ മറച്ചുവെക്കുകയാണെങ്കിൽ കല്ലുകൾ എനിക്കുവേണ്ടി സാക്ഷ്യം പറയുന്നകാലം ഇതാ വരുന്നു. അതുകൊണ്ട് സ്വന്തം ആത്മാക്കളോട് അക്രമം കാണിക്കാതിരിക്കുക. അസത്യവാദിയുടെ മുഖം ഒന്നുവേറെയാണ്. സത്യവാദിയുടെ മുഖം വേറെയാണ്. ഒരു കാര്യവും തീരുമാനം കൽപ്പിക്കാതെ അല്ലാഹു വിട്ടുകളയുകയില്ല. കളവും കറ്റുകെട്ടും നിറഞ്ഞ ജീവിതത്തെ ഞാൻ ശപിക്കുന്നു. അതുപോലെ സൃഷ്ടികളെ ഭയന്ന് സ്രഷ്ടാവിന്റെ കാര്യത്തിൽനിന്ന് മുഖം തിരിച്ചുകളയുന്നതിനേയും ഞാൻ ശപിക്കുന്നു. ഈ അത്യാവശ്യഘട്ടത്തിൽ എന്നെ അയച്ചുകൊണ്ട് അല്ലാഹു എന്നിൽ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ഒരിക്കലും ഞാൻ അലംഭാവം കാണിക്കുകയില്ല; സൂര്യൻ ഒരു ഭാഗത്തും ഭൂമി മറുഭാഗത്തും നിന്ന് എന്നെ ഞെരുക്കിക്കളയാൻ ശ്രമിച്ചാലുംശരി. മനുഷ്യൻ എന്താണ്? വെറും ഒരു കീടം. മനുഷ്യശരീരം എന്താണ്? വെറും ഒരു മാംസപിണ്ഡം. അങ്ങനെ വരുമ്പോൾ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്ക്കുന്നവനും മറ്റുള്ളവരെ നിലനിർത്തുന്നവനുമായ ദൈവത്തിന്റെ കല്പനകൾ നടപ്പിൽ വരുത്തുന്നതിൽ, ഈ കീടങ്ങളേയും മാംസപിണ്ഡങ്ങളേയും ഞാൻ എന്തിന് ഭയക്കണം? മുമ്പുള്ള പ്രവാചകർക്കും അവരെ കളവാക്കിത്തള്ളിയവർക്കുമിടയിൽ അവസാനം അല്ലാഹു തീരുമാനം കല്പിച്ചതുപോലെ ഇപ്പോഴും അവൻ തീരുമാനം കല്പിക്കുന്നതാണ്. അല്ലാഹുവിന്റെ വരിഷ്ഠദാസർ വരുന്നതിന് ഒരു കാലമുണ്ട്. അവർ പോവുന്നതിനും ഒരു കാലമുണ്ട്. ഒരു കാര്യം ഓർത്തിരിക്കുക. ഞാൻ വന്നത് അകാലത്തല്ല. അകാലത്ത് പോവുകയുമില്ല. അല്ലാഹുവിനോട് പോരിന് പുറപ്പെടേണ്ട. എന്നെ നശിപ്പിക്കാൻ നിങ്ങളെക്കൊണ്ടാവില്ല. (*സമീമ: തുഹ്ഫയേ ഗോൾഢവിയ്യ പേ: 13–14, വിവർത്തനം: നാസിർ അഹ്മദ്*)

# സൂറത്തുൽ ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

وَإِذْ أَخَذْنَا مِيثَاقَ بَنِي إِسْرَائِيلَ لَا
تَعْبُدُونَ إِلَّا اللَّهَ وَبِالْوَالِدَيْنِ إِحْسَانًا
وَذِي الْقُرْبَىٰ وَالْيَتَامَىٰ وَالْمَسَاكِينِ
وَقُولُوا لِلنَّاسِ حُسْنًا وَأَقِيمُوا الصَّلَاةَ
وَآتُوا الزَّكَاةَ ثُمَّ تَوَلَّيْتُمْ إِلَّا قَلِيلًا
مِنْكُمْ وَأَنْتُمْ مُعْرِضُونَ ﴿٨٣﴾

**84. "നാം ഇസ്റാ‌യിൽ സന്തതികളിൽനിന്ന് കരാർ വാങ്ങിയ സന്ദർഭവും (ഓർക്കുക). നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്, മതാപിതാക്കൾക്കും, അടുത്തബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും നിങ്ങൾ നന്മ ചെയ്യുക. ജനങ്ങളോട് നല്ല വാക്കു പറയുക, നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും ചെയ്യുക. എന്നിട്ട് നിങ്ങളിൽനിന്ന് ചുരുക്കം പേരൊഴികെ നിങ്ങൾ (എല്ലാവരും) വിമുഖരായി പിൻതിരിഞ്ഞുകളഞ്ഞു. "**

*പദാർത്ഥം*

وَإِذْ أَخَذْنَا നാം വാങ്ങിയ സന്ദർഭം مِيثَاقَ കരാറ് بَنِي إِسْرَائِيلَ ഇസ്രായീൽ സന്തതികൾ لَا تَعْبُدُونَ നിങ്ങൾ ആരാധിക്കരുത് إِلَّا اللَّهَ അല്ലാഹുവിനെ ഒഴികെ وَبِالْوَالِدَيْنِ മാതാപിതാക്കളോട് إِحْسَانًا നന്മ وَذِي الْقُرْبَىٰ അടുത്തബന്ധുക്കളോട് وَالْيَتَامَىٰ അനാഥരും وَالْمَسَاكِينِ അഗതികളും وَقُولُوا നിങ്ങൾ പറയണം لِلنَّاسِ ജനങ്ങളോട് حُسْنًا നല്ലത് وَأَقِيمُوا നിങ്ങൾ മുറപ്രകാരം അനുഷ്ഠിക്കുക (നിങ്ങൾ നിലനിർത്തുക) الصَّلَاةَ നമസ്ക്കാരം وَآتُوا നിങ്ങൾ നൽകുകയും ചെയ്യുക الزَّكَاةَ സക്കാത്ത് ثُمَّ تَوَلَّيْتُمْ പിന്നെ നിങ്ങൾ പിന്തിരിഞ്ഞു കളഞ്ഞു إِلَّا قَلِيلًا مِنْكُمْ നിങ്ങളിൽ നിന്ന് ചുരുക്കം പേർ ഒഴികെ وَأَنْتُمْ مُعْرِضُونَ നിങ്ങൾ തിരിഞ്ഞുകളയുന്നവരാണ്

*വ്യാഖ്യാനം*

ഇതിനുമുമ്പുള്ള ആയത്തുകളിൽ ജൂതന്മാർ അവരുടെ പ്രവാചകന്മാരുടെ കല്പനകളെ ഏതെല്ലാം വിധത്തിലാണ് ധിക്കരിച്ചതെന്നും ഇതിന്റെ ഫലമായി ഹസ്റത്ത് ഇബ്റാഹീം നബി(അ)നോട് ചെയ്ത വാഗ്ദാനം അവരിൽനിന്ന് മാറ്റുകയും ഇസ്ഹാഖ് കുടുംബത്തിന് ഇതേവരെ നൽകിപ്പോന്നിരുന്ന ആത്മീയ അനുഗ്രഹങ്ങൾ ഇനി മുതൽ ഇസ്മാഈൽ കുടുംബത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയാണെന്നും പറഞ്ഞിരുന്നു. തുടർന്നുള്ള ആയത്തുകളിൽ ജൂതന്മാർക്ക് നൽകപ്പെട്ടിരുന്ന കല്പനകളേയും കരാറുകളേയും അവർ ലംഘിച്ചതിനുള്ള ഉദാഹരണങ്ങളാണ് അല്ലാഹു വിവരിക്കുന്നത്. ജൂതന്മാർ ശപിക്കപ്പെടാനുള്ള കാരണം അവർ തിരുനബി(സ)യെ നിഷേധിച്ചു എന്ന ഒറ്റ കാരണം മാത്രമല്ലെന്നും നിരന്തരമുള്ള അവരുടെ നന്ദികേടും ധിക്കാരവുമാണ് അവരിൽനിന്ന് അനുഗ്രഹങ്ങൾ എടുത്തു മാറ്റാനുള്ള കാരണമെന്നും അല്ലാഹു വിവരിക്കുന്നു. ഈ ആയത്തിൽ ജൂതന്മാരോട് ചെയ്തിരുന്ന മീസാഖ് അഥവാ കരാറിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ കരാറ് ഒരു പ്രത്യേക കരാറല്ല. മറിച്ച്, ബനീഇസ്റാഈല്യരോട് വിവിധ ഘട്ടങ്ങളിൽ വാങ്ങിയ കരാറുക

ളാണ്. ഈ കരാറുകൾ എന്തുവിലകൊടുത്തും നടപ്പിൽ വരുത്തണമെന്ന് അവരോട് ഉറപ്പ് വാങ്ങിയിരുന്നു. ബൈബിളിൽ ഈ കരാറുകൾ ഒന്നിച്ച് ഒരു സ്ഥലത്ത് നമുക്ക് കാണാൻ സാധ്യമല്ല. വ്യത്യസ്ത സ്ഥലങ്ങളിലാണ് ഇത് പറഞ്ഞിട്ടുള്ളത്.

ഉദാഹരണത്തിന് അല്ലാഹുവിനെ കൂടാതെ മറ്റൊന്നിനേയും ആരാധിക്കരുതെന്ന തൗഹീദിലധിഷ്ഠിതമായ അദ്ധ്യാപനംതന്നെ. ഹസ്റത്ത് മൂസാനബി(അ)ക്ക് കിട്ടിയ പത്ത് കല്പനകളിൽപെട്ടതാണിത്.

"ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്. മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിക്കടിയിലോ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്. അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. എന്തെന്നാൽ, ഞാൻ നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവമാണ്. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറവരെ ഞാൻ ശിക്ഷിക്കും. എന്നാൽ എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണകാണിക്കും." (*പുറപ്പാട്, 20:3–6*)

മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുന്നതിനെക്കുറിച്ചും അവരോട് കല്പിച്ചിരുന്നു.

"നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക." (*പുറപ്പാട്, 20:12*) അടുത്ത ബന്ധുക്കളോട് നന്മ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ലേവ്യർ പുസ്തകത്തിൽ ഇങ്ങനെ കാണാം.

"ഏഷണി പറഞ്ഞുനടക്കുകയോ, അയൽക്കാരന്റെ ജീവനെ അപകടത്തിലാക്കുകയോ അരുത്. ഞാനാണ് കർത്താവ്. സഹോദരനെ ഹൃദയംകൊണ്ട് വെറുക്കരുത്. അയൽക്കാരനെ ശാസിക്കണം. അല്ലെങ്കിൽ അവൻ കാരണം നീ തെറ്റുകാരനാകും. നിന്റെ ജനത്തോട് പകയോ പ്രതികാരമോ പാടില്ല. നിന്നെപ്പോലെത്തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഞാനാണ് കർത്താവ്." (*ലേവ്യർ, 19:16–18*)

തൗറാത്തിൽ എല്ലാ ബന്ധുക്കളേയും സഹോദരൻ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

പുത്രഭാര്യമാരോട് നന്മ പ്രവർത്തിക്കേണ്ടതിനെക്കുറിച്ച് പറയുന്നു. "അവൻ അവളെ തന്റെ പുത്രന് ഭാര്യയായി നിശ്ചയിച്ചാൽ പുത്രിമാരോടെന്നപോലെ അവളോട് പെരുമാറണം. (*പുറപ്പാട്, 21:9*)

അയൽക്കാരോട് നന്മ പ്രവർത്തിക്കേണ്ടതിനെക്കുറിച്ച് ലേവ്യർ 19 അദ്ധ്യായം 13–ാം വചനത്തിൽ ഇപ്രകാരം കാണാം. "നിങ്ങളുടെ അയൽക്കാരെ മർദ്ദിക്കുകയോ കൊള്ളയടിക്കുകയോ അരുത്."

അനാഥരെക്കുറിച്ച് നിയമാവർത്തനം 14:29–ൽ ഇപ്രകാരം കാണാം. "നിന്റെ പട്ടണത്തിൽ താമസിക്കുന്ന നിനക്കുള്ളതുപോലെ ഓഹരിയും അവകാശവുമില്ലാത്ത, ലേവ്യരും പരദേശികളും അനാഥരും വിധവകളും വന്ന് അവ ഭക്ഷിച്ച് തൃപ്തിയടയട്ടെ. അപ്പോൾ നിന്റെ ദൈവമായ കർത്താവ് എല്ലാ പ്രവർത്തികളിലും നിന്നെ അനുഗ്രഹിക്കും."

അഗതികളെക്കുറിച്ച് നിയമാവർത്തനം 15:11–ൽ ഇപ്രകാരം കാണാം. "ഭൂമിയിൽ ദരിദ്രർ എന്നും ഉണ്ടായിരിക്കും. ആകയാൽ, നിന്റെ നാട്ടിൽ വസിക്കുന്ന അഗതിയും, ദരിദ്രനുമായ നിന്റെ സഹോദരനുവേണ്ടി കയ്യയച്ചു കൊടുക്കുക എന്ന് ഞാൻ നിന്നോട് കല്പിക്കുന്നു."

മനുഷ്യകുലത്തോട് നന്മ പ്രവർത്തിക്കുന്നതിനെക്കുറിച്ചുള്ള കല്പന നമുക്ക് ഇപ്രകാരം കാണാം.

"വ്യാജവാർത്ത പ്രചരിപ്പിക്കരുത്; കള്ളസാക്ഷ്യം നൽകി കുറ്റക്കാരന് കൂട്ടുനിൽക്കരുത്. ഭൂരിപക്ഷത്തോട് ചേർന്ന് തിന്മ ചെയ്യരുത്. ഭൂരിപക്ഷത്തോട് ചേർന്ന് നീതിക്കെതിരായി കോടതിയിൽ സാക്ഷ്യം നിൽക്കരുത്. വ്യവഹാരത്തിൽ ദിരദ്രന് പ്രത്യേക പരിഗണന നൽകരുത്. ശത്രുവിന്റെ കാളയോ കഴുതയോ വഴിതെറ്റിപ്പോകുന്നതു കണ്ടാൽ അതിനെ അവന്റെ അടുക്കൽ തിരിച്ചെത്തിക്കണം. നിന്നെ വെറുക്കുന്നവന്റെ കഴുത, ചുമടിനുകീഴെ വീണുകിടക്കുന്നത് കണ്ടാൽ, നീ കടന്നുപോകരുത്. അതിനെ എഴുന്നേൽപിക്കാൻ അവനെ സഹായിക്കണം. വ്യവഹാരത്തിൽ ദരിദ്രന് നീതി നിഷേധിക്കരുത്. തെറ്റായ കുറ്റാരോപണത്തിൽനിന്നും ഒഴിഞ്ഞുനിൽക്കുക. നിഷ്ക്കളങ്കരേയും, നീതിമാനേയും വധിക്കരുത്. (*പുറപ്പാട്, 23:1–7*)

നമസ്കാരം നിലനിർത്തുന്നതിനെക്കുറിച്ച് അവർക്ക് നൽകിയ കല്പന നിയമാവർത്തനം 13:4–ൽ ഇങ്ങനെ വന്നിട്ടുണ്ട്.

"നിങ്ങളുടെ ദൈവമായ കർത്താവിനെ അനുഗമിക്കുകയും ഭയപ്പെടുകയും ചെയ്യുവിൻ. നിങ്ങൾ അവിടുത്തെ കല്പനകൾ പാലിക്കുകയും വാക്കുകേൾക്കു

കയും അവിടുത്തെ സേവിക്കുകയും അവിടുത്തോടു ചേർന്നുനിൽക്കുകയും ചെയ്യണം.”

സക്കാത്ത് നൽകാനും കല്പനയുണ്ട്. “നീ നിന്റെ വയലിൽ ആറുവർഷം വിതച്ച് വിളവെടുത്തുകൊള്ളുക. ഏഴാം വർഷം അത് വിതയ്ക്കാതെ വെറുതെ കിടക്കട്ടെ. നിന്റെ ജനത്തിലെ ദരിദ്രർ അതിൽനിന്ന് ഭക്ഷ്യം ശേഖരിക്കട്ടെ. പിന്നെയും അവശേഷിക്കുന്നത് വന്യമൃഗങ്ങൾ തിന്നുകൊള്ളട്ടെ.

ജൂതന്മാർക്ക് ഇങ്ങനെയുള്ള എല്ലാ കല്പനകളും നൽകിയിരുന്നെങ്കിലും അതിനെയെല്ലാം അവർ പുറം തള്ളുകയും ധിക്കാരികളായിത്തീരുകയും ചെയ്തു. ഇസ്റായീൽ സന്തതികളുടെ അവസ്ഥയും അവർക്ക് ശിക്ഷ ലഭിക്കുവാനുള്ള കാരണവുമെല്ലാം ഇവിടെ വിവരിക്കുന്നതോടൊപ്പം മുസ്‌ലിംകൾക്ക് ഇതുമുഖേന ഒരു താക്കീതും കൂടി നൽകുന്നുണ്ട്. ജൂതന്മാർക്ക് നൽകിയ കല്പന ധിക്കരിച്ചതിന്റെ ഫലമായി അവർ ശിക്ഷയ്ക്ക് പാത്രമായി. അതുപോലെ നിങ്ങൾക്ക് നൽകുന്ന കല്പനകൾ ധിക്കരിക്കുകയാണെങ്കിൽ ഈ ശിക്ഷ നിങ്ങൾക്കും വന്നുചേരും.

എന്നാൽ ഇന്ന് മുസ്‌ലിംകളുടെ അവസ്ഥ എന്താണ്. യഹൂദികളിൽ ചിലർ ഏകദൈവ സിദ്ധാന്തം ഉപേക്ഷിച്ചുകൊണ്ട് ഹുസൈറിനെ ദൈവമായി വിശ്വസിച്ചു. യമനിലുള്ള ജൂതരുടെ സദുഖീ വിഭാഗക്കാർ ഇത്തരം വിശ്വാസികളാണ്. മുസ്‌ലിംകൾക്ക് അല്ലാഹു നൽകിയ പാഠം ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്നതായിരുന്നു. തൗഹീദിന്റെ പരിപാവനമായ സന്ദേശം. ഖേദകരമെന്ന് പറയട്ടെ ഏകദൈവസിദ്ധാന്തത്തിൽ ഏറ്റവും ഊന്നൽ നൽകേണ്ട മുസ്‌ലിംകൾപോലും അല്ലാഹുവിന്റെ മുന്നിൽ കുമ്പിടുന്നതുപോലെ കബറുകളുടെ മുമ്പിലും കുമ്പിടുന്നു. അടുത്തബന്ധുക്കളോടും, അഗതികളോടും അനാഥരോടും മാനവകുലത്തോട് പൊതുവിലും നന്മ പ്രവർത്തിക്കാൻ കല്പിക്കപ്പെട്ട മുസ്‌ലിംകൾ ഇന്ന് അതെല്ലാം കൈവെടിഞ്ഞിരിക്കുകയാണ്. നമസ്ക്കാരത്തിൽ കൃത്യനിഷ്ഠയില്ല. സകാത്ത് എന്നത് എന്തോ ഒരു കാട്ടികൂട്ടലായി മാറിയിരിക്കുന്നു. ജൂതന്മാർ ദൈവികകല്പനകളെ പിന്നാമ്പുറം തള്ളി പണ്ഡിതവചനങ്ങൾക്ക് ദൈവവചനങ്ങളേക്കാൾ ശ്രേഷ്ഠത നല്കിയതുപോലെ ഇന്ന് മുസ്‌ലിംകളും അല്ലാഹുവിന്റെ വചനങ്ങളെ പിമ്പുറം തള്ളിക്കൊണ്ട് പണ്ഡിതവചനങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ്. എന്നാൽ എല്ലാവരും ഇങ്ങനെയല്ല. അല്ലാഹു പറയുന്നു. ***ഇല്ലാ ഖലീലമ്മിൻഹും*** അവരിൽ കുറച്ചുപേർ കല്പനകൾ പാലിക്കുന്നവരായിട്ടുണ്ട്. മുഖം തിരിക്കാത്തവരായിട്ടുണ്ട്. അവർ നന്മയിൽ നിലനിൽക്കുന്നവർ തന്നെയാണ്.

ഈ ആയത്തിന്റെ പ്രതിപാദ്യശൈലി കൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇവിടെ ഒരോ കാര്യങ്ങളും ക്രമപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. ഇത് വിശുദ്ധ ഖുർആന്റെ ഒരു പ്രത്യേകത കൂടിയാണ്. ആദ്യം പറയേണ്ടത് ആദ്യംതന്നെ അത് പറയും.

അല്ലാഹുവിന്റെ ആരാധനയ്ക്കുശേഷം മാതാപിതാക്കളോട് നന്മ പ്രവർത്തിക്കാനാണ് ഇവിടെ പറയുന്നത്. കാരണം മാതാപിതാക്കളുടെ കാരുണ്യം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പ്രതിഛായയാണ്– യഥാർത്ഥ കാരുണ്യം ദൈവത്തിന്റേതാണ്. അതിന്റെ തണലിലാണ് മറ്റെല്ലാവരുമുള്ളത്.

തുടർന്ന് ഇവിടെ നൽകിയിരിക്കുന്ന ക്രമം അടുത്ത ബന്ധുക്കളോട് നന്മ പ്രവർത്തിക്കുക എന്നതാണ്. മാതാപിതാക്കൾ കഴിഞ്ഞാൽ ഓരോ വ്യക്തിയും കൂടുതൽ ബന്ധപ്പെടുന്നത് അടുത്തബന്ധുക്കളോട് തന്നെയായിരിക്കും. മാതാപിതാക്കൾ ഇല്ലെങ്കിൽ അവരുടെ സ്ഥാനം അലങ്കരിക്കുന്നവർ അടുത്ത ബന്ധുക്കളാണ്. അതിനുശേഷം പൊതുവേ ജനസമൂഹത്തോട് നന്മ പ്രവർത്തിക്കാൻ പറഞ്ഞതിൽ ആദ്യം എടുത്ത് പറഞ്ഞത് അനാഥരാണ്. കാരണം അവർ സഹായം അർഹിക്കുന്നവരാണ്. മാതാപിതാക്കളില്ലാത്ത കാരണത്താൽ ചെറുപ്രായത്തിൽതന്നെ അവർക്ക് അവരുടേതായ ആവശ്യങ്ങൾ നിർവ്വഹിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഏറ്റവും കൂടുതൽ ജനഗണത്തിൽ സഹായം ആവശ്യമുള്ളവർ അവർ തന്നെയാണ്. അവർ സമൂഹത്തിന്റെ അമൂല്യമായ അമാനത്താണ്. അവരെ പരിപാലിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതകൂടിയാണ്. തുടർന്ന് പറഞ്ഞത് അഗതികളെകുറിച്ചാണ്. ഇവർ ആവശ്യക്കാർ തന്നെയാണെങ്കിൽകൂടി മറ്റുള്ളവരുടെ മുമ്പാകെ തങ്ങളുടെ ആവശ്യങ്ങൾ വിവരിക്കാത്തവരും തങ്ങളുടെ ദരിദ്രാവസ്ഥ മറ്റുള്ളവരിൽനിന്ന് മറച്ചുവെക്കുന്നവരുമാണ്. അതുകൊണ്ട് ആവശ്യക്കാരെ കണ്ടറിഞ്ഞ് സഹായിക്കാൻ ഇവിടെ കല്പിച്ചിരിക്കുകയാണ്. തുടർന്ന് എല്ലാ മനുഷ്യരേയും ഉൾപ്പെടുത്തിയിരിക്കുന്നു.

ഇവിടെ വിശുദ്ധഖുർആൻ, ബൈബിളിൽ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന കല്പനകളേയും ഉടമ്പടികളേയും അതിന്റെ സ്ഥാനങ്ങളെ കണക്കിലെടുത്തുകൊണ്ട് ഒരു ക്രമത്തിൽ ഒരേസ്ഥലത്ത് ഒരുമിച്ചു കൂട്ടിയിരിക്കുകയാണ്.

وَإِذْ أَخَذْنَا مِيثَاقَكُمْ لَا تَسْفِكُونَ
دِمَاءَكُمْ وَلَا تُخْرِجُونَ أَنفُسَكُم مِّن
دِيَارِكُمْ ثُمَّ أَقْرَرْتُمْ وَأَنتُمْ
تَشْهَدُونَ ۝

**85. "നിങ്ങൾ അന്യോന്യം രക്തം ചിന്തുകയില്ലെന്നും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളുടെ ആളുകളെ പുറത്താക്കുകയില്ലെന്നും നാം നിങ്ങളോട് കരാർ വാങ്ങുകയും എന്നിട്ട് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊണ്ട് അത് സമ്മതിക്കുകയും ചെയ്തിരുന്ന അവസരവും (സ്മരിക്കുക) "**

---

*പദാർത്ഥം*

وَإِذْ أَخَذْنَا നാം വാങ്ങിയ സന്ദർഭം مِيثَاقَكُمْ നിങ്ങളുടെ കരാർ لَا تَسْفِكُونَ നിങ്ങൾ ചിന്തുകയില്ല دِمَاءَكُمْ നിങ്ങളുടെ രക്തം وَلَا تُخْرِجُونَ നിങ്ങൾ പുറത്താക്കുകയുമില്ല أَنفُسَكُمْ നിങ്ങളുടെ ആളുകളെ مِّن دِيَارِكُمْ നിങ്ങളുടെ വീടുകളിൽനിന്ന് ثُمَّ أَقْرَرْتُمْ പിന്നെ നിങ്ങൾ അത് സമ്മതിച്ചു وَأَنتُمْ تَشْهَدُونَ നിങ്ങൾ സാക്ഷ്യംവഹിച്ചുകൊണ്ട്

---

*വ്യാഖ്യാനം*

റസൂൽ(സ.അ) തിരുമേനിയുടെ കാലത്ത് ജൂതന്മാരിൽ കണ്ടിരുന്ന രണ്ട് സാമൂഹിക തിന്മകളെയാണ് ഈ ആയത്തിൽ എടുത്തുപറയുന്നത്. ഒന്ന് സ്വന്തം സമൂഹത്തിലുള്ളവരെ വധിക്കുക. ഇവിടെ നിങ്ങൾ പരസ്പരം കൊലവിളി നടത്തരുതെന്ന് യഹൂദികളോട് അല്ലാഹു കരാറ് വാങ്ങിയിരുന്നു. എന്നാൽ അതും നിങ്ങൾ ലംഘിക്കുകയാണുണ്ടായത്. നിങ്ങൾ നിങ്ങളുടെ രക്തം ചിന്തരുത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സ്വയം വധിക്കലല്ല മറിച്ച്, സ്വന്തം സമുദായത്തിലുള്ളവരെ വധിക്കലാണ്. കാരണം ഒരു സമൂഹത്തിലെ ഒരു വ്യക്തിയുടെ വധം ആ സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്നതായിരിക്കും. മറ്റൊരു കരാർ അവരിൽനിന്നും വാങ്ങിയിരുന്നത് സ്വന്തം വീടുകളിൽനിന്നും നിങ്ങളുടെ സമൂഹത്തെ ഇറക്കിവിടരുതെന്നായിരുന്നു. ഇതും അവർ ലംഘിക്കുകയുണ്ടായി.

കരാറുകളെ എല്ലാം ലംഘിക്കുന്ന ഒരു സമൂഹമായി നിങ്ങൾ മാറിയിരിക്കുകയാണ്. മുഹമ്മദ് നബിയെ നിഷേധിക്കുക മാത്രമല്ല നിങ്ങൾ ചെയ്തിരിക്കുന്നത്, മറിച്ച്, നിങ്ങളുടെ സ്വന്തം പ്രവാചകന്മാരുടെ കല്പനകളേയും കരാറുകളേയും നിങ്ങൾ നിഷേധിക്കുക കൂടി ചെയ്തതിന്റെ ഫലമായി ദൈവകോപത്തിന് നിങ്ങൾ ഇരയായിരിക്കുകയാണ്.

ഇവിടെ ശ്രദ്ധേയമായ മറ്റൊരു വിഷയം ഇതിനു തൊട്ടുമുമ്പിലുള്ള ആയത്തിൽ അല്ലാഹു ***വഇദ് അഖദ്നാ മീസാഖ ബനീ ഇസ്റാഈല*** നാം ഇസ്റാഈൽ സന്തതികളോട് കരാർ വാങ്ങിയ അവസരം ഓർക്കുക എന്ന് പറഞ്ഞുകൊണ്ട് കരാറ് ബനീഇസ്റായീല്യരോട് വാങ്ങി എന്ന് പറയുന്നു. എന്നാൽ ഈ ആയത്തിൽ ***വഇദ് അഖദല്ലാഹു മീസാഖക്കും*** നിങ്ങളോട് കരാർ വാങ്ങിയ സന്ദർഭം ഓർക്കുക എന്നാണ് പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ രണ്ടും ജൂതന്മാർ തന്നെയാണ്. പിന്നെ എന്തിന് ഇവിടെ വാക്കുകൾ മാറ്റിപ്പറഞ്ഞു എന്ന് നാം ചിന്തിക്കേണ്ടതാണ്.

വിശുദ്ധഖുർആന്റെ അമാനുഷികതക്കുള്ള ആയിരോപിആയിരം തെളിവുകളിൽ ഒന്ന് അതിന്റെ പദവിന്യാസം കൂടിയാണെന്ന് നാം മനസ്സിലാക്കണം. ചെറിയ ചെറിയ പദവ്യത്യാസങ്ങൾ മുഖേന ദീർഘമായി പ്രതിപാദിക്കേണ്ട കാര്യങ്ങൾ വളരെ ഹ്രസ്വമായി പഠിതാക്കളുടെ മുമ്പാകെ എത്തിക്കുകയാണ് ചെയ്യുന്നത്. ബനീഇസ്റായീൽ എന്ന് പറഞ്ഞുകൊണ്ട് ലോകത്തുള്ള എല്ലാ ജൂതന്മാരുടേയും മൊത്തത്തിലുള്ള അവസ്ഥയാണ് വിവരിക്കുന്നത്. എന്നാൽ 'നിങ്ങൾ' എന്ന് പറഞ്ഞുകൊണ്ട് ജൂതന്മാരാണെങ്കിൽകൂടി ഇവിടെ പറയുന്ന ഈ ദുർവൃത്തികൾ ഉള്ളത് മദീനയിലുള്ള ജൂതന്മാരിൽ ആണെന്ന് സൂചിപ്പിക്കാനാണ്.

ഇവിടെ ***വഅൻതും തശ്ഹദൂൻ*** എന്ന് അവസാനം പറഞ്ഞിരിക്കുന്നു. ചില കാര്യങ്ങളോട് മനുഷ്യന് തൃപ്തിയില്ലെങ്കിലും മാനസികമായ അടുപ്പമില്ലെങ്കിലും മറ്റുള്ളവരോടുള്ള ആദരവ് നിമിത്തം അംഗീകരിക്കുന്നു. പക്ഷെ, മാനസികമായി അവന് ഒരിക്കലും യോജിപ്പുണ്ടാവില്ല. എന്നാൽ ഇവിടെ അല്ലാഹു പറയുന്നത് ഈ കരാറുകൾ നിങ്ങൾ സ്വയം തൃപ്തിപ്പെട്ട് അംഗീകരിച്ചിട്ടുള്ളതാണ്. നിങ്ങൾ അതിന് സാക്ഷികളാണ്. നിങ്ങൾ സ്വയം സാക്ഷ്യം വഹിച്ചിട്ടുകൂടി നിങ്ങൾ ഇതിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്.

അവലംബം: Tafseere kabir Urdu Vol. II by The Second Head of the Ahmadiyya Jamath, Hazrat Bashiruddin Mahmood Ahmad, Kahalifathul Massih II

# ജൽസാസാലാനയും നമ്മുടെ ബാധ്യതകളും

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

*ഈ വരുന്ന 26,27,28 തിയ്യതികളിൽ ദാറുൽ അമാൻ ഖാദിയാനിൽ 113-ാം വാർഷിക സമ്മേളനം (ജൽസാ സാലാന) നടക്കുകയാണ്. ജൽസകളിൽ പങ്കെടുക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അമീറുൽ മുഅ്മിനീൻ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) കഴിഞ്ഞ യു.കെ. ജൽസാവേളയിൽ നമുക്ക് വിവരിച്ചുതരികയുണ്ടായി. അതാണിവിടെ പ്രതിപാദിക്കുന്നത്.*

**ജൽസയുടെ ഉദ്ദേശ്യം:-**

ജൽസയുടെ ഉദ്ദേശ്യത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂൽ(സ.അ)നോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോക യാത്രയോട് വെറുപ്പ് തോന്നാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്യുക എന്നതാണ്." ജൽസ വിളംബരം ചെയ്തു കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അതുകൊണ്ട് ആത്മസുഹൃത്തുക്കളായ എല്ലാവരും അല്ലാഹു ഇച്ഛിച്ചാൽ അവർക്ക് ആരോഗ്യവും ഒഴിവുമുണ്ടെങ്കിൽ, മറ്റു തടസ്സങ്ങളൊന്നുമില്ലെങ്കിൽ നിശ്ചിത തിയ്യതികളിൽ പങ്കെടുക്കുംവിധം വർഷത്തിൽ മൂന്ന് ദിവസം ജൽസയ്ക്കായി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു." (*ആസ്മാനിഫൈസല റൂഹാനിഖസാഇൻ, വാല്യം 4, പേ:351*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഹൃദയം പൂർണ്ണമായും പരലോകത്തിലേക്ക് കുനിയുംവിധം തുടരെത്തുടരെയുള്ള കൂടിക്കാഴ്ചകളിലൂടെ നമ്മുടെ ജമാഅത്തിലെ ആളുകളിൽ മാറ്റമുണ്ടാക്കിത്തീർക്കുക എന്നതാണ് ഈ ജൽസയുടെ അടിസ്ഥാന ലക്ഷ്യം. അവരിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകുകയും സ്വാത്മപരിത്യാഗത്തിലും, ഭയഭക്തിയിലും ദൈവഭയത്തിലും ദോഷങ്ങളിൽനിന്ന് അകന്നു നിൽക്കുന്നതിലും ദയാവായ്പിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് മാതൃകയാവുകയും വേണം. വിനയവും വിനീതവുമായ പെരുമാറ്റവും വിശ്വസ്തതയും ദീനീപരമായ കാര്യങ്ങൾക്ക് വേണ്ടി ഉത്സാഹവും അവരിൽ ഉണ്ടായിത്തീരണം. (*ശഹാദത്തുൽ ഖുർആൻ റൂഹാനി ഖസാഇൻ, വാല്യം 6, പേ:394-395*)

ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) പറയുന്നു: "നമ്മുടെ മതപരമായ അവസ്ഥ നന്നാക്കിത്തീർക്കുന്നതിനുവേണ്ടി ജൽസയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇതുമുഖേന റൂഹാനിയ്യത്ത് വർദ്ധിക്കും." (*ഖുത്ബ, 30.7.04*)

**ജൽസ കൊണ്ടുള്ള നേട്ടങ്ങൾ**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സാധിക്കുന്ന എല്ലാ സ്നേഹിതരും അല്ലാഹുവിനുവേണ്ടി ദൈവിക കാര്യങ്ങൾ ശ്രവിക്കാനും ദുആയിൽ ഭാഗഭാക്കാകാനും ഈ തിയ്യതികളിൽ ഇവിടെ എത്തിച്ചേരേണ്ടതാണ്. ഈ ജൽസയിൽ ദൃഢവിശ്വാസത്തിനും ദിവ്യജ്ഞാനത്തിനും കരുത്ത് പകരുന്നതിന്നാവശ്യമായ തത്വോദ്ബോധനവും ആദ്ധ്യാത്മികജ്ഞാനവും കേൾപ്പിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കും. ഇവിടെവരുന്ന സ്നേഹിതർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുന്നതും അവരെ പ്രത്യേകം ശ്രദ്ധിക്കുന്നതുമായിരിക്കും. അല്ലാഹു അവരെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റേതായി സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവർക്ക് നൽകുന്നതിനും വേണ്ടി കാരുണികരിൽ കാരുണികനായവന്റെ തിരുസന്നിധിയിൽ കഴിയുന്നത്ര പരിശ്രമനിരതനായിരിക്കും. ഓരോ വർഷവും ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും നിശ്ചിത തിയ്യതികളിൽ ഇവിടെ സന്നിഹിതരായി തങ്ങൾക്കു മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കാനും അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ബന്ധം അഭിവൃദ്ധിപ്പെടുത്താനും സാധിക്കുമെന്നത് ഈ ജൽസകൊണ്ടുള്ള ഒരു നേട്ടമാണ്.

ഈ കാലയളവിൽ ദുൻയാവിനോട് വിടപറഞ്ഞു പോകുന്ന നമ്മുടെ സഹോദരങ്ങളുടെ മഗ്ഫിറത്തിനു വേണ്ടി ജൽസയുടെ അവസരത്തിൽ ദുആ ചെയ്യുന്നതായിരിക്കും. എല്ലാ സഹോദരങ്ങളേയും ആത്മീയമായ നിലയിൽ ഏകോപിപ്പിക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും കപടതയും അവരുടെ ഇടയിൽനിന്ന് നിർമ്മാർജനം ചെയ്യുന്നതിനും വേണ്ടി പരിശ്രമിക്കുന്നതുമാണ്. ഈ ആത്മീയ പരമ്പരയിൽ മറ്റു ബഹുമുഖ ഫലങ്ങളും പ്രയോജനങ്ങളും ഉണ്ടായിരിക്കും. അത് സന്ദർഭോചിതം വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും." (*ആസ്മാനിഫൈസല റൂഹാനിഖസാഇൻ, വാല്യം 4, പേ:351-352*)

**ജൽസാപരിപാടികൾ ശ്രദ്ധാപൂർവ്വം കേൾക്കുക**

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) പറയുന്നു: "ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അല്ലാഹുവിലേക്ക് നമുക്കെത്തിച്ചേരാൻ ഉപകരിക്കുന്ന കാര്യങ്ങൾ കേൾക്കുന്നതിനുള്ള ഏർപ്പാട് ഈ ജൽസയിൽ ഉണ്ടായിരിക്കുന്നതാണ്. ജൽസയിൽ പങ്കെടുക്കുവാൻ വന്നിട്ടുള്ള ആളുകൾ മറ്റു മേളകളിൽ പങ്കെടുക്കുന്നതുപോലെയല്ല വന്നിട്ടുള്ളത്. അതുകൊണ്ട് ശ്രദ്ധിച്ച് എല്ലാ കാര്യങ്ങളും കേൾക്കേണ്ടതാണ്. ഇക്കാര്യത്തിൽ അലംഭാവം കാണി

ച്ചാൽ ഇവിടെ ഇരിക്കുന്നതുകൊണ്ട് ഒരു നേട്ടവും ഉണ്ടാകുകയില്ല. അതുകൊണ്ട് പണം ചെലവഴിച്ച് വിദേശങ്ങളിൽനിന്ന് വന്നിട്ടുള്ളവരും, അതുപോലെ ഇവിടെവന്ന് താമസിക്കുന്നവരും ജൽസയിൽ പ്രസംഗങ്ങൾ നടക്കുമ്പോൾ പൂർണ്ണമായും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. സശ്രദ്ധം ജൽസാ പരിപാടികൾ കേൾക്കേണ്ടതുമാണ്. (*ഖുത്ബ, 30.7.04*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു: "എല്ലാവരും സശ്രദ്ധം (ജൽസാ പരിപാടികൾ) കേൾക്കേണ്ടതാണ്. താൽപര്യത്തോടും ശ്രദ്ധയോടും കൂടി ഇത് കേൾക്കുക. കാരണം ഇത് ഈമാനിന്റെ– വിശ്വാസത്തിന്റെ പ്രശ്നമാണ്. ഇതിൽ കാണിക്കുന്ന അലസതയും, മടിയും അശ്രദ്ധയും വളരെ ദുഷിച്ച ഫലമുളവാക്കും. സംസാരിക്കുന്നവർ എത്ര ഉന്നത വ്യക്തികളാണെങ്കിലും അവർ പറയുന്ന കാര്യങ്ങൾ എത്രമാത്രം ഫലവത്തും സ്വാധീനമുളവാക്കുന്നതുമാണെങ്കിലും ശ്രദ്ധിച്ചുകേൾക്കുന്നില്ലെങ്കിൽ വിശ്വാസത്തിൽ അലസത കാണിക്കുന്നവർക്ക് അതൊട്ടും ഗുണം ചെയ്യുകയില്ല. അത്തരക്കാരെ കുറിച്ചാണ് അവർക്ക് ചെവിയുണ്ട് പക്ഷെ, കേൾക്കുന്നില്ല, ഹൃദയമുണ്ട് പക്ഷെ, ഗ്രഹിക്കുന്നില്ല എന്നു പറയുന്നത്. അതുകൊണ്ട് ഓർത്തുകൊള്ളുക. എന്താണോ പറയുന്നത് അത് സശ്രദ്ധം കേൾക്കുക. ശ്രദ്ധയോടെ കേൾക്കാത്തവൻ, ഫലം പ്രദാനം ചെയ്യുന്നവന്റെ കൂടെ ദീർഘകാലം താമസിച്ചാലും അവനൊരു ഫലവും ഉണ്ടാകുകയില്ല." (*അൽഹകം, 10.3.1902*)

**പ്രസംഗത്തിന് ഹരമില്ലെന്നോ?**

ഹുസൂർ പറയുന്നു: "ചിലപ്പോൾ പ്രസംഗത്തിനിടയിൽ ആളുകൾ വെളിയിൽ വന്നുനിൽക്കുന്നു. ചോദിച്ചാൽ ഇന്നയാളുടെ പ്രസംഗം ഒരു രസമില്ലാത്തതാണെന്നും അത് കേൾക്കാൻ കഴിയില്ലെന്നും പറയും. ഇതും ഒരുതരം അഹങ്കാരമാണ്. പ്രസംഗകൻ തീപൊരു പ്രസംഗം നടത്തിയാലും ഇല്ലെങ്കിലും തന്റെ വാക്കുകൾകൊണ്ട് നിങ്ങളെ ഹരം പിടിപ്പിച്ചാലും ഇല്ലെങ്കിലും പ്രസംഗം കേൾക്കേണ്ടതുതന്നെയാണ്. അതിലുള്ള വൈജ്ഞാനികവും ആത്മീയവുമായ കാര്യങ്ങൾ അന്വേഷിക്കുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്യേണ്ടതാണ്. വാക്കുകളും ശൈലികളും മാത്രം സ്വാധീനിക്കുന്നവർ ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. കാരണം അത് താൽക്കാലികമാണ്. സദസ്സിൽനിന്ന് എഴുന്നേറ്റുകഴിഞ്ഞാൽ അതിന്റെ സ്വാധീനം ഇല്ലാതാകുകയും ചെയ്യും. ഇത് ഒരഹ്മദിക്ക് ഒരിക്കലും ഉണ്ടാകാൻ പാടില്ല. (*ഖുത്ബ, 30.7.04*)

ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എല്ലാ സാഹിബുമാരും സശ്രദ്ധം കേട്ടുകൊള്ളുക. ഞാനെന്റെ ജമാഅത്തിനും എനിക്കും എന്റെ ആത്മാവിനും വേണ്ടി ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും, സാധാരണ പ്രസംഗങ്ങളിൽ കാണുന്ന വാചകക്കസർത്തുകളെ ഇഷ്ടപ്പെടാതിരിക്കുക എന്നതാണ്. പ്രസംഗകന്റെ മാസ്മര പദപ്രയോഗങ്ങളും, വാക്കുകളുടെ കനവും മാത്രം ഉൾക്കൊണ്ട് എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും അതുമാത്രമാണെന്ന് നിശ്ചയിക്കാൻ പാടില്ല. ഞാനത് ഇഷ്ടപ്പെടുന്നില്ല. കൃത്രിമമോ അഭിനയമോ ഇല്ലാത്തതിനെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്തുതന്നെ പ്രവൃത്തി ചെയ്യുകയാണെങ്കിലും അല്ലാഹുവിനുവേണ്ടി ചെയ്യുക എന്നതാണ് എന്റെ ഇംഗിതം. മുസ്ലിംകൾ അധഃപതിക്കാനുള്ള കാര്യവും ഈ കൃത്രിമത്വവും അഭിനയവുമാണ്. എത്രയെത്ര കമ്മിറ്റികളും മജ്ലിസുകളും സംഘടനകളും അവർക്കുണ്ട്. വലിയവലിയ പ്രസംഗകരും പ്രഭാഷകരുമുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും നിത്യേന അധഃപതനം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനു കാരണം ആ മജ്ലിസുകളിൽ വന്നുംപോയും ഇരിക്കുന്നവർ ആത്മാർത്ഥതയോടുകൂടി പങ്കെടുക്കുന്നില്ല എന്നതാണ്. (*മൽഫൂസാത്ത്, വാല്യം 1, പേ: 265–266, പുതിയ പതിപ്പ്*)

**അതേ പ്രാധാന്യം ഇന്നും**

ജൽസയിൽ നടക്കുന്ന പരിപാടികളെക്കുറിച്ച് ഹുസൂർ ഇപ്രകാരം അരുളി: "ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ആത്മജ്ഞാനോപദേശപരമായ കാര്യങ്ങൾ അവിടന്ന് നേരിട്ട് വിവരിക്കുകയാണുണ്ടായത്. അക്കാലത്ത് അതിന്റെയൊക്കെ യാഥാർത്ഥ്യങ്ങളും അറിയാൻ കഴിഞ്ഞിരുന്നു. എന്നാൽ, ഇപ്പോഴും അവിടന്ന് നൽകിയിട്ടുള്ള നിർദ്ദേശങ്ങളെ ഉൾക്കൊള്ളുകയും, അത് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് ആ വ്യാഖ്യാനങ്ങളനുസരിച്ച് തന്നെയാണ് മാശാഅല്ലാഹ് പണ്ഡിതന്മാർ നല്ല തയ്യാറെടുപ്പോടുകൂടി ജൽസ നടക്കുന്ന സ്ഥലങ്ങളിലെല്ലാം പ്രസംഗിക്കുന്നത്. പ്രഭാഷണങ്ങൾ നടത്തുന്നത്. അതുകൊണ്ട് ഇന്നും ആ ജൽസകളുടെ പ്രാധാന്യം നാം മുന്നിൽ വയ്ക്കേണ്ടതാണ്. അതേപ്രാധാന്യം തന്നെയാണ് ഇന്നുമുള്ളത്. പ്രസംഗങ്ങൾ നടക്കുമ്പോൾ നിശബ്ദരായിരുന്ന് അത് കേൾക്കേണ്ടതാണ്. (*ഖുത്ബ, 30.7.04*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ജൽസയിൽനിന്ന് ഇവ്വിധം ദീനീപരമായ നേട്ടം ലഭിക്കുന്നുണ്ടെന്നും, ജനങ്ങളുടെ നടത്തത്തിലും, സ്വഭാവത്തിലും ഇവ്വിധം നല്ല സ്വാധീനം ഇത് ചെലുത്തുണ്ടെന്നും മനസ്സിലാകാത്തിടത്തോളം, അനുഭവത്തിലൂടെ സാക്ഷി പറയാത്തിടത്തോളം കാലം, ഇങ്ങനെയുള്ള ജൽസകൾ നിരർത്ഥകമാണെന്ന് മാത്രമല്ല, പ്രത്യുത ഈ സമ്മേളനത്തിൽനിന്ന് സൽഫലം ഉണ്ടാവുകയില്ലെന്ന് അറിവ് ലഭിച്ചതിനുശേഷവും ഇത് സംഘടിപ്പിക്കുകയാണെങ്കിൽ ഇതൊരു പാപകൃത്യവും വഴികേടിന്റെ രീതിയും ദുഷിച്ച അനാചാരവുമായിരിക്കും. വർത്തമാനകാലത്തെ ചില പീർമാരെപ്പോലെ വെറും ബാഹ്യമായ സൗന്ദര്യം കാണിക്കുന്നവരെ ഓരുമിച്ചുകൂട്ടാൻ ഞാനൊരിക്കലും ആഗ്രഹിക്കുന്നില്ല. ഞാനിത് സംഘടിപ്പിച്ചിട്ടുള്ളതിന്റെ യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന്റെ സൃഷ്ടികളുടെ പരിഷ്ക്കരണമാണ്." (*ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ, വാല്യം 6, പേ:395*)

**സഹോദരന് മുൻഗണന നൽകുക**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തന്റെ

സുഖത്തെക്കാൾ തന്റെ സഹോദരന്റെ സുഖത്തിന് കഴിയുന്നത്ര മുൻതൂക്കം കൊടുക്കാത്തിടത്തോളം കാലം ഈമാൻ ശരിയായനില പ്രാപിക്കുകയില്ലെന്ന് ഞാൻ സത്യമായും പറയുന്നു. ക്ഷീണിതനും രോഗിയുമായ എന്റെ ഒരു സഹോദരൻ ആരോഗ്യവാനായ എന്റെ മുമ്പിൽ തറയിൽ കിടന്നുറങ്ങുമ്പോൾ ഞാൻ കട്ടിലിൽ കിടക്കുകയാണെങ്കിൽ എന്റെ കാര്യം കഷ്ടംതന്നെ. ഞാൻ എഴുന്നേൽക്കാതിരിക്കുകയും സ്നേഹത്തോടുകൂടി എന്റെ കട്ടിൽ അവന് കൊടുക്കാതിരിക്കുകയും തറയിൽ കിടന്നുറങ്ങുന്നത് ഞാനിഷ്ടപ്പെടാതിരിക്കുകയും ചെയ്താൽ എന്റെ കാര്യം കഷ്ടമാണ്. എന്റെ സഹോദരൻ രോഗിയും വേദനകൊണ്ട് പുളയുകയും ചെയ്യുമ്പോൾ ഞാൻ സമാധാനത്തോടുകൂടി ഉറങ്ങുകയും കഴിയുന്നത്ര അവനുവേണ്ടി ആശ്വാസം നൽകാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ എന്റെ കാര്യം പരിതാപകരംതന്നെ.

എന്റെ ഏതെങ്കിലും ദീനീസഹോദരൻ തന്റെ ശരീരേച്ഛയ്ക്കു വിധേയനായി എന്നോട് എന്തെങ്കിലും കയർത്തുസംസാരിക്കുകയും ഞാനും അവനോട് അതേ രീതിയിൽ പ്രതികരിക്കുകയും ചെയ്താൽ എന്റെ കാര്യം കഷ്ടമാണ്. ഞാൻ അവന്റെ ചെയ്തിയിൽ ക്ഷമിക്കേണ്ടതാണ്. എന്റെ നമസ്ക്കാരത്തിൽ കരഞ്ഞുകരഞ്ഞുകൊണ്ട് അവനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. കാരണം അവൻ എന്റെ സഹോദരനാണ്; ആത്മീയനിലയിൽ രോഗിയും. എന്റെ സഹോദരൻ സാധാരണക്കാരനും അറിവ് കുറഞ്ഞവനും, വിവരക്കേടും കൊണ്ട് എന്തെങ്കിലും കുറ്റം വന്നുപോയവനുമാണെങ്കിൽ, ഞാൻ അവനെ പരിഹസിക്കുകയും നെറ്റിചുളിച്ചുകൊണ്ട് വെറുപ്പ് പ്രകടിപ്പിക്കുകയും ദുഷ്ടലാക്കോടെ അവന്റെ ന്യൂനത വെളിപ്പെടുത്തുകയും ചെയ്താൽ അതെല്ലാം എന്റെ നാശത്തിനുള്ള വഴിയാണ്.

ഹൃദയം അലിവുള്ളതാകുകയും താൻ മറ്റുള്ളവരേക്കാൾ നിന്ദിതനാണെന്ന് സ്വയം മനസ്സിലാക്കുകയും അഹങ്കാരമെല്ലാം അകറ്റുകയും ചെയ്യുന്നതുവരെ ആരും യഥാർത്ഥ സത്യവിശ്വാസിയാകുകയില്ല. ജനതയുടെ സേവകനാകുക എന്നത് യജമാനൻ ആയിത്തീരുന്നതിനുള്ള അടയാളമാണ്. പാവപ്പെട്ടവരോട് വിനയത്തോടെ സംസാരിക്കുന്നത് ദൈവികസന്നിധിയിൽ സ്വീകാര്യനായിത്തീരാൻ പോകുന്നു എന്നതിന്റെ ലക്ഷണമാണ്. തിന്മയ്ക്ക് നന്മകൊണ്ട് മറുപടി നൽകുന്നത് സൗഭാഗ്യത്തിന്റെ അടയാളമാണ്. ദേഷ്യം കടിച്ചിറക്കുന്നതും കയ്പുള്ള കാര്യങ്ങൾ കുടിച്ചിറക്കുന്നതും ഉന്നതനിലയിലുള്ള വീരത്വമാണ്. (*ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ, വാള്യം 6, പേ:396*)

**ത്യാഗത്തിന് തയ്യാറായി വരിക**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സുഖസൗകര്യങ്ങൾ ലഭിക്കും, തണുത്ത ശർബത്ത് കിട്ടും നല്ല ഭക്ഷണം കിട്ടും എന്ന ഉദ്ദേശ്യത്തോടെയാണ് ഇവിടെ വരുന്നതെങ്കിൽ അതിന്റെ അർത്ഥം അവർ അതിനുവേണ്ടി മാത്രം വരുന്നുവെന്നാണ്. വാസ്തവത്തിൽ ആതിഥേയനാണ് കഴിവനുസരിച്ച് ഒരു കുറവും വരാതെ ഇളവുചെയ്തുകൊടുക്കേണ്ടത്; അവർക്ക് സുഖസൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതും ആതിഥേയർതന്നെ. അവർ അത് ചെയ്യുന്നുമുണ്ട്. എന്നാൽ അതിഥി സ്വയം അങ്ങനെയൊക്കെ തീരുമാനിക്കുന്നത് അയാൾക്ക് നഷ്ടമുണ്ടാകാൻ കാരണമായേക്കും." (*തഫ്സീർ, വാള്യം 3, പേ:543*)

ഹുസൂർ പറയുന്നു: "അതുകൊണ്ട് വരുന്ന അതിഥികൾ സദുദ്ദേശ്യത്തോടുകൂടി വരേണ്ടതാണ്. കിട്ടുന്ന സൗകര്യത്തിൽ ഈ ദിനങ്ങൾ കഴിച്ചുകൂട്ടേണ്ടതാണ്. ആ സൗകര്യം ചെയ്തതിന് അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടതുമാണ്. (*ഖുത്ബ, 30.7.04*)

**അതിഥികൾ ഈ ദുആ മറക്കരുത്**

ഹദീസിൽ വന്ന ഒരു ദുആയുണ്ട്. അതിഥികൾ ഇത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. ഹസ്റത്ത് ഖൗല ബിൻത്ത് ഹകീം(റ)യിൽനിന്ന് നിവേദനം. റസൂൽ(സ) പറയുന്നത് ഞാൻ കേട്ടു. "വല്ലവനും ഒരു വീട്ടിൽ താമസം ആരംഭിക്കുമ്പോഴോ അതല്ലെങ്കിൽ ഒരിടത്ത് തങ്ങുമ്പോഴോ '***അഊദുബികലിമത്തില്ലാഹിത്താമ്മാത്തി മിൻ ശർറി മാഖലഖ***' അല്ലാഹുവിന്റെ പരിപൂർണ്ണമായ വാക്യങ്ങളുടെ പേരിൽ അവന്റെ സൃഷ്ടികളുടെ ഉപദ്രവത്തെതൊട്ട് ഞാൻ കാവൽ അപേക്ഷിക്കുന്നു' എന്ന് പ്രാർത്ഥിച്ചാൽ തൽസ്ഥാനത്തുനിന്ന് അവൻ യാത്ര തിരിക്കുന്നതുവരെ ഒന്നും അവനെ ശല്യപ്പെടുത്തുകയില്ല."

**സലാം പറയൽ ശീലമാക്കുക**

ഒരിക്കൽ ഒരാൾ നബി(സ)യോട് ചോദിച്ചു. ഇസ്ലാമിൽ ഏറ്റവും പുണ്യകരമായത് ഏതാണ്? അവിടന്ന് പറഞ്ഞു: ആഹാരം നൽകലും പരിചിതർക്കും അപരിചിതർക്കും സലാം പറയലുമാകുന്നു അത്.

ഹുസൂർ പറയുന്നു: ഇങ്ങനെ സലാം പറയുമ്പോൾ പരസ്പരം സ്നേഹം വർദ്ധിക്കുന്നതാണ്. ഈ ജൽസയിൽ നിങ്ങൾ പരസ്പരം സലാം പറയുമ്പോൾ നാലു ഭാഗത്തും 'സലാം, സലാം' എന്ന ശബ്ദം മുഖരിതമാകും. അങ്ങനെ നിങ്ങളുടെ ഈ ജൽസ സ്നേഹത്തിന്റെ ദൂതരുടെ ജൽസയായിത്തീരുന്നതാണ്." (*ഖുത്ബ, 30.7.04*)

**ജൽസയിൽ പങ്കെടുക്കുന്നവർ ചുവടെ പറയുന്ന കാര്യങ്ങളും ശ്രദ്ധിക്കുക**

1. പള്ളികളിലും പള്ളിപരിസരങ്ങളിലും അതിന്റെ മര്യാദകളും പരിശുദ്ധിയും പാലിക്കുക.

2. ജൽസക്കുവേണ്ടി നിർമ്മിച്ചിരിക്കുന്ന പന്തലും പള്ളിക്ക് പകരമായിട്ടുള്ളതാണ്. എന്നല്ല, ഹ:മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ച് ജൽസാഗാഹിൽ (സമ്മേളന നഗരി) മുഴുവൻ ശുചിത്വം പാലിക്കേണ്ടതാണ്.

3. ഈ ദിനങ്ങളിൽ ദിക്റെ ഇലാഹിയിൽ (ദൈവസ്മരണ) മുഴുകുകയും സ്വലാത്ത് ചൊല്ലുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)ന്റെയും വർത്തമാനങ്ങളാണ് ഈ ദിനങ്ങളിൽ ഉണ്ടാവേണ്ടത്.

4. കൃത്യതയോടും, ശ്രദ്ധയോടുംകൂടി ജമാഅത്തായ നമസ്ക്കാരത്തിൽ പങ്കെടുക്കുക.

5. ജൽസാ പരിപാടികൾ നടക്കുമ്പോൾ കുട്ടിക

ളുടെ ഒച്ചയും ബഹളവും ഉണ്ടാവാൻ പാടില്ല. ഡ്യൂട്ടിയിലുള്ളവരും മാതാപിതാക്കളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. അനഹ്മദികളുടെ പ്രസംഗം ജൽസയിൽ കേൾക്കുമ്പോൾ നിങ്ങൾക്ക് ആശംസകൾ നേരണമെന്നുണ്ടെങ്കിൽ കൈയടിക്കുന്നതിനുപകരം നമ്മുടെ പതിവനുസരിച്ച് '***നഅ്‌റ***' വിളിക്കുകയും '***മാശാഅല്ലാഹ്***' തുടങ്ങിയവ പറയുകയും ചെയ്യുക. കൈയ്യടിക്കുന്നത് നമ്മുടെ രീതിയല്ല. നമ്മുടേതായ ചില രീതികളുണ്ട്. അതാണ് പാലിക്കേണ്ടത്.

7. ***നഅ്‌റ*** വിളിക്കുമ്പോൾ ഓരോരുത്തരും അവരുടെ ഇഷ്ടത്തിനനുസരിച്ച് വിളിക്കാതിരിക്കുക. സംഘാടകർ ചിലരെ ഏല്പിച്ചിട്ടുണ്ട്. ആവശ്യമുള്ളപ്പോൾ അവർ ***നഅ്‌റ*** വിളിക്കുന്നതാണ്.

8. ജൽസ നടക്കുമ്പോൾ ഡ്യൂട്ടിക്കാർക്ക് ആ സമയത്ത് ഡ്യൂട്ടിയില്ലെങ്കിൽ അവരും ജൽസ പരിപാടികൾ വന്ന് കേൾക്കേണ്ടതാണ്.

9. നമസ്ക്കാരം തുടങ്ങുന്നതിനു മുമ്പേ ജൽസാനഗരിയിൽ കടന്നിരിക്കേണ്ടതാണ്.

10. വളരെ പ്രധാനപ്പെട്ട ഫോൺകാൾ വരുന്നവരുണ്ടെങ്കിൽ മാത്രം മൊബൈൽ ഫോൺ വെക്കുക. ഫോണിന്റെ ശബ്ദം കുറക്കണം. വൈബ്രേഷനിലൂടെ ഫോൺ വന്നിട്ടുണ്ടെന്ന് മനസ്സിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

11. ജൽസ നടക്കുമ്പോൾ കടകൾ അടച്ചിടേണ്ടതാണ്. അതിഥികളും ഇത് കേട്ടുകൊള്ളുക. എല്ലാ കച്ചവടക്കാരും ജൽസാ പരിപാടികൾ കേൾക്കേണ്ടതാണ്. സാധനം വാങ്ങാൻ ആരും അവിടെ പോകാൻ പാടില്ല.

12. അനാവശ്യ സംസാരം ഒഴിവാക്കുക. പരസ്പര സംസാരത്തിൽ മിതത്വവും മര്യാദയും പാലിക്കുക. കടുപ്പമേറിയതും കയ്പേറിയതുമായ സംസാരത്തിൽ നിന്ന് വിട്ടുനിൽക്കേണ്ടതാണ്. സംസാരത്തിൽ മറ്റുള്ളവരുടെ വികാരത്തെയും മാനിക്കണം.

13. കൂടിയിരുന്ന് സൊറ പറഞ്ഞ് രസിക്കുന്ന ശീലം ഉപേക്ഷിക്കുക. അത് നല്ലതല്ല.

14. വിവിധ ഭാഷക്കാർ ഈ ജൽസയിൽ പങ്കെടുക്കുന്നുണ്ട്. നിങ്ങൾ സംസാരിക്കുന്ന ഭാഷ അവർ അറിഞ്ഞുകൊള്ളണമെന്നില്ല. അടുത്തുകൂടെ നടന്നുപോകുന്നവർ, തന്നെ കുറിച്ചാണ് സംസാരിക്കുന്നതെന്ന് ധരിച്ചുപോകാനിടയുണ്ട്. തന്നെ പരിഹസിക്കുകയാണെന്ന് കരുതാനിടയുണ്ട്. അന്തരീക്ഷം നന്നാക്കി നിലനിറുത്താൻ ഇക്കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

15. ശുചിത്വം പ്രത്യേകം ശ്രദ്ധിക്കുക. ടോയ്‌ലറ്റ് തുടങ്ങിയവ വൃത്തിയായി സൂക്ഷിക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. ജോലിക്കാരുടെ അസാന്നിദ്ധ്യത്തിൽ സ്വയം അത് വൃത്തിയാക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. പരസ്പരം സഹായിക്കുന്നതുകൊണ്ട് നഷ്ടവും ഉണ്ടാവുകയില്ല. ജോലിക്കാർ വന്നിട്ട് ചെയ്തുകൊള്ളും, അവരെക്കുറിച്ച് ഞാൻ പരാതിപ്പെടും, സംഘാടകർ അവരോട് ചോദിക്കും, എന്നിട്ട് അവർ വൃത്തിയാക്കും എന്ന നിലപാടൊന്നും ശരിയായതല്ല. ചെറിയ ചെറിയ കാര്യങ്ങളാണെങ്കിൽ തന്നത്താൻ ചെയ്യേണ്ടതാണ്. കാരണം പകുതി ഈമാൻ എന്നാണ് വൃത്തിയെക്കുറിച്ച് ഹദീസിൽ വന്നിട്ടുള്ളത്.

16. സ്ത്രീകൾ പർദ്ദ പാലിക്കേണ്ടതാണ്. തിരക്കുള്ള സമയത്ത് സ്ത്രീകളേയും പുരുഷന്മാരേയും പ്രത്യേകം പ്രത്യേകം വഴിയിലൂടെ തിരിച്ചുവിടേണ്ടതാണ്.

17. നമസ്ക്കരിക്കാൻ പ്രായമായ കുട്ടികൾക്ക് തൊപ്പി ധരിക്കുന്ന ശീലമുണ്ടാക്കണം. നമ്മുടെ ജമാഅത്തിന്റെ ഒരു രീതിയാണിത്. ചെറിയ പെൺകുട്ടികൾ ചെറിയ തട്ടം തലയിലിടേണ്ടതാണ്.

18. അതിഥികൾ അച്ചടക്കം പാലിക്കുകയും സംഘാടകരോട് സഹകരിക്കേണ്ടതുമാണ്. അവരെ പൂർണ്ണമായും അനുസരിക്കുക. കുട്ടികളോട് ഡ്യൂട്ടിയിലുള്ളവർ എന്തെങ്കിലും പറഞ്ഞാൽ കുട്ടികളെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുന്നതിനുപകരം ഡ്യൂട്ടിയിലുള്ളവരുടെ നേർക്ക് ചില ഉമ്മമാർ തിരിയാറുണ്ട്. അങ്ങനെയുള്ള ഉമ്മമാർ കേട്ടുകൊള്ളുക. അവർക്ക് ഡ്യൂട്ടിയിലുള്ളവരോട് സഹകരിക്കാൻ വയ്യെങ്കിൽ ജൽസ നടക്കുമ്പോൾ പന്തലിൽ വരാതിരിക്കേണ്ടതാണ്.

19. ഭക്ഷണം പാഴാക്കിക്കളയരുത്. ഉരുളക്കിഴങ്ങ് ഇഷ്ടമില്ലെങ്കിൽതന്നെ നിർബന്ധിതനായി അതുതിന്നുക. പാഴാക്കിക്കളയരുത്.

20 ചിലപ്പോൾ ചെറിയ ചെറിയ കാര്യങ്ങൾ പരസ്പരം തമാശയ്ക്കായി ചെയ്യാറുണ്ട്. അതും ചിലപ്പോൾ വൻകലഹത്തിൽ കലാശിക്കാനിടയുള്ളതുകൊണ്ട് അതും വർജ്ജിക്കുക

21. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ പ്ലേറ്റുകൾ വെക്കേണ്ട സ്ഥലത്ത് വെക്കുക.

22. ഇത് ജമാഅത്തി ജൽസയാണ്. കച്ചവടമോ ഫാഷൻ പ്രദർശനമോ അല്ല ഇവിടെ വരുന്നതിന്റെ ഉദ്ദേശ്യം. സ്ത്രീകൾ കൂടിച്ചേരുമ്പോൾ വാതോരാതെ സംസാരിക്കും. അതിൽനിന്നും വിട്ടുനിൽക്കുക.

23. സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ശ്രദ്ധ ആവശ്യമാണ്. ചുറ്റുപാടുകൾ വീക്ഷിച്ചുകൊണ്ടിരിക്കുക. ഇത് ഓരോരുത്തരുടേയും ബാധ്യതയാണ്. സംശയമുണ്ടായാൽ ഉടനെ ബന്ധപ്പെട്ടവരെ അറിയിക്കുക. വഴക്കുണ്ടാകുന്നവിധം നേരിട്ട് ഒരിക്കലും അത്തരം കാര്യങ്ങളിൽ ഇടപെടരുത്.

24. ചില വാർത്തകളുടെ അടിസ്ഥാനത്തിൽ സംഘാടകർ ചിലപ്പോൾ ചെക്കിംഗ് കടുപ്പമാക്കാറുണ്ട്. അത്തരം ഘട്ടങ്ങളിൽ അവരോട് പൂർണ്ണമായും സഹകരിക്കേണ്ടതാണ്; പ്രത്യേകിച്ച് സ്ത്രീകൾ.

25. നിങ്ങൾക്ക് നൽകിയിട്ടുള്ള കാർഡുകൾ എപ്പോഴും കൈയിൽ സൂക്ഷിക്കുക. കാർഡ് കളഞ്ഞുപോയാൽ ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്. ആരുടെ കാർഡാണ് കളഞ്ഞുപോയതെന്ന് സംഘാടകർക്ക് അറിയാൻ കഴിയും. ആരെങ്കിലും അത് ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് മനസ്സിലാക്കാനും കഴിയും. നിങ്ങൾക്ക് കാർഡ് ലഭിക്കുകയും ചെയ്യും.

26. വിലപിടിച്ച സാധനങ്ങൾ സ്വയം സൂക്ഷിക്കുക.

27. ഈ ദിനങ്ങൾ കൂടുതലും ദുആയിൽ കഴിച്ചുകൂട്ടുക. (*ഖുത്ബ, 30.7.04*) ●

ലേഖനം

# ഖാദിയാൻ എന്ന പുണ്യകേന്ദ്രം

എൻ. അബ്ദുർറഹീം

കുറുക്കന്മാരുടെയും കുറുനരികളുടേയും ആവാസകേന്ദ്രം. നാഗരികത എത്തിനോക്കീട്ടില്ലാത്ത ഒരു കുഗ്രാമം. കുണ്ടും കുഴിയും കുറ്റിക്കാടുകളും നിറഞ്ഞുനിൽക്കുന്ന പ്രദേശം. ദുർഗമങ്ങളായ നടപ്പാതകൾ. മൺകട്ടവീടുകളും പുല്ലുമേഞ്ഞ കുടിലുകളുമല്ലാതെ ഇഷ്ടികകൾകൊണ്ട് പടുത്ത കെട്ടിടങ്ങൾ കാണാൻ പ്രയാസം. വെള്ളം ഊർന്നുപോകാത്ത കളിമൺ ഭൂമിയിൽ മഴ ചാറിയാൽ ഉടൻ വെള്ളപ്പൊക്കം. സിക്ക്കർഷകരുടെ എരുതുകൾ കടന്നുനീങ്ങുമ്പോൾ വൃത്തിഹീനത നിറഞ്ഞുനിൽക്കും. ഗ്രാമം വിട്ടാൽ കണ്ണെത്താത്ത നീണ്ട വയലേലകൾ. ഇടയ്ക്ക് കരിമ്പിൻതോട്ടങ്ങൾ. എങ്ങും വിജനമൂകം. താലൂക്ക് കേന്ദ്രമായ ബട്ടാലയാണ് അടുത്ത നഗരം. അവിടെനിന്നു തീവണ്ടിയിൽ നാലഞ്ചുനാഴിക നീങ്ങിയാൽ ചക്രവാളത്തിൽ ഒരു വെള്ളപ്പുകപോലൊരു സ്തൂപം കണ്ണിൽപെടും. അത് തെളിഞ്ഞു തെളിഞ്ഞുവരുമ്പോൾ ഒരു മിനാരമാണെന്ന് തിരിച്ചറിയാം. അതെ, അതാണ് മിനാരത്തുൽ മസീഹ്! മസീഹിന്റെ ജന്മസ്ഥലം എത്താറായി. ലോകപ്രസിദ്ധമായിത്തീർന്ന ഖാദിയാൻ എന്ന പുണ്യനഗരം.

ഈ കുഗ്രാമത്തിലാണ് വാഗ്ദത്തമഹ്ദിഇമാം, മസീഹിബ്നു മർയം, ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പിറന്നത്. റെയിൽബന്ധമുണ്ടാകുന്നതിനു മുമ്പ് ബട്ടാലയിൽനിന്ന് കുതിരയെ പൂട്ടിയ 'യക്ക'യിൽ ചാഞ്ഞും ചരിഞ്ഞും യാത്രചെയ്ത് ഖാദിയാനിലെത്താം. കാറോ മറ്റു യന്ത്രവാഹനങ്ങളോ കാണാൻ പോലുമില്ല. മെല്ലെ ഒരു ഗ്രാകരമായി മാറിയ ഈ കുഗ്രാമത്തിലിരുന്നുകൊണ്ടാണ് മഹ്ദീ മസീഹ്(അ) ലോകത്തെ മുഴുവനും ഒറ്റയ്ക്ക് വെല്ലുവിളിച്ചത്. തപാലാപ്പീസില്ല, ഫോൺ ബന്ധമില്ല, സ്കൂളില്ല, ആസ്പത്രിയില്ല. ഒരു സർക്കാർ ആപ്പീസുമില്ല!

'മൈ ത്ഥാ ഗരീബൊ ബേകസൊ ഗുംനാമൊ ബേഹുനർ

കോയീന ജാന്താ ത്ഥാ കെ ഹൈ ഖാദിയാൻ കിധർ'

(ഞാനൊരു പാവം നിസ്സഹായൻ, അറിയപ്പെടാത്തവൻ, കഴിവറ്റവൻ ആയിരുന്നു. ഖാദിയാൻ എവിടെയാണെന്നുപോലും ആർക്കും അറിഞ്ഞുകൂടായിരുന്നു).

ലോകത്തിന്റെ ശ്രദ്ധ ഖാദിയാനിലേക്ക് തിരിഞ്ഞു. ലോകത്തിന്റെ അറ്റങ്ങളിൽനിന്നും ആളുകൾ അവിടെത്തേക്ക് പ്രവഹിച്ചുതുടങ്ങുമെന്ന പ്രവചനം പുലർന്നുതുടങ്ങി. ആ പുണ്യഭൂമിയെ ചുംബിക്കുവാൻ ഭൂമിയുടെ അറ്റങ്ങളിൽനിന്ന് പതിനായിരങ്ങൾ വന്നെത്തുമെന്ന പ്രവചനം യാഥാർത്ഥ്യമായി മാറുകയായിരുന്നു. 1926–ലാണ് അവിടെ റെയിൽബന്ധം ഏർപ്പെടുത്താൻ റെയിൽവെ ബോർഡ് തീരുമാനിച്ചത്. ബട്ടാലയിൽനിന്ന് ഖാദിയാനിലേക്ക് പുതിയൊരു ബ്രാഞ്ച് ലൈൻ ആരംഭിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ തലസ്ഥാനമെന്ന പ്രത്യേകത മാത്രമെ ഖാദിയാന്നുണ്ടായിരുന്നുള്ളൂ.

ജർമൻ സഞ്ചാരിയായ ഫ്രെഡറിക് വാഗ്നർ പറഞ്ഞത് 'തഅസ്സുറാത്തെ ഖാദിയാൻ' എന്ന പുസ്തകത്തിൽ രേഖപ്പെട്ടുകിടക്കുന്നു. "ലോകത്തെ പല പ്രദേശങ്ങളും നഗരങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ട്. അവയിൽ വീണ്ടും വീണ്ടും കാണാൻ ഞാൻ ആഗ്രഹിക്കുന്ന സ്ഥലങ്ങളിൽ ഒന്ന് ഖാദിയാൻ ആണ്.'' എന്താണ് ഖാദിയാന്റെ ആകർഷണം? അതൊരു ആത്മീയകേന്ദ്രമാണ്. കാലഘട്ടത്തിലെ നബി പിറന്നത് അവിടെയാണ്. പ്രവചിക്കപ്പെട്ട 'കദ്അ' ദിമിശ്കിന് (Damascus) കിഴക്ക് ഒരേ അക്ഷാംശരേഖയിൽ സ്ഥിതിചെയ്യുന്നു. അങ്ങനെയാണ് ഹദീസിൽ ആ സ്ഥലത്തെ വിവരിച്ചിട്ടുള്ളത്. അവിടെ പ്രത്യക്ഷപ്പെടുന്ന മഹ്ദി ഇമാം വാളെടുത്തു അരികുലത്തെ അരിഞ്ഞിടുമോ? ഇല്ല! പക്ഷെ, മഹ്ദി ഇമാം യുദ്ധം ചെയ്യും; ആത്മീയ യുദ്ധം! അതൊരു ആയുധപ്പുരയാണ്. "അസാദ്ധ്യത്തെ സാധ്യമാക്കി ചെയ്യാൻ തയ്യാറാക്കിയ ഒരു ആയുധപ്പുര!" അങ്ങനെയാണ് പ്രസിദ്ധനായ ഒരു ക്രിസ്തീയ പുരോഹിതൻ ഖാദിയാനെ പരിചയപ്പെടുത്തിയത്. ആ ആയുധപ്പുരയിൽ വാളുകളും തോക്കുകളുമില്ല. കുരിശിനെ ഉടയ്ക്കുവാനുള്ള പ്രത്യയശാസ്ത്രങ്ങളുടെ വെടിമരുന്നറയാണവിടം.

### അല്പം ചരിത്രം

സമർക്കന്ത് കേന്ദ്രമാക്കി വസിച്ചുപോന്നിരുന്ന ഒരു മുകിള കുടുംബത്തിലെ പ്രമുഖനായ മീർസാ ഹാദീ ബേഗിന്റെ പിന്തുടർച്ചക്കാർ ഖാദിയാൻ ഉൾപ്പെട്ട പ്രദേശം അധീനപ്പെടുത്തി അവിടെ പ്രവാസമുറപ്പിച്ചു. ബാബർ ചക്രവർത്തിയുടെ കാലത്ത് ക്രിസ്ത്വാബ്ദം 1530–ൽ അമീർ തൈമൂറിന്റെ പിതൃവ്യനായ ഹാജി ബർലാസിന്റെ വംശപരമ്പരയിൽപെട്ട മിർസാ ഹാദീ ബേഗാണ് ലാഹോറിൽനിന്ന് 70 നാഴിക വടക്കുകിഴക്ക് ബിയാസ് നദീതീരത്തിലെ ഒരു വനപ്രദേശത്ത് താമസമാക്കിയത്. മിർസാ ഹാദീബേഗിന്റെ കുടുംബപരമ്പരയിലാണ് വാഗ്ദത്ത മസീഹ്(അ) ജനിച്ചത്. ബർലാസ് വംശം ഈറാനി ആണ്. ബർലാസിന്റെ വംശം പേർഷ്യയിൽനിന്നാകയാൽ ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ) പേർഷ്യൻ വംശജനായി. '***യാ അബ്നാഅൽ ഫാരിസ്***' എന്ന് തനിയ്ക്ക് ഒരു വെളിപാടുണ്ടായപ്പോഴാണ് താൻ ഫാർസി വംശജനാണെന്ന് അവിടുന്ന് മനസ്സിലാക്കിയത്. *ഖുദിത്തൗഹീദത്തൗഹീദു യാ അബ്നഅൽ ഫാരിസ്!*

പേർഷ്യൻവംശജനായ മീർസാഹാദീബേഗ് ബാബറോടൊപ്പമോ തൊട്ടുപിന്നാലെയോ ആണ് ഇന്ത്യയിലെത്തിയത്. അദ്ദേഹത്തോടൊപ്പം കുടുംബാംഗങ്ങളായി 200 പേർ ഉണ്ടായിരുന്നു. ബാബർ ചക്രവർത്തി നൂറുകണക്കിൽ ഗ്രാമങ്ങളടങ്ങിയ ഒരു പ്രദേശം മിർസാ ഹാദീബേഗിന് ജാഗീറായി നൽകുകയും ആ പ്രദേശത്തെ ഖാസിയായി നിശ്ചയിക്കുകയും ചെയ്തു. ഹാദിബേഗ് ആ പ്രദേശത്തിന് ഇസ്ലാംപൂർ എന്നു പേരിട്ടു. അത് പിന്നീട് 'ഇസ്ലാംപൂർ ഖാസി' ആയിത്തീർന്നു. ഖാസിയായി ചുരുങ്ങിയ ആ പ്രദേശത്തിന്റെ പേർ ഖാസിയായും പിന്നീട് ഖാദിയാൻ ആയും മാറി. 1716 –ൽ മുകൾ ചക്രവർത്തിയായിരുന്ന ഫാർറൂഖ് സിയാർ ഖാദിയാൻ പ്രദേശത്തിന്റെ അധികാരിക്ക് 'ഹഫ്ത് ഹസാരി' എന്ന സ്ഥാനം നൽകി. 7000 പട്ടാളക്കാരടങ്ങുന്ന ഒരു സൈന്യവ്യൂഹത്തെ വെച്ചുകൊള്ളാമെന്നതാണ് ***ഹഫ്ത് ഹസാരി*** എന്ന സ്ഥാനത്തിന്റെ പ്രത്യേകാധികാരം. (ഹഫ്ത്–ഏഴ് ഹസാർ– ആയിരം) ***അസദുദ്ദൗല*** എന്ന ബഹുമതിമുദ്രയും ലഭിക്കുകയുണ്ടായി. ഹസ്റത്ത് അഹ്മദ്(അ)ന്റെ പ്രപിതാമഹനായിരുന്ന മിർസാ ഫൈസ് മുഹമ്മദ് പ്രബലനും പ്രസിദ്ധനുമായ ഒരു ഭരണാധികാരിയായിരുന്നു. ദില്ലിയിൽ മുകൾഭരണം തകർന്നപ്പോൾ 60 നാഴിക ചുറ്റളവുള്ള ഖാദിയാൻ പ്രദേശത്തിന്റെ അധികാരം മിർസാ ഗുൽമുഹമ്മദ് സ്വന്തത്തിൽ നിലനിർത്തി. ഖാദിയാൻ പ്രദേശത്തിലെ ഭക്താന്തരീക്ഷം കാരണമായി ആ പ്രദേശത്തെ 'മക്ക' ആയി അക്കാലത്ത് അറിയപ്പെട്ടിരുന്നു എന്ന് ചരിത്രരേഖകളിൽ കാണുന്നു. മിർസാ ഗുൽമുഹമ്മദ് അസാമാന്യമായ മനക്കരുത്തുള്ള ആളായിരുന്നു. വിശുദ്ധിയും ധൈര്യവും ഭക്തിയും ശൗര്യവീര്യങ്ങളും ഔദാര്യവും എല്ലാം ഒത്തിണങ്ങിയ ഒരു ഭരണാധികാരി.

മിർസാ ഗുൽമുഹമ്മദിന്റെ മകനായ അത്താമുഹമ്മദിന്റെ കാലത്ത് സിക്കുകാർ പഞ്ചാബിൽ പ്രബലരായി. സിക്കുകാർ അയൽപ്രദേശങ്ങൾ ആക്രമിച്ചു കൈക്കലാക്കി. ചുറ്റുമുള്ള മുസ്ലിംകൾക്ക് ഖാദിയാൻ മാത്രമായിരുന്നു ഏക ആശാകേന്ദ്രം. 22 അടി ഉയരത്തിലും 18 അടി വീതിയിലും ആ പ്രദേശം മതിൽ കെട്ടി ഒരു കോട്ടയുടെ രൂപത്തിൽ സുരക്ഷിതമാക്കിയിരുന്നു. കോട്ടമതിലിൽ 4 ഗോപുരങ്ങളും ഉണ്ടായിരുന്നു. ബട്ടാലി, പഹാഡി, മുറി, നംഗി എന്നീ പേരുകളിൽ അറിയപ്പെട്ട നാലു ഗോപുരവാതിലുകളും ഉണ്ടായിരുന്നു. തോക്കുധാരികളായ പട്ടാളക്കാർ ഇവിടം കാവൽനിന്നിരുന്നു എന്ന് ഹസ്റത്ത് മഹ്മൂദ് അഹ്മദ് ഇർഫാനി എഴുതിയ ഖാദിയാൻ എന്ന പുസ്തകത്തിൽ പറയുന്നു. ഈ മതിലുകളും ഗോപുരങ്ങളും പിന്നീട് സിക്കുകാരായ അക്രമികൾ ഇടിച്ചുനിരത്തി.

**സിക്ക് ആക്രമണം**

1802–ൽ സിക്കുകാരിൽപെട്ട റാംഗഡിയ എന്ന ഒരു വിഭാഗം ജസ്സാസിംഗ് എന്നുപേരായ ഒരു സിക്ക് നേതാവിന്റെ നേതൃത്വത്തിൽ ചതിപ്രയോഗത്തിലൂടെ ഖാദിയാനിൽ പ്രവേശിച്ചു കൊള്ളനടത്തി. അവരാണ് മതിൽ ഇടിച്ചുനിരപ്പാക്കിയത്. പള്ളികൾ നശിപ്പിക്കുകയും ചിലത് ഗുരുദ്വാരകളായി മാറ്റുകയുമുണ്ടായി. വിലപിടിച്ച ഗ്രന്ഥങ്ങളും ഖുർആന്റെ പതിപ്പുകളും അവർ ചുട്ടെരിച്ചു. മിർസാ അത്താമുഹമ്മദിനേയും കുടുംബക്കാരേയും ബന്ധനസ്ഥരാക്കി. അവർക്ക് പിന്നീട് കപൂർത്തലയിൽ അഭയാർത്ഥികളായി ജീവിക്കേണ്ടി വന്നു. 1803–ൽ ജസ്സാസിംഗ് മരിച്ചപ്പോൾ അയാളുടെ ഒരു അനന്തിരവനായ ദിവാൻ സിംഗ് ഖാദിയാന്റെ ഭരണാധികാരിയായി. 15 കൊല്ലം ഭരിച്ചു. 1814–ൽ മിർസാ അത്താമുഹമ്മദിനെ അവർ വിഷം കൊടുത്തുകൊന്നു. ഹസ്റത്ത് മിർസാ ഗുലാം മുർത്തസാ സാഹിബ് തന്റെ പിതാവിന്റെ മൃതദേഹം ഖാദിയാനിൽ കൊണ്ടുവന്ന് കുടുംബശ്മശാനത്തിൽ സംസ്കരിച്ചു. സിക്കുകാർ ഇതിനെ തടയാൻ ശ്രമിച്ചുവെങ്കിലും നാട്ടുകാരുടെ എതിർപ്പ് കാരണം അവർക്ക് പിന്മാറേണ്ടിവന്നു.

1818–ൽ മഹാരാജാ രൺജിത്ത്സിംഗ് മിർസാ അത്താമുഹമ്മദിന്റെ മകനായ മിർസാ ഗുലാംമുർത്തസയെ ഖാദിയാനിലേക്ക് തിരിച്ചുവരാൻ അനുവദിച്ചു. അദ്ദേഹം സിക്ക്ഭരണത്തിൽ മിലിറ്ററി സേവനം അനുഷ്ഠിച്ചുപോന്നു. അദ്ദേഹം കാണിച്ച കൂറും പ്രാപ്തിയും കാരണം അദ്ദേഹത്തെ കശ്മീർ പ്രദേശത്ത് ഗവർണറായി നിയമിച്ചു. 1834–35 കാലത്ത് മിർസാ ഗുലാം മുർത്തസാ സാഹിബിന് രൺജിത്ത് സിംഗ് 5 ഗ്രാമങ്ങളടങ്ങിയ പ്രദേശം തിരിച്ചുകൊടുത്തു. വാഗ്ദത്തമസീഹിന്റെ ജനനകാലമായിരുന്നു ഇത്. ഇങ്ങനെ വാഗ്ദത്ത മസീഹിന്റെ പിറവിയോടെ കുടുംബത്തിന്റെ കഷ്ടകാലം അകന്നുതുടങ്ങി. 1845–49 കാലത്ത് ഇംഗ്ലീഷുകാരും സിക്കുകാരും തമ്മിലുണ്ടായ യുദ്ധത്തിൽ സിക്കുകാർ തോറ്റു. സിക്കുകാർ ഗുലാം മൂർത്തസയേയും ജ്യേഷ്ഠൻ ഗുലാം മുഹ്യിദ്ദീനെയും ഖാദിയാന് അടുത്തുള്ള ബസ്റാഖാൻ എന്ന ഗ്രാമത്തിൽ തടവിൽ പാർപ്പിക്കുകയുണ്ടായി. അവരുടെ കനിഷ്ഠസഹോദരനായ മിർസാ ഗുലാം ഹൈദർ അവരെ പിന്നീട് മോചിപ്പിക്കുകയാണ് ചെയ്തത്.

1835–ൽ വാഗ്ദത്തമസീഹ് ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ) ജനിച്ചതോടെ ഖാദിയാൻ ലോകപ്രസിദ്ധമായിത്തീർന്നു. ആ ഗ്രാമത്തിന്റെ വികസനം വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടനിലയിലായിത്തീർന്നു. 'ബറാഹീനെ അഹ്മദിയ്യാ' എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ ഖാദിയാനെ കുറിച്ച് പുറംലോകം അറിഞ്ഞുതുടങ്ങി. ആ ഗ്രന്ഥത്തിന്റെ രചയിതാവിനെ അന്വേഷിച്ചാണ് സത്യതല്പരർ ഖാദിയാനിലേക്ക് ആകർഷിക്കപ്പെട്ടത്. ആ മഹാത്മാവിന്റെ അത്ഭുതദൃഷ്ടാന്തങ്ങളും ചിന്താധാരകളും നാടുനീളെ സംസാരവിഷയമായി. ഖാദിയാന്റെ വികസനത്തെക്കുറിച്ച് അവിടുന്ന് പ്രവചനം ചെയ്തു. "ഖാദിയാൻ റെയിലുമായി ബന്ധിക്കപ്പെടുന്ന നാളുകൾ വരുന്നുണ്ട്" എന്ന് അവിടുന്ന് ഒരിക്കൽ പറഞ്ഞു. ഖാദിയാൻ ബിയാസ് നദി

വരെ വികസിക്കുന്നതിനെകുറിച്ചും വാഗ്ദത്ത മസീഹ് പ്രവചനം ചെയ്തു.

ആൾക്കൂട്ടത്തിൽനിന്ന് അകന്ന് ഒറ്റപ്പെട്ട് പാർത്തുപോന്ന മിർസാ ഗുലാം അഹ്മദിന്റെ അടുക്കൽ അദ്ദേഹം വാഗ്ദത്ത മസീഹാണ് താനെന്ന വാദം പുറപ്പെടുവിച്ചതോടെ സത്യഭക്തർ നാനാദേശങ്ങളിൽനിന്നും വന്നു. വാഗ്ദത്ത മസീഹ് വെളിപ്പെട്ടാൽ ഹിമത്തിൽ ഇഴഞ്ഞുനീങ്ങിയെങ്കിലും അദ്ദേഹത്തെ കണ്ട് ബൈഅത്ത് ചെയ്യണമെന്നും തന്റെ സലാം എത്തിക്കണമെന്നും തിരുനബി(സ) നിർദ്ദേശിച്ചതായി ഹദീസിലുണ്ടല്ലോ. അതുപ്രകാരമാണ് സത്യഭക്തരായ മഹാപണ്ഡിതന്മാർ ഖാദിയാനിലെത്തിയത്. അവരിൽ പലരും പിന്നീട് അവിടം വിട്ടുപോയില്ല. ഒട്ടേറെ പ്രമുഖന്മാർ– നവാബുമാരും പീർമാരും സയ്യിദന്മാരും പേരും പെരുമയുമുള്ള മഹാരഥന്മാരും ബിരുദധാരികളും ഡോക്ടർമാരും നിയമജ്ഞന്മാരും– അക്കൂട്ടത്തിലുണ്ടായിരുന്നു. അവരെല്ലാം മഹ്ദി ഇമാമിന്റെ സേവനത്തിന്നായി ജീവിതമർപ്പിച്ചുകൊണ്ട് അവിടെ താമസിച്ചു.

**ഇന്ത്യാ വിഭജനം**

1947–ൽ ഇന്ത്യാ വിഭജനത്തെ തുടർന്ന് നടമാടിയ സാമുദായിക ലഹളകാരണം കിഴക്കൻ പഞ്ചാബിൽ നിന്നും ആളുകൾ ഒഴിഞ്ഞുപോയപ്പോൾ ഖാദിയാനിൽനിന്നും മുസ്‌ലിംകൾക്ക് ഒഴിഞ്ഞുപോകേണ്ടിവന്നു. ഖലീഫയുടെ ആസ്ഥാനമെന്ന നിലയിൽ പ്രതാപത്തോടെ വിരാജിച്ച ഖാദിയാൻ വീണ്ടും വിജനമായി പഴയനിലയിലായിത്തീർന്നു. വീണ്ടും അത് ഉയിർത്തെഴുന്നേൽക്കുവാനുള്ള മഹാത്ഭുതത്തിന് ലോകം സാക്ഷ്യം വഹിക്കണമെന്നതാകാം ദൈവകല്പിതം. ഖാദിയാനിൽ അഹ്മദികൾക്ക് താമസിക്കാനുള്ള അനുവാദം നിഷേധിക്കപ്പെട്ടു. ഖലീഫാ തിരുമനസ്സുകൊണ്ട് ഖാദിയാനിൽതന്നെ നിൽക്കുവാൻ തയ്യാറായിരുന്നു. അന്നത്തെ പ്രാദേശിക ഉദ്യോഗസ്ഥന്മാരും ജനനേതാക്കളും അതനുവദിക്കുമായിരുന്നില്ല. അക്കാലത്ത് ഇന്ത്യാഗവർമ്മെന്റുമായി ധാരാളം എഴുത്തുകുത്തുകൾ നടത്തി, തങ്ങളുടെ വളരെ വിലപ്പെട്ട സ്മാരകങ്ങളും സ്വത്തുക്കളും ഇട്ടെറിഞ്ഞുപോകാതെ അവിടെ മരിച്ചുവീഴാൻ തയ്യാറുള്ളവരായിരുന്നു ഖാദിയാൻ നിവാസികൾ. ഒടുവിൽ ഒഴിഞ്ഞുപോകാൻ തന്നെ തീരുമാനിക്കേണ്ടിവന്നു. ഇന്ത്യാഗവർമ്മെന്റുമായി–ഇന്ത്യൻ പ്രധാനമന്ത്രിയുമായും ആഭ്യന്തരമന്ത്രിയുമായും മറ്റു ഉന്നതസർക്കാർ മേലധികാരികളുമായും അഹ്മദിയ്യാ ജമാഅത്ത് നടത്തിയ കത്തിടപാടുകൾ Qadian- A Test Case എന്ന തലക്കെട്ടിൽ ജമാഅത്ത് അച്ചടിച്ചിറക്കിയ പുസ്തകത്തിൽ രേഖപ്പെട്ടുകാണാം. ഇന്ത്യൻ ഭരണഘടന രൂപംകൊണ്ടിട്ടില്ലാത്ത അക്കാലത്ത് നേതാക്കളും ഉദ്യോഗസ്ഥന്മാരും പുറപ്പെടുവിക്കുന്ന കല്പനകളും നിർദ്ദേശങ്ങളും ചോദ്യം ചെയ്യാതെ അനുസരിക്കുക മാത്രമേ നിവൃത്തിയുണ്ടായിരുന്നുള്ളൂ.

**ദർവേശ്മാർ**

ഈ പരിതസ്ഥിതിയിൽ ഖാദിയാനിലെ അഹ്മദിയ്യാ പുണ്യകേന്ദ്രം പരിരക്ഷിക്കുന്നതിന് ഖലീഫാ തിരുമനസ്സിലെ ആസൂത്രണപ്രകാരം 'ഹിഫാസത്തെ മർക്കസ്' (കേന്ദ്രസംരക്ഷണം) എന്ന പദ്ധതി നടപ്പാക്കി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ഖാദിയാൻ പരിരക്ഷിക്കുന്നതിന് വയോജനങ്ങളുടെ ഒരു സന്നദ്ധ സംഘം രൂപീകരിച്ച് അവിടെ സ്ഥിരവാസമുറപ്പിക്കാനായിരുന്നു പ്ലാൻ. അവർക്ക് 'ദർവേശ്മാർ' എന്ന പേർ നൽകപ്പെട്ടു. ഖിലാഫത്തിന്റെ ആസ്ഥാനം ഖാദിയാനിൽനിന്ന് നീക്കേണ്ടിവന്ന സാഹചര്യത്തിൽ പുണ്യകേന്ദ്രത്തിലെ സ്മാരകങ്ങളും സ്വത്തുക്കളും സംരക്ഷിക്കാൻ ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ലായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ആസ്ഥാനമായ പഠാൻ കോട്ടുനിന്നും മൗദൂദി സാഹിബിനും സഹപ്രവർത്തകർക്കും പാക്കിസ്ഥാനിലേക്ക് ഓടിപ്പോകേണ്ടിവന്ന സാഹചര്യത്തിൽ അഹ്മദികൾ ഖാദിയാനിൽ ഉറച്ചുനിന്നു. 313 ദർവേശ്മാരാണ് അവിടെ താമസിച്ചുവന്നത്. ഇതിനുമുമ്പ് ഖാദിയാന്റെ രക്ഷയ്ക്കായും മുസ്‌ലിംകളുടെ പൊതുവായ സംരക്ഷണത്തിനായും 'ഫുർഖാൻ ഫോർസ്' എന്നൊരു സന്നദ്ധ സൈന്യവിഭാഗത്തെ സംഘടിപ്പിച്ചിരുന്നു. ആ ഫുർഖാൻ ഫോർസിൽ ഈ ലേഖകന്റെ വന്ദ്യജ്യേഷ്ഠൻ എൻ. അബ്ദുൽകരീം സാഹിബ് ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടായിരുന്നു. പിന്നീട് അവർ ഖലീഫയുടെ കല്പനപ്രകാരം ലാഹോറിലേക്ക് മാറ്റപ്പെട്ടു.

**ജീവാർപ്പണത്തിന് കേരളമക്കൾ**

ഖാദിയാനിൽ പാർക്കുന്നതിന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ദർവേശ്കുടുംബങ്ങൾ സന്നദ്ധ സേവകരായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കേരളത്തിൽനിന്നും കുടുംബങ്ങൾ ഖാദിയാനിലേക്ക് പോകാൻ സന്നദ്ധരായി. നറുക്കെടുപ്പിലൂടെയാണ് അന്ന് കണ്ണൂരിൽനിന്ന് ഖാദിയാനിലേക്ക് അഹ്മദികൾ തെരഞ്ഞെടുക്കപ്പെട്ടത്.

കണ്ണൂർ ജമാഅത്തിലെ അംഗങ്ങളായ പോളക്കന്റെവിട മമ്മുസാഹിബ്, സൈനുൽ ആബിദീൻസാഹിബ് എന്നിവർ ബോംബെയിൽനിന്നാണ് മർക്കസ് സംരക്ഷണാർത്ഥം ഖാദിയാനിലെത്തിച്ചേർന്നത്. അവർ മാസങ്ങളോളം അവിടെ സേവനമർപ്പിച്ചശേഷം കല്പനപ്രകാരം മടങ്ങിപ്പോന്നു. കണ്ണൂരിൽനിന്നുള്ള മറ്റൊരു ബാച്ച്– എസ്. അമീർഅലി സാഹിബ്, എൻ. മുഹമ്മദ് ഹനീഫ് സാഹിബ് (ഇദ്ദേഹം ഈ ലേഖകന്റെ അമ്മാമനാണ്), മുഹമ്മദ് നസീം സാഹിബ് എന്നിവർ അടങ്ങിയ ബാച്ച്– ലാഹോറിലെത്തിയെങ്കിലും അവരിൽ നസീം സാഹിബിന് മാത്രമെ ഖാദിയാനിലേക്ക് പോകാൻ കഴിഞ്ഞുള്ളൂ. മറ്റു രണ്ടുപേർ വയസ്സ് പോരാത്തതിനാൽ– നിശ്ചിതവയസ്സ് കഴിഞ്ഞ വയോജനങ്ങളായിരിക്കണമെന്ന നിർബ്ബന്ധമുണ്ടായിരുന്നു– നിരാശരായിത്തീരുകയാണുണ്ടായത്. അറുകൊലകൾ നടക്കുന്ന

ആ നാളുകളിൽ ജീവൻ കയ്യിൽപിടിച്ചാണ് കിഴക്കൻ പഞ്ചാബിലെ സിക്ക് കേന്ദ്രങ്ങൾ താണ്ടി അവർ ഖാദിയാനിൽ ചെന്നെത്തിയത്. അങ്ങനെ അവർ ഖാദിയാനിലെ 313 'ബദ്‌രീങ്ങ'ളോടൊപ്പം ചേർന്നു.

അല്പം കഴിഞ്ഞ് കുടുംബങ്ങൾ ഖാദിയാനിലേക്ക് നീങ്ങി. എച്ച്. ഹുസൈൻ സാഹിബും കുടുംബവും, ഇ. അബ്ദുർറഹ്‌മാൻകുട്ടി സാഹിബും കുടുംബവും, കുന്നത്ത് മുഹമ്മദ് സാഹിബും കുടുംബവും ഖാദിയാനിലേക്ക് പുറപ്പെട്ടു. നസീം സാഹിബിന്റെ ഭാര്യയും മക്കളും പിന്നീട് ഇവരോടൊപ്പം ഖാദിയാനിലെത്തിച്ചേർന്നു. എന്റെ എളാമ ആയ സുബൈദ സുൽത്താനയുടെ നിർബന്ധപ്രകാരമാണ്, ഭർത്താവ് എച്ച്. ഹുസൈൻ സാഹിബ് ദർവേശ് സംഘത്തിൽ ചേരാനായി രോഗബാധിതയായ ഇളം പൈതലിനേയും പേറി ഖാദിയാന്റെ സംരക്ഷണത്തിന്റെ പേരിൽ ചുറ്റും കൊലയാളികളുടെ ഊരിയവാളുകൾക്കിടയിലൂടെ പുണ്യകേന്ദ്രത്തിലെത്തിയത്. അവിടെവെച്ച് ഹുസൈൻസാഹിബ്– 'സത്യദൂത'ന്റെ ഒന്നാമത്തെ പത്രാധിപരായിരുന്നു ഇദ്ദേഹം– ഹൃദയസ്തംഭനംമൂലം മരണപ്പെട്ടു. പിന്നീട് മൂത്തമകൻ സൈനുൽആബിദീനും അവിടെവെച്ചു തന്നെ മരിച്ചു. രണ്ടാമത്തെ മകനാണ് ഖാദിയാനിൽ ഇപ്പോൾ നാസിർ ബൈത്തുൽമാലായി സേവനം ചെയ്യുന്ന ജലാലുദ്ദീൻ സാഹിബ് നയ്യർ. സുബൈദ സുൽത്താന ഇപ്പോഴും ഖാദിയാനിൽ വസിച്ചുവരുന്നു. അവർ പിന്നീട് പഞ്ചാബി ആയ ചൗധരി അബ്ദുൽഹക്ക് സാഹിബിനെ വിവാഹം ചെയ്തു. ഖാദിയാൻ സംരക്ഷണത്തിന്നായി ഇവരോടൊപ്പം പോയ കരുനാഗപ്പള്ളിയിലെ മുഹമ്മദ് ശരീഫ് സാഹിബ് ആണ് മറ്റൊരു കേരളീയനായ ദർവേശ്. കൂട്ടക്കൊല നടക്കുന്ന നാട്ടിൽനിന്ന് ആളുകൾ പേടിച്ച് സ്ഥലംവിടുമ്പോൾ അഹ്‌മദീ ധീരമുജാഹിദുകൾ അവിടത്തേയ്ക്ക് പ്രതിമുഖരായി പ്രവാസയാത്ര നടത്തുകയായിരുന്നു!

### മരണവുമായി മുഖാമുഖം

1951 ഡിസംബറിലാണ് ഈ ലേഖകൻ ആദ്യമായി ഖാദിയാൻ സന്ദർശിച്ചത്. വന്ദ്യമാതുലൻ എൻ. ഹാമിദ് സാഹിബ്, എസ്. അമീർ അലി സാഹിബ്, അബ്ദുൽഖാദർ സാഹിബ് മൊഗ്രാൽ എന്നിവരുടെ കൂടെയായിരുന്നു യാത്ര. ഞങ്ങൾ മംഗലാപുരത്ത്നിന്നും കപ്പൽ വഴി ബോംബെയിലെത്തി അവിടെനിന്ന് ഫ്രൊണ്ടിയർ മെയിലിന് അമൃത്സറിലിറങ്ങിയാണ് യാത്ര ചെയ്തിരുന്നത്. അന്നെനിക്ക് 24 വയസ്സ് പ്രായമായിരുന്നു. മഹ്ദീ മസീഹിന്റെ ജന്മസ്ഥലമായ ഖാദിയാൻ കാണാനുള്ള ആവേശവും അഭിനിവേശവും ഹൃദയത്തിൽ അലതല്ലുകയായിരുന്നു. യാത്രയുടനീളം ആഹ്ലാദകരം. പ്രത്യേകിച്ചും കപ്പൽയാത്ര! കേരളത്തിൽനിന്നും അക്കൊല്ലം ഞങ്ങൾ നാലാൾമാത്രം. അർദ്ധരാത്രി മൂത്രമൊഴിക്കാൻ എഴുന്നേറ്റപ്പോഴാണ് തീവണ്ടിയിൽവച്ച് ദൽഹിയിലെ കൊടുംതണുപ്പറിഞ്ഞത്. ഉറച്ചവെള്ളം കയ്യിൽ തട്ടിയപ്പോൾ കത്തിവച്ച് മുറിക്കുന്ന അനുഭവം. ജീവിതത്തിൽ, ആദ്യമായി പെട്ടെന്നനുഭവപ്പെട്ട ഉത്തരേന്ത്യൻ കാലാവസ്ഥയിൽ തണുപ്പ് ശരീരമാകെ സൂചിമുനകൾ കുത്തിക്കയറ്റുകയായിരുന്നു.

മംഗലാപുരത്ത് നിന്നുള്ള കപ്പൽയാത്ര ഒരിക്കലും മറക്കാനാവാത്ത അനുഭവമായിരുന്നു. മരണവുമായി ഒരു കൂടിക്കാഴ്ച! മഹ്ദി ഇമാമിന്റെ സമ്പൂർണ ചരിത്രമെഴുതാൻ അല്ലാഹു എന്നെ ബാക്കിയാക്കിയതാണോ? അല്ലാഹുവിന് ആയിരമായിരം സ്തോത്രങ്ങൾ. അഹ്‌മദിയ്യാ പ്രസ്ഥാനത്തെ കുറിച്ച് ഞാൻ ഒട്ടേറെ പുസ്തകങ്ങളെഴുതിയത് അതിനുശേഷമാണെന്നോർക്കുമ്പോൾ ഈ ഭാഗ്യാനുഗ്രഹങ്ങൾ ലഭിക്കാനിടയായതോർത്ത് ഉൾപ്പുളകം കൊള്ളുന്നു. അവയെല്ലാം അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ സേവനമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മംഗലാപുരത്ത് കപ്പൽ കയറേണ്ടത് അന്ന് വഞ്ചി മാർഗ്ഗമായിരുന്നു. വഞ്ചി കപ്പലിനോടടുപ്പിച്ച് കെട്ടി നിർത്തിയശേഷം കപ്പലിൽനിന്ന് താഴ്ത്തിയിടുന്ന കോണിയിലൂടെ മുകളിലോട്ട് കയറുകയാണ് വേണ്ടത്. അതിനിടയിൽ വഞ്ചി കപ്പലിനോടടുത്താൽ ഓളം വെട്ടുമ്പോൾ അടുക്കുകയും അകലുകയും ചെയ്യും. പരിചയമുള്ള കപ്പൽ ജോലിക്കാർ വഞ്ചിയിൽനിന്ന് കപ്പലിന്റെ ഇരുമ്പ് തണ്ടുകൾ പിടിച്ച് ചാടിക്കയറുവാൻ തുടങ്ങി. കപ്പലിൽ കയറേണ്ടത് അങ്ങനെയാണെന്ന് ധരിച്ച് ഞാനും ധൃതിയിൽ കപ്പലിന്റെ തണ്ട് പിടിച്ചു തൂങ്ങിയപ്പോൾ കാലിന്നടിയിൽനിന്ന് വഞ്ചി നീങ്ങിപ്പോയി! ഞാൻ തൂങ്ങിയനിലയിൽ കപ്പലിനോട് ചേർന്ന് നിന്ന് വഞ്ചിയിലുള്ളവർ അകലത്തും. കൈവിട്ടാൽ കടലിന്റെ ആഴങ്ങളിൽ വീഴുമായിരുന്നു. അതിനിടയിൽ വഞ്ചി വീണ്ടും അടുത്താൽ കപ്പലിനും വഞ്ചിയ്ക്കുമിടയിൽ പെട്ട് ഞാൻ ചതഞ്ഞുമരിച്ചേനെ. താഴെ വഞ്ചിയിൽ വന്ദ്യമാതുലനും അമീർഅലി സാഹിബും നിലവിളികൂട്ടുന്നതിനിടയിൽ വഞ്ചി വന്നടുത്തതും അവർ എന്റെ കാൽപിടിച്ചുവലിച്ചു വഞ്ചിയിലിട്ടതും ഒപ്പം കഴിഞ്ഞു. സംഭവത്തിന്റെ ഭയാനകത പിന്നീടാണ് ഞാൻ മനസ്സിലാക്കിയത്. ചെറുപ്പത്തിന്റെ ധൃതിയും ചുറുക്കുംമൂലം അങ്ങനെയൊരു അബദ്ധം പിണഞ്ഞത് ഏറെനാൾ ഓർത്തോർത്ത് ചിരിക്കാൻ വകയായിരുന്നു. എങ്കിലും ഖാദിയാനിലേക്ക് ജൽസയ്ക്ക് ചെന്ന് ചേരുന്നവർക്ക്വേണ്ടി മസീഹ്(അ) നടത്തിയ പ്രാർത്ഥനയുടെ ഫലസിദ്ധിയായി ഇതെന്നും ഓർമ്മയിൽ ഒതുക്കാനും കാരണമായി!

ഖാദിയാനിൽ ഞാൻ രണ്ടരമാസം താമസിച്ചു. തിരിച്ചുവന്ന് ഖാദിയാൻ– അഹ്‌മദിയ്യാ കേന്ദ്രം' എന്ന പേരിൽ ഒരു കൊച്ചുകൃതി പ്രസിദ്ധപ്പെടുത്തി. എന്റെ രണ്ടാമത്തെ പുസ്തകം!

*(പരേതനായ എന്റെ പ്രാണമിത്രം ബിഎം കോയ സാഹിബ് ആവശ്യപ്പെട്ടതനുസരിച്ച് നവംബർ ലക്കത്തിലേക്ക് വേണ്ടി എഴുതിയതാണീ ലേഖനം. അദ്ദേഹത്തിന് നേരിട്ടുകൊടുക്കാൻ കഴിഞ്ഞില്ല. ലേ.)* ●

# മൗലവി ഹക്കീം നൂറുദ്ദീൻ(റ)

**സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ**

വിവ: കെ.വി. ഹസ്സൻകോയ

**മൗ**ലവി മുഹമ്മദലിയുടെ ഈ അഭിപ്രായമനുസരിച്ച് സാഹിബ് സാദാ സാഹിബ് 60 പേരുടെ ഒരു പട്ടിക തയ്യാറാക്കി. അന്ന് രാത്രി ചേരുന്ന യോഗത്തിൽ ചർച്ചയ്ക്കായി ഇവരെ വിളിച്ചുവരുത്താൻ മൗലവി സെയ്യിദ് മുഹമ്മദ് സർവർശാ സാഹിബിനോടപേക്ഷിച്ചു. ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ജനാസ കബറടക്കത്തിന് മുമ്പുതന്നെ അദ്ദേഹത്തിന്റെ പിൻഗാമിയെ തിരഞ്ഞെടുക്കണമെന്നും അദ്ദേഹമാണ് ജനാസ നമസ്കാരത്തിനും കബറടക്കത്തിനുമുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതെന്നും ഏകകണ്ഠമായി തീരുമാനിക്കപ്പെട്ടു. അല്ലാഹു തന്റെ മഹത്തായ അനുഗ്രഹം കൊണ്ട് ജമാഅത്തിനെ നേർവഴിയിൽ നിലനിർത്താനും അവന്റെ തൃപ്തിയുടെ പാതയിൽ സഞ്ചരിക്കാൻ ജമാഅത്തിനെ പ്രാപ്തമാക്കാനും വേണ്ടി അന്നുരാത്രി ദുആയിൽ കഴിച്ചുകൂട്ടാനും പിറ്റേന്ന് നോമ്പനുഷ്ഠിച്ച് പ്രത്യേകമായി പ്രാർത്ഥിക്കാനും തീരുമാനിച്ചു.

പിറ്റേന്ന് ഉച്ചയോടെ ആയിരത്തിലധികം അംഗങ്ങൾ പുറത്തുനിന്നും ഖാദിയാനിൽ എത്തിച്ചേർന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന സാഹചര്യത്തെക്കുറിച്ച് സാഹിബ് സാദാ സാഹിബ് തന്റെ കുടുംബാംഗങ്ങളോട് ചർച്ച ചെയ്തു. അവരിൽ ചിലർ, തങ്ങൾക്ക് ശരിയാണെന്ന് തോന്നുന്ന ആശയങ്ങൾ പ്രചരിപ്പിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. സിദ്ധാന്തപരമായി തങ്ങളുമായി യോജിക്കുന്ന ഒരാൾതന്നെ ഖലീഫയാകേണ്ടത് അനിവാര്യമാണെന്ന് അവർ കരുതി. എന്നാൽ, ജമാഅത്തിൽ ഐക്യം നിലനിർത്തുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്ന് സാഹിബ് സാദാ സാഹിബ് ഉണർത്തി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഖലീഫയെ തിരഞ്ഞെടുക്കൽ മതപരമായ ഒരു ബാദ്ധ്യതയാണ്. ഇതംഗീകരിക്കപ്പെട്ടാൽ, ഭൂരിപക്ഷാഭിപ്രായ പ്രകാരം ഖലീഫയെ തിരഞ്ഞെടുക്കലാണ് ഏറ്റവും അനുയോജ്യമായ രീതി. ഇത് സ്വീകാര്യമല്ലെങ്കിൽ, നിഷ്പക്ഷനായ ഒരു വ്യക്തിയെ തിരഞ്ഞെടുക്കുന്നതിൽ യോജിപ്പുണ്ടാകണം. ഇതും സാദ്ധ്യമല്ലെങ്കിൽ ഇതര ഗ്രൂപ്പിൽപ്പെട്ടവർക്ക് സ്വീകാര്യനായ ഒരാളുടെ കയ്യിൽ അനുസരണപ്രതിജ്ഞ ചെയ്യണം. അല്ലെങ്കിൽ അവരിൽ ഒരാളുടെ കയ്യിൽത്തന്നെ ബൈഅത്ത് ചെയ്യണം. അവസാനം കുടുംബാംഗങ്ങളെല്ലാംതന്നെ സാഹിബ് സാദാ സിഹാബിന്റെ നിർദ്ദേശത്തിന് സമ്മതമരുളി.

ഈ ഘട്ടത്തിൽ, തലേന്ന് നടന്ന സംഭാഷണം തുടരാൻ താൻ ആഗ്രഹിക്കുന്നതായി അറിയിച്ചുകൊണ്ട് മൗലവി മുഹമ്മദലിയുടെ സന്ദേശം ലഭിച്ചു. അദ്ദേഹത്തോട് വരാൻ നിർദ്ദേശിച്ചു. അദ്ദേഹം തന്റെ സുഹൃത്തുക്കളോടൊപ്പം എത്തിച്ചേർന്നു. ആ സമയം, സാഹിബ് സാദാ സാഹിബിന്റെ കൂടെ മൗലവി മുഹമ്മദ് അഹ്സൻ, നവാബ് മുഹമ്മദലിഖാൻ, ഡോക്ടർ ഖലീഫ റശീദുദ്ദീൻ എന്നിവരുമുണ്ടായിരുന്നു. തലേന്ന് നടന്ന അതേ രീതിയിൽതന്നെ സംഭാഷണം തുടർന്നു. ഒരവസരത്തിൽ സെയ്യിദ് മുഹമ്മദ് അഹ്സനും മൗലവി മുഹമ്മദലിയും തമ്മിൽ സിദ്ധാന്തപരമായ കാര്യങ്ങളിൽ ചർച്ച തുടങ്ങി. പക്ഷെ, സാഹിബ് സാദാ സാഹിബ് ആ ചർച്ച നിർത്തിച്ചു. അദ്ദേഹം ആഗ്രഹിക്കുന്നപ്രകാരം ദീർഘമായ ഇടവേളക്ക് ശേഷവും അഭിപ്രായ ഐക്യത്തിലെത്താൻ സാധിച്ചില്ലെങ്കിൽ എന്തു ചെയ്യുമെന്ന് സാഹിബ് സാദാ സാഹിബ് മൗലവി മുഹമ്മദലിയോട് അന്വേഷിച്ചു. ഭൂരിപക്ഷപ്രകാരം കാര്യങ്ങൾ തീരുമാനിക്കാമെന്നാണെങ്കിൽ എന്തുകൊണ്ട് അത് ഇപ്പോൾ ആയിക്കൂടാ?

ഇതിനിടയിൽ 'മസ്ജിദ് നൂറി'ൽ ആളുകൾ നിറഞ്ഞുകൊണ്ടിരുന്നു. അവർക്ക് വളരെ ഉൽക്കണ്ഠയുണ്ടായിരുന്നു. തന്റെ പിൻഗാമിക്കുണ്ടാവേണ്ട ഗുണഗണങ്ങൾ വിവരിച്ചുകൊണ്ട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒസ്യത്ത് എഴുതുകയും അത് മൂന്നുപ്രാവശ്യം മൗലവി മുഹമ്മദലിയെക്കൊണ്ട് ഉച്ചത്തിൽ വായിപ്പിക്കുകയും ചെയ്ത മാർച്ച് 4-ന് ശേഷം മൗലവി മുഹമ്മദലി ഒരു ലഘുലേഖ തയ്യാറാക്കിയതായി മനസ്സിലായി. അതിൽ പൊതുവിൽ മനസ്സിലാക്കപ്പെട്ട പ്രകാരമുള്ള ഖലീഫയുടെ ആവശ്യകത ശക്തമായനിലയിൽ തള്ളിപ്പറഞ്ഞിരുന്നു. ഈ ലഘുലേഖ അച്ചടിപ്പിക്കുകയും ഖലീഫത്തുൽ മസീഹിന്റെ ചരമവാർത്ത അറിഞ്ഞയുടനെ വിപുലമായ രീതിയിൽ വിതരണം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ തന്റെ സുഹൃത്തുക്കൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഖലീഫത്തുൽ മസീഹ് ചരമമടഞ്ഞെന്ന ദുഃഖവാർത്ത അറിഞ്ഞ് ഖാദിയാനിലെത്തിയ ഓരോരുത്തർക്കും വഴിയിൽവെച്ച് തന്നെ ലഘുലേഖ കിട്ടി. അവരിൽ ഭൂരിപക്ഷംപേരും വിലക്ഷണമായ ഈ പ്രചാരണരീതിയിൽ ക്ഷുഭിതരായിരുന്നു. പെട്ടെന്നുതന്നെ ഖലീഫയെ തിരഞ്ഞെടുക്കാൻ അവർ വെമ്പൽകൊണ്ടു.

ചർച്ചയിൽ യാതൊരു പുരോഗതിയും ഉണ്ടായില്ല.

രഹസ്യചർച്ച വേഗം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുറിയുടെ വാതിലിൽ ആളുകൾ നിരന്തരം മുട്ടി ശബ്ദം ഉണ്ടാക്കുന്നുണ്ടായിരുന്നു. ചർച്ചയിൽ യാതൊരു പുരോഗതിയും കാണാത്തതിനാൽ മസ്ജിദ് നൂറിലേക്ക് നീങ്ങി അവിടെ കൂടിയവരുമായി ആലോചിക്കാമെന്ന് സാഹിബ് സാദാ സാഹിബ് അഭിപ്രായപ്പെട്ടു. അപ്പോൾ മൗലവി മുഹമ്മദലി ഒന്നും ആലോചിക്കാതെ പെട്ടെന്ന് പറഞ്ഞു: അവർ ആരെയാണ് തിരഞ്ഞെടുക്കുകയെന്ന് താങ്കൾക്കറിയുന്നതുകൊണ്ടാണ് താങ്കൾ ഇത് പറയുന്നത്.

സാഹിബ് സാദാ സാഹിബ്, "എന്നാൽ, ഞാൻ നിങ്ങളിലാർക്കെങ്കിലും ബൈഅത്ത് ചെയ്യാൻ തയ്യാറാണ്." മൗലവി മുഹമ്മദലി, "എങ്കിൽപ്പോലും അവർ എന്താണ് ചിന്തിക്കുന്നതെന്ന് താങ്കൾക്കറിയാം." യോജിപ്പിന് യാതൊരു സാദ്ധ്യതയുമില്ലെന്ന് സാഹിബ് സാദാ സാഹിബിന് ബോദ്ധ്യമായി. അതിനാൽ അദ്ദേഹം പറഞ്ഞു: ഖിലാഫത്ത് നിലനിർത്തേണ്ടത് മതപരമായ ഒരു ബാദ്ധ്യതയാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ഖലീഫ ആവശ്യമില്ലെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. ഈ വ്യത്യാസം പരിഹരിക്കാൻ സാധ്യമല്ല. നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. ഞങ്ങൾ പരസ്പരം ആലോചിച്ച് തീരുമാനിക്കുന്ന ആൾക്ക് ഞങ്ങൾ ബൈഅത്ത് ചെയ്യും.

ഈ കുറിപ്പോടെ കൂടിക്കാഴ്ച അവസാനിച്ചു. സാഹിബ് സാദാ സാഹിബും സഹചരന്മാരും മസ്ജിദ് നൂറിലേക്ക് നീങ്ങി. അവിടെ ആയിരത്തിഅഞ്ഞൂറിനും രണ്ടായിരത്തിനുമിടയിൽ ആളുകൾ കാത്തിരിപ്പുണ്ടായിരുന്നു. സാഹിബ് സാദാ സാഹിബ് അസർ നമസ്കാരത്തിന് നേതൃത്വം നൽകി. നവാബ് മുഹമ്മദലി ഖാൻ തന്റെ കൈവശം ഏൽപ്പിക്കപ്പെട്ട ഖലീഫത്തുൽ മസീഹിന്റെ 1914 മാർച്ച് 4-ാമത്തെ ഒസ്യത്ത് വായിച്ചു കേൾപ്പിച്ചു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: ഹസ്റത്ത് ഖലീഫത്തുൽ മസീഹ് എന്നെ ഏല്പിച്ചിരുന്ന കർത്തവ്യം ഞാൻ നിറവേറ്റിയിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കേണ്ടത് ഇനി നിങ്ങളുടെ കടമയാണ്. അദ്ദേഹത്തിന്റെ പ്രഖ്യാപനം എല്ലാ ദിശകളിൽനിന്നും 'ഹസ്റത്ത് മിയാൻ സാഹിബ്,' 'ഹസ്റത്ത് മിയാൻ സാഹിബ്' എന്ന ആരവത്തോടെ ജനം എതിരേറ്റു. ആരവങ്ങൾക്കിടയിൽ സെയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു: അവസാനകാലത്ത് രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചുകൊണ്ട് മസീഹ് ഇറങ്ങുമെന്ന് ഹദീസിൽ വന്നിട്ടുണ്ട്. ആ മലക്കുകളിൽ ഒരാളാണ് ഞാനെന്ന് വാഗ്ദത്ത മസീഹ് എന്നെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. സാഹിബ് സാദാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് എല്ലാ നിലക്കും നമ്മുടെ ബൈഅത്ത് സ്വീകരിക്കാൻ യോഗ്യനാണെന്ന് ഞാൻ കരുതുന്നു. ഞങ്ങളുടെ ബൈഅത്ത് സ്വീകരിക്കാൻ ഞാനദ്ദേഹത്തോടാവശ്യപ്പെടുന്നു. ഇതുകേട്ടപ്പോൾ മൗലവി മുഹമ്മദലിയും സെയ്യിദ്ഹാമിദ്ഷായും എന്തോ പറയുവാനെന്ന ഭാവത്തിൽ എഴുന്നേറ്റുനിന്നു. ആരാണ് ആദ്യം സംസാരിക്കേണ്ടതെന്ന കാര്യത്തിൽ പരസ്പരം തർക്കത്തിലായി. എന്നാൽ അവിടെ സന്നിഹിതരായവർ അവരുടെ വാക്കുകൾ കേൾക്കാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല. പൊതുവികാരം കണക്കിലെടുത്ത് ശേഖ് യാഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ) ഇപ്രകാരം വിളിച്ചുപറഞ്ഞു. ഇത്തരം തർക്കത്തിനൊന്നും ഇപ്പോൾ ഇടയില്ല. സമയം വളരെ അമൂല്യമാണ്. നമ്മുടെ യജമാനരേ, ഞങ്ങളുടെ ബൈഅത്ത് സ്വീകരിച്ചാലും. 'ലബ്ബൈക്ക്, ലബ്ബൈക്ക്' എന്ന് പറഞ്ഞുകൊണ്ട് ആളുകൾ ഈ പ്രഖ്യാപനത്തെ വരവേറ്റു. ജനം സാഹിബ് സാദാ സാഹിബിന്റെ അടുക്കലേക്ക് തള്ളിക്കയറിക്കൊണ്ടിരുന്നു. വിമതരായ ആളുകൾ അപ്പോൾ പിൻവാങ്ങി. ആരും അവരെ തടഞ്ഞില്ല.

എല്ലാവരും സാഹിബ് സാദാ സാഹിബിന്റെ അടുക്കലേക്ക് നീങ്ങാൻ വെമ്പൽക്കൊണ്ടെങ്കിലും പെട്ടെന്നൊരു നിശ്ശബ്ദത വ്യാപിച്ചു. അദ്ദേഹം പ്രാർത്ഥനയിലെന്നവണ്ണം നിശ്ശബ്ദനായി. ആദരണീയ പണ്ഡിതൻ ഖാസി അമീർ ഹുസ്സയിൻ വളരെ അസ്വസ്ഥനായി സാഹിബ് സാദാ സാഹിബിനെ സമീപിച്ച് യാചിച്ചു. "ഹുസൂർ, ദയവായി ഞങ്ങളുടെ ബൈഅത്ത് സ്വീകരിക്കുക. ആരെയോ അന്വേഷിക്കുംവിധം സാഹിബ് സാദാ സാഹിബ് തലയുയർത്തിനോക്കി. ഉൽക്കണ്ഠാകുലരായ പുരുഷാരത്തിന്നിടയിൽ ഇരിക്കുന്ന മൗലവി സെയ്യിദ് മുഹമ്മദ് സർവർഷായെ ദൂരെനിന്നു കണ്ട അദ്ദേഹം പറഞ്ഞു. 'മൗലവി സാഹിബ്, ഈ ഭാരിച്ച ഉത്തരവാദിത്തം പെട്ടെന്നും അപ്രതീക്ഷിതമായും എന്റെമേൽ വീണിരിക്കുന്നു. സത്യപ്രതിജ്ഞയുടെ വാക്കുകൾപോലും എനിക്കോർമ്മയില്ല. ദയവായി എനിക്ക് പറഞ്ഞുതരിക.' അങ്ങനെ ബൈഅത്ത് തുടങ്ങി. മൗലവി സെയ്യിദ് മുഹമ്മദ് സർവർശായുടെ നിർദ്ദേശപ്രകാരം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ പ്രതിജ്ഞാ വാചകങ്ങൾ ചൊല്ലിക്കൊടുത്തു. അങ്ങനെ ഓരോരുത്തരും അതേറ്റു ചൊല്ലി. അവ ഇപ്രകാരമായിരുന്നു.

***അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂവറസൂലുഹു*** (2 പ്രാവശ്യം)

ഇന്ന്, ഞാൻ മഹ്മൂദിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നു. ഞാൻ എല്ലാ പാപങ്ങളിൽനിന്നും പശ്ചാത്താപിക്കുകയും അല്ലാഹു നല്കിയ ശക്തി മുഖേന ഭാവിയിൽ എല്ലാ പാപങ്ങളിൽനിന്നും വിട്ടുനിൽക്കാൻ ശ്രമിക്കുന്നതുമാണ്. ഞാൻ അല്ലാഹുവിന് പങ്കുകാരെ ചേർക്കുകയില്ല. വിശ്വാസത്തെ മറ്റെല്ലാ ഭൗതികപരിഗണനകൾക്കുപരി ഉയർത്തിപ്പിടിക്കുന്നതാണ്. ഇസ്‌ലാമിന്റെ എല്ലാ അദ്ധ്യാപനങ്ങളും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. താങ്കൾ നിർദ്ദേശിക്കുന്ന എല്ലാ നല്ല കാര്യങ്ങളിലും താങ്കളെ അനുസരിക്കുന്നതാണ്.

നബി(സ) തിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് ഞാൻ വിശ്വസിക്കുന്നു. വാഗ്ദത്ത മസീഹിന്റെ എല്ലാ വാദങ്ങളിലും ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി ഞാൻ കഠി

നാധ്വാനം ചെയ്യുന്നതാണ്.

എന്റെ പാപങ്ങളിൽനിന്നും ഞാൻ അല്ലാഹുവി നോട് പൊറുക്കലിനെ തേടുന്നു. പശ്ചാത്താപത്തോടെ അവനിലേക്ക് തിരിയുകയും ചെയ്യുന്നു. (മൂന്നു പ്രാവ ശ്യം) നാഥാ, എന്റെ ആത്മാവിനോട് ഞാൻ വളരെയ ധികം ദ്രോഹം ചെയ്തുപോയി. ഞാൻ എന്റെ പാപങ്ങൾ ഏറ്റുപറയുന്നു. പാപപ്പൊറുതിക്കായി നിന്നോട് യാചി ക്കുന്നു. നീയല്ലാതെ പാപങ്ങൾ പൊറുക്കുന്നവൻ ആരുമില്ല.

ബൈഅത്തിന്റെ പ്രക്രിയ പൂർത്തിയായപ്പോൾ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ സുദീർഘ മായ മൗനപ്രാർത്ഥന നടത്തി. എല്ലാവരും പ്രാർത്ഥ നയിൽ പങ്കുകൊണ്ടു. ഹ്രസ്വമായ ഒരു പ്രഭാഷണ ത്തോടെ ഉപസംഹരിക്കുകയും ചെയ്തു. അങ്ങനെ വിഭ്രാന്തരായ, വിരഹാർത്തരായ ജമാഅത്തംഗങ്ങൾ ഒരിക്കൽകൂടി ആത്മീയസാഹോദര്യത്തിന്റെ കൈകളിൽ കോർത്തിണക്കപ്പെട്ടു. ഹൃദയത്തിൽ ആത്മാർത്ഥതയുണ്ടായി. ആത്മാക്കൾ സ്വസ്ഥതയിലാ യി. എല്ലാവരും വികാരഭരിതരായി. പരിശുദ്ധിയുടെയും ശാന്തിയുടെയും അന്തരീക്ഷം വീണ്ടും സംജാതമായി.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ ജനാസ നമസ്കാരത്തിന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ നേതൃത്വം നല്കി. തങ്ങളോടെല്ലാം ഹൃദയം നിറയെ സ്നേഹവും സഹതാപവും പ്രകടിപ്പിച്ച വിവേചനമില്ലാതെ ഔദാര്യം കാണിച്ച ആ മഹാത്മാ വിന് അന്തിമാദരാഞ്ജലികളർപ്പിക്കാൻ അഹ്മദികളും അനഹ്മദികളും ഹിന്ദുക്കളും സിക്കുകാരും ക്രിസ്ത്യാനികളുമായ സ്ത്രീപുരുഷന്മാരും കുട്ടി കളും അവിടെ തിങ്ങികൂടിയിരുന്നു. ഏതൊരാൾക്ക് വേണ്ടി എല്ലാം ഉപേക്ഷിച്ചുവോ ആ വാഗ്ദത്ത മസീ ഹായ ഗുരുവിന്റെ പടിഞ്ഞാറുഭാഗത്ത് അദ്ദേഹത്തിന്റെ ഭൗതികശരീരം അസ്തമയത്തിനു മുമ്പ് കബറടക്കി. നാഥാ, നിന്റെ കാരുണ്യത്തിന്റെ മഴ അദ്ദേഹത്തിന്റെ കബറിടത്തിൽ വർഷിക്കേണമേ. നിന്റെ പരിപൂർണ്ണ മായ ഔദാര്യംകൊണ്ട് നിന്റെ അനുഗ്രഹ ഗേഹത്തിൽ നീ അദ്ദേഹത്തെ പ്രവേശിപ്പിക്കേണമേ.

മനുഷ്യകുലത്തിന്റെ ഈ ക്ഷേമ കാംക്ഷിക്ക് ജീവി തത്തിന്റെ നാനാതുറകളിലുമുള്ളവർ ആദരാഞ്ജലി കളർപ്പിക്കുകയുണ്ടായി.

'ജമീന്ദാർ' എന്ന പത്രം എഴുതി. "മഹാപണ്ഡിത നായ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഏതാനും ആഴ്ചകൾ അസുഖമായതിനുശേഷം മാർച്ച് 13-ന് ചര മമടഞ്ഞ വാർത്ത വായിച്ച് മുസ്‌ലിംകൾ, പ്രത്യേകിച്ച് അഹ്മദികൾ ദുഃഖിക്കുന്നുണ്ടാവണം. ***ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ.***

മൗലവി ഹക്കീം നൂറുദ്ദീൻ തന്റെ അനുയായി കൾക്കിടയിൽ അറിയപ്പെട്ടിരുന്നത് ഖലീഫത്തുൽ മസീഹ് എന്നായിരുന്നു. അദ്ദേഹം പരേതനായ മിർസാ ഗുലാം അഹ്മദിന്റെ പിൻഗാമിയായിരുന്നു. അദ്ദേഹത്തിന്റെ ചരമം അഹ്മദികൾക്ക് ഞെട്ടലുണ്ടാ ക്കുകയും അതവരെ ദീർഘകാലം ബാധിക്കുകയും ചെയ്യും. സിദ്ധാന്തപരമായ അഭിപ്രായവ്യത്യമുണ്ടായി രുന്നാലും മൗലാനാ ഹക്കീം നൂറുദ്ദീന്റെ വ്യക്തിത്വവും കഴിവും വളരെ ഉന്നതമായിരുന്നതിനാൽ അദ്ദേഹ ത്തിന്റെ ചരമത്തിൽ മുസ്‌ലിംകളെല്ലാം തന്നെ ദുഃഖി ക്കുന്നുണ്ടാവും. ഇത്തരം അതിബുദ്ധിമാന്മാരായ വ്യക്തികൾ നൂറ്റാണ്ടിൽ ഒന്നേ പ്രത്യക്ഷപ്പെടാറുള്ളൂ എന്ന് പറയപ്പെടുന്നു. മൗലവി ഹക്കീം നൂറുദ്ദീൻ അദ്ദേ ഹത്തിന്റെ അഗാധപാണ്ഡിത്യം കാരണം അങ്ങനെ യുള്ള ഒരാളായിരുന്നു. ഈ പ്രമുഖപണ്ഡിതന്റെ വിര ഹത്തിൽ ഇന്ന് ഞങ്ങൾ വിലപിക്കുന്നു. വേദനാജന കമായ ഈ വിരഹംമൂലം ദുഃഖിതരായ അഹ്മദികളോട് ഞങ്ങൾക്കും ആത്മാർത്ഥമായ സഹതാപമുണ്ട്. മഹാ കാരുണ്യവാനായ ദൈവം മൗലവി ഹക്കീം നൂറദ്ദീനെ തന്റെ കാരുണ്യത്തിൽ ചേർക്കട്ടെയെന്നും അദ്ദേഹ ത്തിന്റെ അനുയായികൾക്കും കുടുംബാംഗങ്ങൾക്കും സ്ഥിരചിത്തത പ്രദാനം ചെയ്യട്ടെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു."

'കഴ്സൻ ഗസറ്റി'ന്റെ പത്രാധിപർ എഴുതി: പരേത നായ മൗലവി ഹക്കീം നൂറുദ്ദീനെ ഞങ്ങൾക്ക് വ്യക്തി പരമായി അറിയാമായിരുന്നുവെന്ന് മാത്രമല്ല ജമ്മു വിൽ അനേകവർഷം ഞങ്ങൾ വളരെ അടുപ്പത്തിലാ യിരുന്നു. എല്ലാ ദിവസവും വൈകുന്നേരം ഞങ്ങൾ കണ്ടുമുട്ടാറുണ്ടായിരുന്നു. അദ്ദേഹം സഹൃദയനും ദയാലുവും ആയിരുന്നു. അദ്ദേഹം താടിയുള്ള, നീണ്ട സുന്ദരനായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹം വളരെ ഉത്തരവാദിത്തബോധത്തോടെയും സത്യസ ന്ധമായും സ്റ്റേറ്റ് സ്കൂളുകളുടെ മേൽനോട്ടം വഹി ച്ചു. അദ്ദേഹത്തിന് കനത്ത ശമ്പളമുണ്ടായിരുന്നു. അതിന്റെ സിംഹഭാഗവും അർഹരായ വിദ്യാർത്ഥിക ളുടെ പഠനാവശ്യങ്ങൾക്കായി അദ്ദേഹം ഉദാരമായി ചെലവഴിച്ചു. ജീവിതം മുഴുവനും നൂറുകണക്കിന് നിർദ്ധനവിദ്യാർത്ഥികളെ അദ്ദേഹം സഹായിച്ചുകൊ ണ്ടിരുന്നു. ഒരു യുവകശ്മീരി ബ്രാഹ്മണനായിരുന്ന ശേഖ് അബ്ദുല്ല അദ്ദേഹത്തിന്റെ പ്രബോധനം മുഖേ നയായിരുന്നു മുസ്‌ലിമായത്. ഈ യുവാവിന്റെ സ്കൂൾ വിദ്യാഭ്യാസം മുതൽ നിയമജ്ഞനായി അലി ഗറിൽ പ്രാക്ടീസ് തുടങ്ങുംവരെയുള്ള കാലത്തെ എല്ലാ ചെലവുകളും മൗലവി നൂറുദ്ദീനായിരുന്നു വഹി ച്ചിരുന്നത്. ശേഖ് അബ്ദുല്ല അലിഗറിൽനിന്ന് ***ഖാത്തൂൻ*** എന്ന പേരിൽ ഒരു ജേർണൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

അങ്ങനെ യഥാർത്ഥമായ ഔദാര്യത്തിന്റെ ജീവി ക്കുന്ന ഉദാഹരണമായിരുന്നു ഹക്കീം നൂറുദ്ദീൻ. ദരി ദ്രരായ വിദ്യാർത്ഥികളുടെ ക്ഷേമം നോക്കലും അപൂർവ്വമായ പുസ്തകങ്ങൾ ശേഖരിക്കലും അദ്ദേ ഹത്തിന്റെ ശീലമായിരുന്നു. അദ്ദേഹത്തിന്റെ ഭീമമായ വരുമാനം ഈ ആവശ്യങ്ങൾക്കായിരുന്നു ചെലവാ ക്കിയിരുന്നത്. അദ്ദേഹം വളരെ വിനയശാലിയായിരു ന്നു. അദ്ദേഹം തന്റെ എല്ലാ കർത്തവ്യങ്ങളും സദാ ചാരനിഷ്ഠയോടെ അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്തിരുന്നവർ വളരെ സംതൃപ്ത

രായിരുന്നു. അവർക്ക് ഒരു പരാതിയുമുണ്ടായിരുന്നില്ല. അദ്ദേഹം അറബിഭാഷയിൽ മഹാപ്രാവീണ്യമുള്ളയാളായിരുന്നു. ഒഴിവുസമയങ്ങളിൽ അദ്ദേഹം ബുഖാരിയും മുസ്‌ലിമും പഠിപ്പിച്ചു. അദ്ദേഹത്തിന് മതപരമായ കാര്യങ്ങളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്നു."

ഒരു പ്രമുഖ പണ്ഡിതനും രാജ്യതന്ത്രജ്ഞനും പിന്നീട് അഖിലേന്ത്യാ കോൺഗ്രസ്സ് പ്രസിഡണ്ടും ഇന്ത്യാഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസമന്ത്രിയുമായിരുന്ന മൗലാനാ അബുൽ കലാം ആസാദ് 'അൽബലാഗി'ൽ 'വിട-നൂറുദ്ദീൻ' എന്ന തലക്കെട്ടിൽ എഴുതി: അഹ്‌മദിയ്യാ ജമാഅത്തിന്റെ തലവനും പ്രശസ്ത ഭിഷഗ്വരനുമായ മൗലവി ഹക്കീം നൂറുദ്ദീന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുന്ന അവസാനത്തെ വ്യക്തിയാണ് ഞാനെന്നതിൽ വ്യസനിക്കുന്നു. അഗാധ പാണ്ഡിത്യവും ഭക്തിയും സാത്വികതയും ഒരുമിച്ചുചേർന്ന ആ പ്രായോഗികജീവിതത്തിന്റെ മഹിത വ്യക്തിത്വം ഇന്ന് നമ്മുടെയിടയിലില്ല. മതപരമായ എല്ലാ കാര്യങ്ങളിലും അഗാധപാണ്ഡിത്യം അദ്ദേഹം നേടിയിരുന്നു. മതപ്രമാണങ്ങൾ മുതൽ സാഹിത്യത്തിലെ മാസ്റ്റർപീസുകൾവരെയുള്ളവയിൽ അവഗാഹം നേടിയ അദ്ദേഹം മനുഷ്യവികാരങ്ങളുടെ നിഗൂഢതയിലേക്കൂർന്നിറങ്ങിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് വാഗ്മികളായ എതിരാളികളുടെ ജുഗുപ്സാവഹമായ വാക്കുകളെ സ്വല്പമെങ്കിലും അർത്ഥഗർഭമായ വാക്കുകൾകൊണ്ട് തളച്ചിടാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ മുഴുവൻ അസ്തിത്വം തന്നെ മഹാജ്ഞാനത്തിന്റെയും പതഞ്ഞുപൊങ്ങുന്ന വിശ്വാസത്തിന്റേയും വിസ്മയജനകവും അപൂർവ്വവുമായ ഒരു സംയുക്തമായിരുന്നു. അദ്ദേഹത്തിന്റെ സാർവ്വലൗകികമായ ദർശനജ്ഞാനത്തിന്റെ തത്വജ്ഞാനപരമായ ഗവേഷണം പൂർണ്ണമായ സാത്വികതയോടു കൂടിച്ചേർന്ന് സ്വർഗ്ഗീയനിഗൂഢതകൾ അദ്ദേഹത്തിന് മുന്നിൽ അനാവരണം ചെയ്തു. ദൈവികശക്തിയിലുള്ള അദ്ദേഹത്തിന്റെ വിശ്വാസമാണ് എല്ലാ ചിന്തകളിലും അദ്ദേഹത്തിന് പ്രചോദനമായത്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനഭാഗം അഹ്‌മദിയ്യാ പ്രസ്ഥാനത്തിന് അർപ്പണം ചെയ്യപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ ദിനരാത്രങ്ങൾ അതിന്റെ ആത്മീയലക്ഷ്യങ്ങൾ നേടുന്നതിനായുള്ള തീവ്രശ്രമങ്ങളിൽ വിനിയോഗിക്കപ്പെട്ടു. അദ്ദേഹം തന്റെ ഗുരുഭൂതരോട് കാണിച്ച കറകളഞ്ഞ അനുസരണത്തിന്റെയും ആത്മാർത്ഥമായ അർപ്പണബോധത്തിന്റെയും ഉദാഹരണങ്ങൾ ആദ്യകാല മുസ്‌ലിംകൾക്കിടയിലല്ലാതെ കാണാൻ സാധ്യമല്ല. സ്തൂലശരീരത്തോട് ആകാശത്തിലിരിക്കുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന ഈസാനബി(അ)യിൽ പ്രകൃതിദത്തമായ മരണമാരോപിച്ചതും മഹ്ദിയും മസീഹും ഏകവ്യക്തിയാണെന്ന വെളിപ്പെടുത്തലും ഇന്ത്യൻമുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം കയ്പേറിയ സന്ദേശങ്ങളായിരുന്നു. ഈ വെളിപ്പെടുത്തലുകൾ എതിർപ്പിന്റെ കൊടുങ്കാറ്റുയർത്തിയെങ്കിലും നൂറുദ്ദീന്റെ വിശ്വാസത്തിന്റെ സ്ഥിരതയെ അത് അല്പംപോലും ബാധിച്ചില്ല. അദ്ദേഹം കാർമേഘങ്ങൾക്കും ഇടിമിന്നലുകൾക്കുമിടയിൽ ഒരു പർവ്വതം കണക്കെ ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ അന്വേഷണതൃഷ്ണയുള്ള ആത്മാവ് അവസാനം കണ്ടെത്തിയ ആ ഉറച്ച അത്താണി ഉപേക്ഷിക്കാതെ അവസാനശ്വാസംവരെ അദ്ദേഹം ആത്മാർത്ഥതയിൽ സ്ഥിരചിത്തത കൈക്കൊണ്ടു. അഹ്‌മദിയ്യാ പ്രസ്ഥാനത്തിന്റെ ചില ആശയങ്ങളുമായി എനിക്ക് യോജിപ്പില്ലെങ്കിലും എന്റെ മരവിച്ചുപോയ വികാരങ്ങളെ സ്നേഹത്തിന്റെ അശ്രുധാരയാക്കി മാറ്റിയ ആ ആത്മീയ ജ്വാലയെ ഞാൻ വിസ്മയത്തോടെ നോക്കിക്കാണുന്നു.

നൂറുദ്ദീൻ എന്ന ആ ആത്മീയ വ്യക്തിത്വം നമ്മുടെ ഭൗതികനേത്രങ്ങളിൽനിന്ന് മറഞ്ഞിരിക്കുകയാണെങ്കിലും അദ്ദേഹത്തിന്റെ കാലടിപ്പാടുകൾ പ്രപഞ്ചത്തിന്റെ തിരശ്ശീലയിൽ തിരിച്ചറിയാൻ പറ്റും. സ്ഥിരചിത്തതയുടെ ഉത്തുംഗത്തിലേക്കുള്ള നമ്മുടെ വഴികാട്ടിയാണത്. ദൈവാനുഗ്രഹവും കാരുണ്യവും അദ്ദേഹത്തിന്റെ ധൂളിയിൽ പരിമളം ചാർത്തുമാറാകട്ടെ.

ഹാഫിസ് ഹാജി ഹക്കീം മൗലവി നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ പ്രമുഖ വ്യക്തിത്വത്തിന്റെ ബഹുമുഖമായ ഉന്നത നേട്ടങ്ങളുടെ വളരെ ഹ്രസ്വമായ ഒരു ചരിത്രമാണിത്. സ്ഥലപരിമിതി വിശദമായ വിവരണത്തിന് വിഘ്നമായിനില്ക്കുന്നു. എന്നാൽ അദ്ദേഹം അഹ്‌മദിയ്യത്തിനും ഇസ്‌ലാമിനും മനുഷ്യകുലത്തിനും ചെയ്ത ഉന്നതമായ സേവനത്തിന്റെ വശം ഊന്നിപ്പറയേണ്ടതുണ്ട്. അവസാനകാലത്ത് ഗ്രന്ഥാനുസാരികൾ ഒറ്റക്കെട്ടായി ഇസ്‌ലാമിനെ എതിർക്കുമെന്നും അതിന്റെ നാശത്തിനായി യത്നിക്കുമെന്നും പക്ഷെ ദൈവം അവരുടെ പദ്ധതികളെ തകർക്കുമെന്നും മറ്റെല്ലാ മതങ്ങളുടെയുംമേൽ ഇസ്‌ലാമിനെ വിജയശ്രീലാളിതമാക്കുമെന്നും വിശുദ്ധഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. (9:30-33). ഈ വിജയം വാളുകൊണ്ടല്ല, ആത്മീയായുധങ്ങൾ കൊണ്ട് വാഗ്ദത്ത മസീഹ് മുഖേനയായിരുന്നു കൈവരിക്കേണ്ടിയിരുന്നത്. വാഗ്ദത്ത മസീഹ് ആഗതനാകുകയും ദൈവികനിർദ്ദേശപ്രകാരം മനുഷ്യകുലത്തിന്റെ ഹൃദയങ്ങൾ നേടാൻ എങ്ങനെയാണ് ആയുധങ്ങൾ പ്രയോഗിക്കേണ്ടതെന്ന് കാണിച്ചുതരികയും ചെയ്തു. ഇസ്‌ലാമിന്റെ വിജയത്തിന്റെ പ്രക്രിയയുടെ മുന്നോടിയായിട്ടാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. താൻ സ്ഥാപിച്ച ഈ പ്രസ്ഥാനം മുഖേന ഇസ്‌ലാമിനെ പുനരുദ്ധരിക്കാനുള്ള ആയുധങ്ങൾ നല്കാനാണ് താൻ ആഗതനായിരിക്കുന്നത്. ഇതിന് തന്റെ ആത്മീയ പിൻഗാമികളുടെ മാർഗ്ഗദർശനമുണ്ടാകും. താൻ ബീജാവാപം ചെയ്യുന്നതിന്നായിട്ടാണ് വന്നിരിക്കുന്നതെന്നും പിന്നീടത് പുഷ്പിക്കുകയും ശാഖകളോടുകൂടിയ വൻവൃക്ഷമായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ആ വൃക്ഷത്തിന്റെ വളർച്ച ആരാലും തടയാൻ സാദ്ധ്യമല്ലെന്നും ആ മഹാത്മാവും പ്രസ്താവിച്ചിരുന്നു. അങ്ങനെ തന്റെ ദൈവനിയുക്ത ദൗത്യം നിർവ്വഹിച്ചശേഷം 1908 മെയ് 26-ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

അദ്ദേഹത്തിന്റെ വിരഹം ജമാഅത്തിന് കനത്ത ആഘാതമായിരുന്നു. അംഗങ്ങളെല്ലാം പരിഭ്രാന്തരായി. എങ്ങോട്ടു തിരിയണമെന്നറിയാതെ കുഴങ്ങി. അല്ലാഹു തന്റെ അനുഗ്രഹവും കാരുണ്യവും മുഖേന തന്റെ കരുത്തുറ്റ കരംകൊണ്ട് ഹസ്റത്ത് മൗലവി നൂറുദ്ദീനെ ഖലീഫയാക്കിക്കൊണ്ട് അദ്ദേഹത്തിന്റെ ആത്മീയ നേതൃത്വത്തിൽ ജമാഅത്തംഗങ്ങളെ പുനർയോജിപ്പിച്ചു. ഒരപശബ്ദവും ഉണ്ടായില്ല. കഷ്ടമെന്നു പറയട്ടെ, താമസിയാതെ തുറന്നരീതിയിലല്ലെങ്കിലും, ഉറങ്ങിക്കിടന്ന അസംതൃപ്തിയുടെ അടയാളങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ജമാഅത്തിലെ ചില പ്രമുഖാംഗങ്ങൾ ജനാധിപത്യത്തെ സംബന്ധിച്ചും ഭരണഘടനയെ സംബന്ധിച്ചും പാർലമെന്റിനെ സംബന്ധിച്ചും ചിന്തിക്കാൻതുടങ്ങി. എന്നാൽ കൗതുകകരമെന്നു പറയട്ടെ, ഒന്നിക്കാനുള്ള രംഗമായി അവർ കണ്ടത് അവർക്ക് ഭൂരിപക്ഷമുള്ള സദർ അഞ്ചുമനെ (കേന്ദ്ര അസോസിയേഷൻ) ആയിരുന്നു. അത് സ്വയം പുതുക്കുന്നതാണെന്നും തിരഞ്ഞെടുക്കപ്പെടുന്നതോ ജനാധിപത്യപരമോ അല്ലെന്നും എന്നാൽ ഖലീഫ ജമാഅത്തിന്റെ ഐകകണ്ഠേനയുള്ള തിരഞ്ഞെടുപ്പ് മുഖേനയാണെന്നും തങ്ങളുടെതന്നെയാണെന്നുമുള്ള കാര്യം അവർ വിസ്മരിച്ചുകളഞ്ഞു. എന്നാൽ ആവശ്യം തികച്ചും ഉപരിപ്ലവപരമായിരുന്നു. ഖിലാഫത്ത് ഒരു ആത്മീയമായ മഹത്വമാണെന്നും അതിന് വളരെ വ്യക്തവും ശക്തവുമായ ദൈവികപിന്തുണയുടെ ദൃഷ്ടാന്തമുണ്ടെന്നുമുള്ള കാര്യമാണ് വിമതർ വിസ്മരിച്ചുകളഞ്ഞത്. (24:56) ദൈവികമാർഗ്ഗ ദർശനം ലഭിച്ച ഖലീഫമാർ നിർദ്ദേശിക്കുന്ന ആത്മീയവഴിയിലൂടെയാണ് ഇസ്‌ലാം വിജയിക്കേണ്ടിയിരുന്നത്. ദൈവനിയുക്തനായ, ദൈവികപ്രചോദിതനായ അധികാരസ്ഥമായ ഒരു ആത്മീയനേതൃത്വം പ്രസ്ഥാനത്തെ നയിക്കണമോ അല്ല സ്വയം പുതുക്കുന്ന ഒരു രജിസ്റ്റേഡ് അസോസിയേഷൻ പ്രസ്ഥാനത്തെ നിയന്ത്രിക്കണമോ? ഇതായിരുന്നു പ്രശ്നം. രണ്ടാമത് പറഞ്ഞതു മതിയെങ്കിൽ ആത്മീയത ഒന്നും ഇല്ല. അത് 24:56–ൽ പറഞ്ഞ ദൈവിക വാഗ്ദാനങ്ങളും ഉറപ്പുകളും ഇല്ലാത്തതായിരിക്കും. ഖിലാഫത്തിന്റെ ധീരപോരാളിയായ ഹസ്റത്ത് മൗലാനാ നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ മുൻപിൽ അവതരിപ്പിക്കപ്പെട്ട പ്രശ്നമിതായിരുന്നു. ആ പ്രശ്നത്തിൽനിന്ന് അദ്ദേഹം സൂത്രത്തിൽ ഒഴിഞ്ഞുമാറുകയോ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഭീഷണിക്ക് ഒരിഞ്ചുപോലും വഴങ്ങികൊടുക്കുകയോ ചെയ്തില്ല. അദ്ദേഹം പാറപോലെ ഉറച്ചുനിന്നു. വിഘടനവാദത്തിന്റേയും അസംതൃപ്തിയുടേയും തിരമാലകൾ അദ്ദേഹത്തിൽ മുട്ടി, നിസ്സാഹയമായ ആശയക്കുഴപ്പത്തിന്റെ നുരപോലെ ആയിത്തീർന്നു. അദ്ദേഹം ദൈവത്തിൽ പൂർണ്ണമായും ആശ്രയംകൊണ്ടു. ദൈവദൃഷ്ടിയിൽ തന്റെ നിലപാട് ന്യായീകരിക്കപ്പെട്ടതായി അദ്ദേഹം മനസ്സിലാക്കി. ജമാഅത്തിലെ ഉന്നതസ്ഥാനീയരാണ് തങ്ങളെന്ന് വ്യാമോഹിച്ചിരുന്ന പ്രമുഖ വ്യക്തികളുടെ നിന്തരമായ സമ്മർദ്ദത്തിന് ഹസ്റത്ത് നൂറുദ്ദീൻ ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഒരിക്കലെങ്കിലും വഴങ്ങിയിരുന്നെങ്കിൽ വാഗ്ദത്ത മസീഹ് നട്ട ആ വൃക്ഷം വളരെ വേഗം കരിഞ്ഞുപോകുമായിരുന്നു. എന്നാൽ അത്തരം ദയനീയ പതനം വിമതഗ്രൂപ്പിന്റെയും സംഘടനയുടെയും കാര്യത്തിലാണ് ദൃശ്യമായത്. അവസാനകാലത്ത് ഇസ്‌ലാം വിജയിക്കുമെന്ന വാഗ്ദാനം നിറവേറ്റപ്പെടാതെപ്പോകുമായിരുന്നു. അതാവട്ടെ ഇസ്‌ലാമിന്റെ തന്നെ സത്യത സംശയാസ്പമാക്കുമായിരുന്നു. എന്നാൽ ദൈവികവാഗ്ദാനം ഒരിക്കലുംതന്നെ പൂർത്തിയാവാതിരിക്കുന്നില്ല. ഖിലാഫത്ത് വ്യവസ്ഥിതി നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള ദൈവികോപകരണമായിരുന്നു ഹസ്റത്ത് മൗലവി നൂറുദ്ദീൻ. അതുമുഖേന ഇസ്‌ലാം വിജയിക്കേണ്ടതുണ്ടായിരുന്നു.

ആ ഉപകരണം എത്ര നല്ല നിലയിലും സത്യമായുമാണ് പ്രവർത്തിച്ചിരുന്നത് എന്ന് ഈ ഗ്രന്ഥത്തിന്റെ പേജുകളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. ആ പ്രവൃത്തിയുടെ ഫലങ്ങൾ അഹ്മദിയ്യത്താകുന്ന വൃക്ഷം ഇപ്പോൾത്തന്നെ നേടിയിട്ടുള്ള അഭിവൃദ്ധിയിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. അതിന്റെ അടിവേര് ഉറച്ചുനില്ക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ (ഉയർന്നുനില്ക്കുന്നതും) ആണ്. അതിന്റെ നാഥന്റെ കല്പന പ്രകാരം അത് അതിന്റെ പുതുഫലങ്ങൾ സദാ നല്കിക്കൊണ്ടിരിക്കുന്നു. (*14:25,26*) ഇതിന് വിപരീതമായി വിമതരുടെ വൃക്ഷം ഭൂമിയുടെ ഉപരിതലത്തിൽനിന്ന് അത് പിഴുതിടപ്പെട്ടിരിക്കുന്നു. അതിന് യാതൊരു അടിയുറപ്പുമില്ല. (*14:27*) ഹസ്റത്ത് മൗലാനാ നൂറുദ്ദീന്റെ ശ്രദ്ധയോടെയുള്ള ശുശ്രൂഷ കാരണം വാഗ്ദത്ത മസീഹിനാൽ വിതക്കപ്പെട്ട വിത്ത് അതിന്റെ മുള പുറത്തുകൊണ്ടുവന്നു. എന്നിട്ട് അതിനെ ശക്തിപ്പെടുത്തി. അനന്തരം അത് ബലം പ്രാപിച്ചു. അങ്ങനെ കർഷകർക്ക് കൗതുകം ജനിപ്പിക്കുന്നവിധത്തിൽ അത് അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നുനിന്നു. അതിന്റെ ഫലമായി അവിശ്വാസികൾക്ക് അവൻ കോപം ജനിപ്പിക്കും (*48:30*). നൂറുദ്ദീന് ദൈവം നല്കിയ ഭാഗം അതായിരുന്നു. അതദ്ദേഹം പരിപൂർണ്ണമായ നിലയിൽ നിർവ്വഹിച്ചു. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും മുഖേന അവന്റെ തൃപ്തിയുടെ തോട്ടത്തിൽ ഉന്നതമായ സ്ഥാനത്ത് അദ്ദേഹത്തിന് വാസം നല്കുമാറാകട്ടെ. (*ആമീൻ*)

(*അവസാനിച്ചു*)

## അറിയിപ്പ്

സത്യമിത്രത്തെ സംബന്ധിക്കുന്ന എല്ലാ എഴുത്തുകളും ലേഖനങ്ങളും താഴെക്കാണുന്ന വിലാസത്തിൽ മാത്രം അയക്കുക.

***സത്യമിത്രം***
***അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സ്***
***ഫോർട്ട് റോഡ്, കണ്ണൂർ– 670 001***

സന്ദേശം

# നമുക്കൊന്നിച്ചു മുന്നേറാം

പി.പി. നാസിറുദ്ദീൻ, അൻസാറുല്ലാഹ് സംസ്ഥാന നാസിം

**ആ**ദരണീയനും, പ്രിയങ്കരനും, കർമ്മരംഗത്ത് നിരന്തര സേവനത്തിൽ വ്യാപൃതനുമായിരുന്ന ജനാബ് ബിഎം കോയസാഹിബിന്റെ നിര്യാണത്തെ തുടർന്ന് അൻസാറുല്ലായുടെ കേരള നാസിം എന്ന ഭാരിച്ച ഉത്തരാവദിത്തം ഈ വിനീതനിൽ അർപ്പിതമായിരിക്കയാണ്. ഈ സ്ഥാനമാണ് അദ്ദേഹത്തെ ത്യാഗീവര്യനും സുസമ്മതനുമാക്കിത്തീർത്തത്. മതപരമായ ജ്ഞാനവും ഭൗതികമായ അറിവും അദ്ദേഹത്തിന് നല്ലവണ്ണം ഉണ്ടായിരുന്നു. മജ്‌ലിസ് അൻസാറുല്ലായുടെ ജിഹ്വയായ 'സത്യമിത്ര'ത്തെ സ്വന്തം മക്കളെപോലെയാണ് അദ്ദേഹം പരിപാലിച്ചുവളർത്തിയത്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും അത് മനോഹരവും ഗംഭീരവുമായി മാറിയപ്പോൾ അതിന്റെ പിന്നിലെ പ്രധാന ശക്തികേന്ദ്രം അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹം കേരളത്തിലുടനീളം പര്യടനം ചെയ്ത് മജ്‌ലിസുകളിലെ അൻസാറുല്ലായുടെ പ്രവർത്തനത്തെ ഊർജസ്വലമാക്കി എന്നതിൽ സംശയമില്ല. വിശുദ്ധ ഖുർആന്റെയും മറ്റ് ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെയും പാഠവിവരണങ്ങളിലൂടെ അദ്ദേഹം നമ്മുടെ മനസ്സിന് ആത്മീയമായ ഉണർവ് നല്കി. അദ്ദേഹത്തിന്റെ ഈ കർമ്മങ്ങളെ സാലിഹായ അമലുകളാക്കി അല്ലാഹു സ്വീകരിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അദ്ദേഹത്തിന് അല്ലാഹു മഗ്ഫിറത്ത് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിന് മനശാന്തിയും സമാധാനവും ജമാഅത്തിന് സേവനം ചെയ്യാനുള്ള ഭാഗ്യവും നൽകുമാറാകാട്ടെ. (*ആമീൻ*)

നാസിം അൻസാറുല്ലാഹ് എന്ന ഭാരിച്ച ഉത്തരവാദിത്തം എന്നെ ഏല്പിച്ചെങ്കിലും, എന്റെ പരിമിതികളെ കുറിച്ച് ഞാൻ തികച്ചും ബോധവാനാണ്. പക്ഷേ, നിങ്ങളുടെ എല്ലാവരുടേയും ദുആയും സഹകരണവും പിൻബലവും അല്ലാഹുവിന്റെ സഹായവും കൊണ്ട് എന്നിലർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റാൻ കഴിയുമെന്ന് ഞാൻ കരുതുന്നു.

മജ്‌ലിസ് അൻസാറുല്ലാഹ്, അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു പോഷകസംഘടനയാണ്. അതിന്റെ അർത്ഥം സൂചിപ്പിക്കുന്നതുപോലെ അത് അല്ലാഹുവിന്റെ ദീനിനെ സഹായിക്കുന്ന ഒരു പ്രസ്ഥാനമാണ്. ദൈവാനുഗ്രഹം തേടാൻ നിരന്തരമായി പ്രേരിപ്പിക്കുന്ന ഒരു സംഘമാണ് അൻസാറുല്ലാഹ്. ജീവിതത്തിന്റെ ശുദ്ധിയാണ് അൻസാറുകളുടെ മുഖമുദ്ര. കാലത്തിന്റെ ഇമാമിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക എന്നതാണ് നമ്മുടെ അജണ്ടയിലെ ആദ്യത്തെ ഇനം. ഓരോ അൻസാർ അംഗവും നന്മയുടെ ഉറവിടമായിരിക്കണമെന്ന് അത് നിഷ്കർഷിക്കുന്നു. നാല്പതിന്റെ പക്വതയിലാണ് നാം അൻസാറാവുന്നത്. നമ്മുടെയൊക്കെ ജീവന്റെ ജീവനായ നബിതിരുമേനി(സ)ക്ക് പ്രവാചകത്വം ലഭിച്ച പ്രായമാണത്. ജീവിതത്തിന്റെ സുഖലോലുപതകളൊക്കെ മാറ്റിവെച്ച് പരമമായ ശാന്തിയുടെ ലഭ്യതയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട വിലപിടിച്ച മുഹൂർത്തങ്ങളിലൊന്നാണിത്. അമലുസ്സ്വാലിഹാത്തിന്റെ പടവുകൾ സൂക്ഷ്മതയോടെ ചവിട്ടിക്കയറേണ്ട പ്രായമാണിത്. കാലത്തിന്റെ ഇമാമിന്റെ നിർദ്ദേശങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിൽ പ്രധാനം വിശുദ്ധഖുർആന്റെ പഠനമാണ്. അൽ വസിയത്ത് പദ്ധതിയിൽ ചേരാനുള്ള നിർദ്ദേശവും പരസ്പര സ്നേഹത്തോടും ഐക്യത്തോടും ജീവിക്കാനുള്ള ഉപദേശവുമെല്ലാം നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. ഇതിലൊക്കെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ നിങ്ങളുടെയെല്ലാം പ്രാർത്ഥനയും സഹകരണവും ഞാൻ പ്രതീക്ഷിക്കുകയാണ്. ഏതുകാര്യവും ആത്മാർത്ഥമായ സ്നേഹവും, സഹകരണവും ദുആയും അല്ലാഹുവിന്റെ അനുഗ്രഹവുമുണ്ടെങ്കിൽ നമുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഇതിൽ ഞാൻ ദൃഢമായും വിശ്വസിക്കുന്നു. നമുക്ക് ഒന്നിച്ച് മുന്നോട്ടുപോകാം. അല്ലാഹുവിന്റെ ഈ ആത്മീയജമാഅത്തിൽ വിശുദ്ധമനസ്സോടെ സർവ്വവും സമർപ്പണം ചെയ്ത് പരമകാരുണികന്റെ വരിഷ്ഠദാസരായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

മജ്‌ലിസ് അൻസാറുല്ലാഹ് പ്രവർത്തനറിപ്പോർട്ടുകളും മജ്‌ലിസിന്റെ മറ്റു വിവരങ്ങളും താഴെക്കാണുന്ന വിലാസത്തിൽ അയക്കുക.

***പി.പി. നാസിറുദ്ദീൻ***
***നാസിം, അൻസാറുല്ലാഹ് കേരള***
***അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സ്***
***ഫോർട്ട് റോഡ്, കണ്ണൂർ– 670 001***

# ജ: ബിഎം കോയസാഹിബ്

**മിർസാ വസീം അഹ്മദ്,**
**നാസിർ അഅ്ലാ ഖാദിയാൻ**



ഉന്നതമായ മാന്യതയുടേയും ലളിതമായ ജീവിതത്തിന്റേയും സൽപ്രകൃതത്തിന്റേയും നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനാകർമ്മങ്ങളുടേയും ഉടമസ്ഥനായിരുന്നു കോയസാഹിബ്. ഞാൻ അദ്ദേഹത്തിന്റെ സ്വഭാവപരമായ ഗുണവിശേഷങ്ങളെ അടുത്തും അകലെയും നിന്ന് കാണുകയുണ്ടായി. ജമാഅത്ത് വ്യവസ്ഥിതിയോട് സുദൃഢബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു.

ഇക്കാരണത്താൽ തന്നെയാണ് കേന്ദ്രപ്രതിനിധികളോടെല്ലാം– അവർ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരാവട്ടെ മുബല്ലിഗീംകളാവട്ടെ എല്ലാവരേയും അദ്ദേഹം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തത്. അതിഥി സൽക്കാരപ്രിയനായിരുന്നു എന്നതാണ് മറ്റൊരു ഉന്നതമായ ഗുണം.

പ്രഭാഷണങ്ങളിലും എഴുത്തുകളിലും പ്രത്യേക കഴിവ് അദ്ദേഹം നേടിയിരുന്നു. ഖലീഫത്തുൽ മസീഹിൽ നിന്നുവരുന്ന എല്ലാ പദ്ധതികളിലും ഭാഗഭാക്കായിരുന്നു. സാമ്പത്തിക ത്യാഗത്തിലും മുമ്പിലായിരുന്നു. ബിആർബി പ്രിന്റിംഗ് പ്രസ്സ് എന്ന പേരിൽ ഒരു പ്രസ്സും അദ്ദേഹം നടത്തിയിരുന്നു. ഇവിടെ അധികം അച്ചടിച്ചിരുന്നത് ജമാഅത്തിന്റെ ഗ്രന്ഥങ്ങളും കേരളത്തിൽനിന്ന് പ്രസിദ്ധീകരിക്കുന്ന ജമാഅത്തിന്റെ മാസികകളുമാണ്.

ജമാഅത്തിന്റെ വിവിധ സ്ഥാനങ്ങളിലേക്ക് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. മരണത്തിന് അല്പദിവസം മുമ്പുവരെ കണ്ണൂർ ടൗൺ ജമാഅത്തിന്റെ പ്രസിഡണ്ടായിരുന്നു അദ്ദേഹം. ഇതിനുപുറമെ തുടർച്ചയായി ഏറെക്കാലം കേരള മജ്‌ലിസ് അൻസാറുല്ലാഹ് നാസിമായും അദ്ദേഹം നിയമിതനായിരുന്നു. കേരള മജ്‌ലിസ് അൻസാറുല്ലാഹ് പ്രസിദ്ധീകരിച്ചുവരുന്ന 'സത്യമിത്രം' മാസിക അദ്ദേഹത്തിന്റെ ഔദ്യോഗിക പ്രവർത്തനകാലത്തെ ഉത്തമമായ സ്മരണികയാണ്. 2003–ൽ സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹു) അദ്ദേഹത്തെ അഞ്ചുമൻ തഹ്‌രീകെ ജദീദിന്റെ മെമ്പറാക്കിയതും അദ്ദേഹത്തിന് ലഭിച്ച ബഹുമതിയാണ്.

വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്നു അദ്ദേഹം. 6.11.04–ന് ദൈവവിധിയനുസരിച്ച് ഹൃദയസ്തംഭനംമൂലം നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാഇലയ്ഹി റാജിഊൻ.

അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും മറ്റു ബന്ധുക്കൾക്കും ക്ഷമിക്കാനുള്ള കഴിവ് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ കാലടിപ്പാതയിലൂടെ മുന്നോട്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

**അനുസ്മരണം**

# ജീവിതത്തെ ജിഹാദാക്കിയ നാസിം

**മുനീർ അഹ്മദ്, ഖാദിം സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്**

**കേ**രള സംസ്ഥാന മജ്‌ലിസ് അൻസാറുല്ലാഹ് നാസിം ബഹുമാന്യ പി.പി. നാസിറുദ്ദീൻ സാഹിബ്. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.

താങ്കളും മജ്‌ലിസിലെ അംഗങ്ങളും ജമാഅത്തിലെ സഹോദരങ്ങളും സുഖത്തിലും സൗഖ്യത്തിലുമായിരിക്കുമെന്ന് കരുതുന്നു.

ബഹു: ബിഎം കോയസാഹിബിന്റെ സത്സ്മരണകൾ ഉൾപ്പടുത്തിക്കൊണ്ട് 'സത്യമിത്രം' ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കാൻ പോകുന്നുവെന്നറിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹുതആല ഈ പ്രത്യേക പതിപ്പ് കേരള മജ്‌ലിസ് അൻസാറുല്ലായുടെ പ്രവർത്തനത്തിന് അനുഗൃഹീതമാക്കിത്തീർക്കട്ടെ. പരേതന്റെ സൽഗുണങ്ങളുടെയും ദീനിപരമായ സേവനങ്ങളുടെയും ചർച്ച കൊണ്ട് മജ്‌ലിസിലെ അംഗങ്ങളുടെ മനസ്സുകളിൽ പുതിയൊരു ആവേശവും ഉത്സാഹവും വികാരവും സേവനതൽപരതയും അലയടിക്കുമാറാകട്ടെ; മജ്‌ലിസുകൾ അഭിവൃദ്ധിയുടെയും ശക്തിയുടെയും കെട്ടുറപ്പിന്റെയും അടിസ്ഥാനത്തിൽ മുന്നേറുന്നതിനു വേണ്ടി.

ബിഎം കോയസാഹിബിന്റെ ജീവിതം മുഴുവൻ പ്രത്യേകിച്ച് അവസാനത്തെ പതിനഞ്ചുവർഷം മതപരമായ സേവനങ്ങളാൽ നിർഭരമായിരുന്നു. യു.എ.ഇ. ലെ ജീവിതകാലത്തും അദ്ദേഹം വിവിധരീതിയിൽ ജമാഅത്തിന് സേവനം ചെയ്തിട്ടുണ്ട്. പരേതൻ സാമ്പത്തികവും തൂലികാപരവുമായ ജിഹാദിന്റെ രംഗത്ത് ഒരു പുതിയ അധ്യായം തുറന്നു. പത്രപ്രവർത്തന രംഗത്തും അദ്ദേഹത്തിന്റെ സേവനങ്ങൾ വിസ്മരിക്കാൻ പറ്റുന്നതല്ല. വൈജ്ഞാനിക സാഹിത്യ പരിപാടികളിലും അദ്ദേഹം പങ്കെടുത്തു. മരിക്കുന്നതിന് അല്പനാൾ മുമ്പ്, ഖാദിയാനിലെ വാർഷിക ഇജ്തിമാ അവസരത്തിൽ നടന്ന പ്രബന്ധമത്സരത്തിൽ അദ്ദേഹം ഒന്നാം സ്ഥാനം കരസ്ഥമാക്കി. സത്യമിത്രത്തിൽ വന്ന അദ്ദേഹത്തിന്റെ ലേഖനങ്ങൾ അദ്ദേഹത്തിന്റെ ചിന്താശക്തിയുടേയും അറിവിന്റേയും കണ്ണാടിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ മജ്‌ലിസുകൾ ഒരുപാട് അഭിവൃദ്ധിപ്പെട്ടു. റിപ്പോർട്ട് അയക്കുന്ന കാര്യത്തിലും വാർഷിക ഇജ്തിമായിൽ പ്രതിനിധികളെ പങ്കെടുപ്പിക്കുന്ന കാര്യത്തിലും ചന്ദകൾ കൊടുക്കുന്ന കാര്യത്തിലും കേരളത്തിലെ മജ്‌ലിസുകൾ, ഇന്ത്യയിൽ ഒന്നാം നിരയിലുള്ള മജ്‌ലിസുകളിൽ എണ്ണപ്പെടാൻ തുടങ്ങി.

ജമാഅത്തിന്റെ കേന്ദ്രത്തോടും, കേന്ദ്ര ഉദ്യോഗസ്ഥന്മാരോടും ഓഫീസർമാരോടും ജമാഅത്തംഗങ്ങളോടും വലിയ സ്നേഹമായിരുന്നു അദ്ദേഹത്തിന്. മരിക്കുന്നതിന് രണ്ട് ദിവസം മുമ്പേ അദ്ദേഹം എനിക്കെഴുതിയ കത്തിലുള്ള വാക്കുകൾ, അദ്ദേഹത്തിന്റെ അതിയായ സ്നേഹവും കേന്ദ്രവുമായുള്ള ദൃഢമായ ബന്ധവും വിശ്വാസവും വിളിച്ചോതുന്നതാണ്.

അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മരണം ഉണ്ടാക്കിയിട്ടുള്ള ശൂന്യത അല്ലാഹു അവന്റെ അനുഗ്രഹംകൊണ്ടു തന്നെ നിറയ്ക്കുമാറാകട്ടെ. ബന്ധുമിത്രാദികൾക്കും മജ്‌ലിസ് അംഗങ്ങൾക്കും അദ്ദേഹത്തിന്റെ മാതൃക പിൻപറ്റിക്കൊണ്ട് ദീനീസേവനരംഗത്ത് മുന്നോട്ട് പദമൂന്നാൻ തൗഫീഖ് നല്കുമാറാകട്ടെ.

സത്യമിത്രം വായനക്കാർക്ക് എന്റെയും, കേന്ദ്രമജ്‌ലിസ് അൻസാറുല്ലാഹ് മജ്‌ലിസെ ആമില അംഗങ്ങളുടേയും സ്നേഹനിർഭരമായ സലാം.

വസ്സലാം, വിനീതൻ, മുനീർഅഹ്മദ് ഖാദിം,
സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

## മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് 'സത്യദൂതൻ' ചീഫ് എഡിറ്റർ




**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതന്റെ മുഖ്യപത്രാധിപരായി മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എച്ച്.എയെ നാസിർ സാഹിബ് നശ്റോ, ഇശാഅത്ത്, ഖാദിയാൻ നിയോഗിച്ചു.

ആലപ്പുഴ നിവാസിയായ മൗലവി സാഹിബ് 1978, മെയ്മാസത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ ബയ്അത്ത് ചെയ്ത് അംഗമായിച്ചേർന്നു. 79-ൽ ഖാദിയാനിൽ പോവുകയും 86-ൽ മൗലവി ഫാസിൽ പാസാകുകയും 87-ൽ മുബല്ലിഗായി കേരളത്തിൽ നിയോഗിതനാകുകയും ചെയ്തു. എറണാകുളത്തായിരുന്നു ആദ്യനിയമനം. വിശുദ്ധഖുർആന്റെ പരിഭാഷാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. മൂന്നുവർഷത്തിലേറെ സത്യദൂതന്റെ പത്രാധിപരുമായിരുന്നു. കൂടുതലും വിവർത്തന സാഹിത്യരംഗത്ത് സജീവമായിട്ടുള്ള മൗലവി സാഹിബ്, അമീറുൽ മുഅ്മിനീന്റെ ജുമുഅ ഖുത്ബകൾ മലയാളത്തിലേക്ക് തർജ്മ ചെയ്തുവരുന്നു. സർവശക്തനായ പടച്ചതമ്പുരാൻ സത്യദൂതന് നല്ലനിലയിൽ സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് നല്കുമാറാകട്ടെ.

അനുസ്മരണം

# കേരള മജ്‌ലിസുകളെ കർമ്മനിരതമാക്കിയ അതുല്യപ്രതിഭ

**അഖിലേന്ത്യാ മജ്. അൻസാറുല്ലാഹ് രേഖപ്പെടുത്തിയ പ്രമേയം**

മജ്‌ലിസ് അൻസാറുല്ലായുടെ കേരള നാസിമായി പ്രവർത്തിച്ചിരുന്ന ജനാബ് ബിഎം കോയസാഹിബ് ഇന്ന് കാലത്ത് (6.11.04) 6.30–ന് വഫാത്തായി എന്ന ദുഃഖകരമായ വാർത്ത ടെലഫോൺ മുഖേന ലഭിക്കുകയുണ്ടായി. പരേതന് 64 വയസ്സായിരുന്നു.

ഒരു നീണ്ടകാലം കേരള മജ്‌ലിസ് അൻസാറുല്ലായുടെ നാസിമായി പരേതൻ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. അതോടൊപ്പം അഞ്ചുമൻ തഹ്‌രീകെ ജദീദിന്റെ അംഗവുമായിരുന്നു. ഈ കാലയളവിൽ കേരളത്തിന്റെ മജ്‌ലിസുകളെ കർമ്മനിരതമാക്കാനും കേന്ദ്രവുമായി ബന്ധിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. എന്നുമാത്രമല്ല, 2004 ഒക്ടോബർ 1,2,3 തിയ്യതികളിൽ ഖാദിയാനിൽ നടന്ന അഖിലേന്ത്യാ ഇജ്തിമായിൽ കേരളത്തിൽനിന്ന് നിരവധി പ്രതിനിധികളുമായിട്ടാണ് അദ്ദേഹം പങ്കെടുത്തത്. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ അധ്വാനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഈ വർഷം കേരളത്തിന്, ഇന്ത്യയിൽവെച്ച് മികച്ച പ്രവർത്തനത്തിനുള്ള സംസ്ഥാനമെന്ന ബഹുമതിയും ലഭിച്ചു. നാസിർ അഅ്‌ലായുടെ നിർദ്ദേശപ്രകാരം ഇജ്തിമാന്റെ അവസരത്തിൽ മസ്ജിദ് മുബാറക്കിൽ മഗ്‌രിബ് ഇശാഅ് നമസ്കരിപ്പിക്കാനുള്ള ഭാഗ്യവും അദ്ദേഹത്തിന് കിട്ടി. അഖിലേന്ത്യാടിസ്ഥാനത്തിൽ ഈ വർഷം നടത്തിയ പ്രബന്ധമത്സരത്തിൽ ഒന്നാം സ്ഥാനത്തെത്തിയതും അദ്ദേഹമായിരുന്നു. സംസ്ഥാന ഇജ്തിമാ സംഘടിപ്പിച്ചുകൊണ്ട് മജ്‌ലിസുകളിൽ പുത്തൻ ഉണർവ്വുകൾ നിലനിർത്താനുള്ള അദ്ദേഹത്തിന്റെ പരിശ്രമം എന്നെന്നും സ്മരിക്കപ്പെടുന്നതാണ്.

കണ്ണൂർ ടൗൺ ജമാഅത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്നു അദ്ദേഹം. കണ്ണൂർടൗൺ ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി പരേതൻ വലിയ സേവനമാണ് ചെയ്തത്. അദ്ദേഹത്തിന്റെ വ്യക്തിഗതമായ പരിശ്രമത്താൽ തുടങ്ങിയ സത്യമിത്രം മാസിക അല്പകാലം കൊണ്ടുതന്നെ ജനസമ്മിതി നേടിക്കഴിഞ്ഞിരുന്നു. വൈജ്ഞാനികവും സാഹിത്യപരവുമായ രംഗങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തനം വിസ്മരിക്കാൻ സാധ്യമല്ല. സയ്യിദുനാ ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വഫാത്തായപ്പോൾ ഇറക്കിയ പ്രത്യേക സ്മരണിക അദ്ദേഹത്തിന്റെ പത്രപ്രവർത്തന കഴിവിനെ വിളിച്ചോതുന്നതാണ്. ഇപ്രകാരംതന്നെ നമ്മുടെ പ്രിയങ്കരരായ പണ്ഡിതന്മാരുടെ വേർപാടിനെ തുടർന്ന് പ്രസിദ്ധീകരിച്ച സ്മരണികയും എന്നും ഓർമ്മിക്കപ്പെടും. ഇതിൽ മർഹൂം മൗലാനാ അബുൽവഫാ സാഹിബ്, മർഹൂം മൗലാനാ അലവി സാഹിബ്, മർഹൂം ഡോക്ടർ മൻസൂർ അഹ്‌മദ് (നാഇബ് അമീർ സുബാഇ കേരള) എന്നിവരുടെ സ്മരണിക പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നതാണ്.

പരേതൻ കേന്ദ്ര ഉദ്യോഗസ്ഥരോട് അവാച്യമായ സ്നേഹവും ഹൃദ്യമായ ബന്ധവും പുലർത്തിയിരുന്നു. മരിക്കുന്നതിനും രണ്ട് ദിവസം മുമ്പ് അദ്ദേഹം കേന്ദ്ര മജ്‌ലിസ് അൻസാറുല്ലാക്ക് അയച്ച കത്ത് മരണത്തിന് രണ്ട് ദിവസം കഴിഞ്ഞാണ് ഇവിടെ ലഭിച്ചത്. അതിലെ അവസാനത്തെ വരികൾ ഇപ്രകാരമായിരുന്നു.

"കേരളത്തിലെ എല്ലാ അൻസാർ സഹോദരന്മാർക്കും ഹുസൂറിന്റെ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കുവാനുള്ള തൗഫീഖ് ലഭിക്കുന്നതിനായി ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. അല്ലാഹു താങ്കളുടേയും ഞങ്ങളുടേയും സംരക്ഷകനും സഹായിയുമാകുമാറാകട്ടെ." (4.11.04) ഇതിൽനിന്നുതന്നെ മജ്‌ലിസിനോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയും അടുപ്പവും മനസ്സിലാക്കാവുന്നതാണ്.

പരേതന്റെ കുടുംബത്തിൽ നാല് തലമുറകൾ ജമാഅത്തുമായി ബന്ധപ്പെട്ടിരിക്കുന്നവരാണ്. അദ്ദേഹത്തിന്റെ പിതാവ് മർഹൂം എ.വി. അബൂബക്കർ കോയ സാഹിബ് കോഴിക്കോട് ജമാഅത്തിലെ ആദ്യകാല അഹ്‌മദികളിൽപെട്ട ആളാണ്. അദ്ദേഹത്തിന്റെ മാതൃപിതാവ് ജ: എ.പി. ഇബ്‌റാഹിം സാഹിബ് 1912–ൽ ഖാദിയാനിൽ വരികയും ഹ: ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ(റ) കയ്യിൽ ബൈഅത്ത് ചെയ്യുകയും ചെയ്തിട്ടുണ്ട്. 1912 മുതൽ 1916 വരെ ജ: ഇബ്‌റാഹിം സാഹിബ് ഖാദിയാനിൽ താമസിക്കുകയും മതവിദ്യാഭ്യാസവും ശിക്ഷണവും കരസ്ഥമാക്കുകയും, 1917–ൽ ഹ: ഖലീഫത്തുൽ മസീഹ് രണ്ടാമൻ (റ)ന്റെ നിർദ്ദേശപ്രകാരം ശ്രീലങ്കയിൽ മുബല്ലിഗായി നിയമിതനാവുകയും ചെയ്തു. അവിടെത്തെ ജമാഅത്തുകളെ ശക്തിപ്പെടുത്തുന്നതിലും കെട്ടുറപ്പുള്ളതാക്കുന്നതിലും സ്തുത്യർഹമായ സേവനമാണ് അദ്ദേഹം കാഴ്ചവെച്ചിട്ടുള്ളത്. ചുരുക്കത്തിൽ തന്റെ ഉപ്പാപ്പയുടെ മാർഗ്ഗം പിൻതുടർന്നുകൊണ്ട് നല്ലനിലയിൽ

സേവനം ചെയ്യാൻ കോയസാഹിബിന് അവസരം കിട്ടി.

ബി. അബ്ദുറഹിമാൻ സാഹിബിന്റെ മകൾ ഫാത്തിമയാണ് ഭാര്യ. മൻസൂർ മുഹമ്മദ്, നിസാർ മുഹമ്മദ്, സിദ്ദീഖ് മുഹമ്മദ്, നസീം മുഹമ്മദ്, ജസീം മുഹമ്മദ്, ഹസീം മുഹമ്മദ് എന്നിവരാണ് മക്കൾ.

കോയസാഹിബിന്റെ ആകസ്മികമായ മരണം ഭാരത മജ്‌ലിസ് അൻസാറുല്ലായെ ദുഃഖത്തിലാഴ്ത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഈ പെട്ടെന്നുള്ള വിയോഗത്തിൽ മജ്‌ലിസിലെ എല്ലാ അംഗങ്ങളും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും ബന്ധുമിത്രാദികൾക്കും അനുശോചനം അറിയിക്കുകയും ദുഃഖം രേഖപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ബന്ധുമിത്രാദികൾക്കെല്ലാം ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള തൗഫീഖും ലഭിക്കുമാറാകട്ടെ.

ഈ റിപ്പോർട്ട് മജ്‌ലിസ് അൻസാറുല്ലാഹ് ഓഫീസിൽ രേഖപ്പെടുത്താനും അദ്ദേഹത്തിന്റെ ഭാര്യയേയും മക്കളേയും അനുശോചനം അറിയിക്കാനും അമീർ സാഹിബിനും ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങൾക്കും പ്രസിദ്ധീകരിക്കുന്നതിനായി അയക്കാനും തീരുമാനം എടുത്തിരിക്കുന്നു.

**അഖിലേന്ത്യാ മജ്‌ലിസ് അൻസാറുല്ലാഹ് മുൻ സദ്ർ മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് തന്റെ അനുശോചന കുറിപ്പിലെഴുതുന്നു:**

കോയസാഹിബിന്റെ മരണവാർത്ത അപ്രതീക്ഷിതവും ഹൃദയത്തെ പിടിച്ചുലയ്ക്കുന്നതുമായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരിതൂകുന്ന മുഖം, സ്നേഹമയമായ പെരുമാറ്റം, ദീനീസേവനത്തിനുള്ള ഉത്സുകത, സാത്വികത, തഖ്‌വ ഓരോന്നും മനസ്സിൽ ഓടിയെത്തുകയാണ്. പ്രത്യേകിച്ച് എന്നോടുള്ള അദ്ദേഹത്തിന്റെ നിർമ്മല സ്നേഹവും ആത്മാർത്ഥതയും ഒരിക്കലും മറക്കാൻ കഴിയില്ല. നിങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ.

കോയസാഹിബ് 4.11.04–ന് എനിക്കയച്ച കത്ത് ഇന്ന് (9.11.04) കിട്ടി. ഖാദിയാനിൽനിന്നും നാട്ടിൽ സുഖകരമായി തിരിച്ചെത്തിയ വിവരവും റമളാനിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്ന അപേക്ഷയും നടത്തിക്കൊണ്ടുള്ളതായിരുന്നു അത്. അതു വായിച്ചപ്പോൾ കണ്ണുകൾ നിറഞ്ഞുപോയി. മരണത്തിനുശേഷവും അദ്ദേഹത്തിന്റെ കത്ത് എനിക്ക് ലഭിക്കുമെന്ന് തീരെ പ്രതീക്ഷിച്ചതല്ല. തന്റെ സാമീപ്യം നല്കി അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ.

**നാസിർ സാഹിബ് ഇസ്‌ലാഹോ ഇർശാദ് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി:**

ജനാബ് ബിഎം കോയസാഹിബിന്റെ പെട്ടെന്നുള്ള നിര്യാണവാർത്ത അറിഞ്ഞപ്പോൾ അസഹ്യമായ ദുഃഖവും വേദനയുമാണുണ്ടായത്. അദ്ദേഹം ധൈര്യശാലിയും നിഷ്ക്കളങ്കനും സാത്വികനുമായിരുന്നു. എനിക്ക് അദ്ദേഹത്തിനോട് വളരെ ആദരവുണ്ടായിരുന്നു. ഇജ്തിമാന്റെ അവസരത്തിൽ അദ്ദേഹത്തെ കാണുകയും, അദ്ദേഹത്തിന്റെ കർമ്മോത്സുകത കണ്ട് സന്തോഷിക്കുകയും ചെയ്തു. പക്ഷേ, വളരെ പെട്ടെന്ന് അദ്ദേഹം നമ്മളിൽനിന്ന് വിടവാങ്ങുകയും അല്ലാഹുവിന് സംപ്രീതനായിത്തീരുകയും ചെയ്തു. അല്ലാഹു തആല ഉന്നതസ്ഥാനിയരോടൊപ്പം അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കുമാറാകട്ടെ.

**തഹ്‌രീകെ ജദീദ് കാര്യാലയത്തിന്റെ റിപ്പോർട്ട്:**

6.11.04–ന് രാവിലെ 6.30–ന് അഞ്ചുമൻ അഹ്മദിയ്യാ തഹ്‌രീകെ ജദീദ് മെമ്പറായ ജനാബ് ബിഎം കോയ സാഹിബ് ഹൃദയസ്തംഭനംമൂലം മരിച്ചവിവരം ടെലഫോൺ സന്ദേശത്തിലൂടെ അറിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. അങ്ങേയറ്റം ലളിതമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു പരേതൻ. സൽപ്രകൃതിയും നോമ്പ് നമസ്കാരാദികർമ്മങ്ങളിൽ നിഷ്ഠയും കേന്ദ്രപ്രതിനിധികളെ ഒരുപാട് ആദരിക്കുകയും ചെയ്തിരുന്നു. ഖലീഫാ തിരുമനസ്സ് ആഹ്വാനം ചെയ്ത ഓരോ പദ്ധതിയിലും ആവേശത്തോടെ അദ്ദേഹം പങ്കെടുത്തിരുന്നു. ജമാഅത്തീപരമായ പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഭാഗഭാക്കായിരുന്നു. ബി.ആർ.ബി. പ്രിന്റിംഗ് പ്രസ്സ് നടത്തിവരികയായിരുന്നു അദ്ദേഹം. ഈ പ്രസ്സിൽ അധികവും ജമാഅത്തിന്റെ ഗ്രന്ഥങ്ങളും കേരളത്തിൽ നിന്നിറങ്ങുന്ന ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളുമാണ് അച്ചടിക്കുന്നത്.

കേരള മജ്‌ലിസ് അൻസാറുല്ലായുടെ നാസിമും മജ്‌ലിസിന്റെ പ്രസിദ്ധീകരണമായ സത്യമിത്രം മാസികയുടെ എഡിറ്ററുമായിരുന്നു. എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും ജമാഅത്തിന് സേവനം ചെയ്യുവാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഈ വർഷം അഖിലേന്ത്യാ ഇജ്തിമായിൽ പങ്കെടുക്കാൻ ഖാദിയാനിൽ വന്നു. നല്ല പ്രവർത്തനങ്ങൾക്കുള്ള സമ്മാനവും അദ്ദേഹിന് ലഭിച്ചു. കണ്ണൂർ ടൗൺ ജമാഅത്തിന്റെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മരിക്കുമ്പോൾ 64 വയസ്സായിരുന്നു.

അദ്ദേഹം അഞ്ചുമൻ അഹ്മദിയ്യാ തഹ്‌രീകെ ജദീദിന്റെ മെമ്പറായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ അഞ്ചുമൻ അഹ്മദിയ്യാ തഹ്‌രീകെ ജദീദ് അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

●

അനുസ്മരണം

# ആരേയും ബുദ്ധിമുട്ടിക്കാതെ ബിഎം

എ.പി. കുഞ്ഞാമു, സുബായ് അമീർ

പരേതാത്മാക്കളുടെ സൽഗുണങ്ങൾ അനുസ്മരിക്കാൻ ഇസ്മാലിൽ അനുവാദമുണ്ട്. അതുകൊണ്ടുതന്നെ ഒരു പതിറ്റാണ്ട് മജ്‌ലിസ് അൻസാറുല്ലാ കേരള നാസിമായി സേവനം അനുഷ്ഠിച്ച ബിഎം കോയസാഹിബിനെ ഞാനിവിടെ ആദരവോടെ സ്മരിക്കുകയാണ്. ഔദ്യോഗികസ്ഥാനത്ത് ദീർഘകാലം തുടരുക എന്നത് അംഗീകാരമാണെന്നതിൽ സംശയമില്ല. അൻസാറുല്ലാഹ് സംസ്ഥാന നാസിമുമാരുടെ നിയമനം ഏറിയാൽ രണ്ട് കാലാവധിവരെയാണ്. അതിനുശേഷം മറ്റൊരാളുടെ പേര് നിർദ്ദേശിക്കുകയാണ് പതിവ്. സൂബായി അമീർ എന്ന നിലയിൽ മജ്‌ലിസ് അൻസാറുല്ലായുടെ നാസിമായി രണ്ടു തവണയും കോയസാഹിബിന്റെ പേര് നിർദ്ദേശിച്ചു. മൂന്നാമത്തെ തവണയും അദ്ദേഹത്തിന്റെ പേര് നിർദ്ദേശിച്ചുകൊണ്ട് മൂന്നാമതും ഒരാൾക്ക് നാസിം ആകാൻ അനുവാദമുണ്ടെങ്കിൽ കോയസാഹിബിനെ തന്നെ ആ സ്ഥാനത്ത് നിയോഗിക്കണമെന്ന് ഞാനെഴുതി. അത് അംഗീകരിക്കുകയും അതിനുശേഷം തുടർച്ചയായി പത്തുകൊല്ലം അദ്ദേഹം ആ മഹനീയ സ്ഥാനം വളരെ സ്തുത്യർഹമായ നിലയിൽ തുടർന്നുവരികയും ചെയ്തു. ആ സ്ഥാനത്ത് ഇരിക്കവെയാണ് അല്ലാഹു അദ്ദേഹത്തെ നമ്മളിൽനിന്നും കൊണ്ടുപോയത്. അദ്ദേഹം കണ്ണൂർ ടൗൺ ജമാഅത്തിന്റെ പ്രസിഡണ്ടായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മരണസമയത്ത് അദ്ദേഹം പ്രസ്തുത ജമാഅത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്നു. തഹ്‌രീകെ ജദീദിന്റെ (ഭാരത്) ഒരംഗമായിരുന്നു എന്നത് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിലെ മറ്റൊരു പൊൻതൂവലാണ്. എഴുതാനും പ്രസംഗിക്കാനും കഴിവുള്ള ആളായിരുന്നു അദ്ദേഹം. അദ്ദേഹം എഴുത്തിലും പ്രസംഗത്തിലും തന്റേതായ സ്വന്തം ശൈലിയുടെ ഉടമയും ആയിരുന്നു. ഗൾഫിൽ നിന്നും അദ്ദേഹം തിരിച്ചുവന്ന് 'ബിആർബി' എന്ന ഒരു ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് കണ്ണൂർ മേലേചൊവ്വയിൽ സ്ഥാപിക്കുകയും പിന്നീട് കണ്ണൂർ ടൗണിൽ അദ്ദേഹത്തിന്റെ വീടിനടുത്ത് സ്വന്തം കെട്ടിടത്തിൽ അത് തുടരുകയും ചെയ്തു. അദ്ദേഹം ജമാഅത്തിന്റെ ജിഹ്വ ആയ 'സത്യദൂതൻ' മാസികയുടെ പത്രാധിപരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മതമാസികയുടെ പത്രാധിപരാകുക എന്നുള്ളത് ചില്ലറകാര്യമല്ല. ചിലപ്പോൾ പത്രാധിപർതന്നെ പല തൂലികാനാമത്തിൽ മുഴുവൻ ലേഖനവും എഴുതേണ്ടതായി വരും. അങ്ങനെ പലപ്പോഴും അദ്ദേഹത്തിനും, അതിനുമുമ്പ് ഒരു ദീർഘകാലം സത്യദൂതന് വേണ്ടി സേവനം അനുഷ്ഠിച്ച ജ:എൻ. അബ്ദുറഹീം സാഹിബിനും ചെയ്യേണ്ടി വന്നിട്ടുണ്ട്. ദീർഘകാലം സത്യദൂതൻ അച്ചടിച്ചത് ബിആർബിയിൽ തന്നെയായിരുന്നു. ഇപ്പോൾ അവിടെതന്നെയാണ് 'സത്യമിത്രം' മാസിക പ്രിന്റ് ചെയ്യുന്നത്. കൂടാതെ വിവർത്തനം ചെയ്തതും അല്ലാത്തതുമായ ജമാഅത്തിന്റെ പല പുസ്തകങ്ങളും അദ്ദേഹത്തിന്റെ പ്രസ്സിൽനിന്നാണ് അച്ചടി പൂർത്തിയാക്കിയത്. ബിആർബി പ്രസ്സ് അഹ്മദികളുടെ ഒരു സ്വന്തം പ്രസ്സ് പോലെയായിരുന്നു. ഈ പ്രസ്സ് അദ്ദേഹത്തിന്റെ നാസിം എന്ന ഔദ്യോഗിക പ്രവർത്തനങ്ങളെ വളരെ സഹായിച്ചിട്ടുണ്ട്. കേന്ദ്രനിർദ്ദേശങ്ങളും സുബായി നിർദ്ദേശങ്ങളുമൊക്കെ അധികവും പ്രിന്റ് ചെയ്താണ് അയച്ചിരുന്നത്. പിന്നീട് അദ്ദേഹം അൻസാറുല്ലാഹ് അംഗങ്ങളുടെ ശിക്ഷണത്തിന് പ്രാമുഖ്യം നല്കി 'അൻസാർ' എന്ന ത്രൈമാസിക ജമാഅത്തിനകത്ത് വിതരണം ചെയ്തു. അൻസാർ ത്രൈമാസികയെ, മാസികയാക്കി മാറ്റണമെന്ന ഉൽക്കടമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അത് പൊതുജനങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം കേന്ദ്രത്തിൽനിന്നും അനുവാദം വാങ്ങുകയും ചെയ്തു. അതാണ് 'സത്യമിത്രം.' സത്യദൂതൻ പത്രാധിപരെന്ന നിലയിൽ അതിന്റെ അനുഭവസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടുതന്നെ സത്യമിത്രത്തിന്റെ ചുക്കാൻ മുഴുവനും അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. പൊതുവിൽ പത്രാധിപർ എന്ന നിലയിൽ വല്ലവരോടും ലേഖനം ആവശ്യപ്പെട്ടാലും ബുദ്ധിമുട്ടാണ്. കാരണം അവർ അയക്കുന്ന ഏതെങ്കിലും ലേഖനം പ്രസിദ്ധീകരിക്കാതിരുന്നാൽ പിന്നെ അവരുടെ വിരോധവും സമ്പാദിക്കേണ്ടിവരും. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്തങ്ങളെല്ലാം സ്തുത്യർഹമായി നിർവ്വഹിച്ച നിലയിൽ അദ്ദേഹത്തിന് സ്രഷ്ടാവിന്റെയടുക്കൽ പോകാൻ സാധിച്ചു എന്നുള്ളത് ചില്ലറ കാര്യമല്ല. ആരേയും ബുദ്ധിമുട്ടിക്കാതെ കുടുംബമിത്രാദികൾക്കൊന്നും ഒരു ക്ലേശവും നല്കാതെ അദ്ദേഹം അല്ലാഹുവിന്റെ സവിധത്തിൽ കരേറി.

സുബായി അമീറെന്ന നിലയിൽ മജ്‌ലിസ് അൻസാറുല്ലായുടെ എല്ലാ പരിപാടികളും ഞാനുമായി ആലോചിച്ചേ അദ്ദേഹം ചെയ്യാറുണ്ടായിരുന്നുള്ളൂ. മരിക്കുന്നതിന് കുറച്ചു മുമ്പ് അദ്ദേഹം കേരള ജമാഅത്തുകളിൽ പര്യടനം നടത്തിയിരുന്നു. അതുപോലും ഞാനുമായി ആലോചിച്ചാണ് അദ്ദേഹം നിർവ്വഹിച്ചത്. ഇതൊരു നല്ല മാതൃകയാണ്. അദ്ദേഹം ഭാര്യയേയും ആറ് ആൺമക്കളേയും വിട്ടേച്ചാണ് പോയത്. അല്ലാഹു(ത) അവർക്ക് ക്ഷമ നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിനും കേരള മജ്‌ലിസ് അൻസാറുല്ലാക്കും എന്റെ അനുശോചനം അറിയിക്കുന്നു. അല്ലാഹു(ത) അദ്ദേഹത്തിന്റെ മക്കൾക്കും ദീനിന് സേവനം ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. പരേതാത്മാവിന് അല്ലാഹു മഗ്ഫിറത്തും മർഹമത്തും ജന്നത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

●

അനുസ്മരണം

# യശഃശരീരനായ ബിഎം കോയസാഹിബ്

മുഹമ്മദ് ഉമർ. എച്ച്.എ, കോഴിക്കോട്

ജനാബ് ബിഎം കോയസാഹിബിന്റെ വിയോഗം അദ്ദേഹവുമായി എപ്പോഴും ഇടപഴകിക്കൊണ്ടിരുന്നവരുടെ ഹൃദയത്തിൽ വല്ലാത്തൊരു ആഘാതമാണുണ്ടാക്കിയിരിക്കുന്നത്. ബിഎം കോയസാഹിബ് വഫാത്തായി പല ആഴ്ചകൾ കഴിഞ്ഞുവെങ്കിലും അദ്ദേഹം വഫാത്തായി എന്ന് ഉറച്ച് വിശ്വസിക്കുവാൻതന്നെ പ്രയാസം തോന്നുന്നു. അദ്ദേഹത്തെക്കുറിച്ച് 'പരേതൻ' എന്ന വാക്കുപയോഗിക്കുവാൻതന്നെ മനസ്സ് സമ്മതിക്കുന്നില്ല. വഫാത്താകുന്ന തലേന്നുരാവിലെ വരെ അദ്ദേഹവുമായി സുദീർഘനേരം ഫോണിലൂടെ സംസാരിച്ചിരുന്നു. അന്ന് മഗ്‌രിബിനുശേഷം അദ്ദേഹത്തിനു കഠിനമായ ഹൃദയാഘാതം ഉണ്ടായെന്നും പിറ്റേന്നു തന്റെ യഥാർത്ഥ യജമാനനിലേക്ക് യാത്രയായെന്നും ഉള്ള വേദനാജനകമായ വാർത്തയാണ് കേൾക്കുവാൻ സാധിച്ചത്. മർഹൂമിന്റെ വളരെ ശാന്തവും നേരിയ പുഞ്ചിരിതൂകുന്നതുമായ മുഖം കണ്ടപ്പോൾ അത് നമ്മുടെ പ്രിയങ്കരനായ കോയസാഹിബിന്റെ മരിച്ചമുഖമാണെന്നുതന്നെ തോന്നിയിരുന്നില്ല. അത്രമാത്രം പ്രശാന്തസുന്ദരമായിരുന്നു ആ മുഖം.

അദ്ദേഹവുമായി അടുത്ത സമ്പർക്കംവെച്ച ആർക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു. കേന്ദ്രത്തിലുള്ള എല്ലാ നാസിർ അഥവാ വകുപ്പു മേലദ്ധ്യക്ഷന്മാർക്കും അദ്ദേഹം ആദരണീയനും പ്രിയങ്കരനുമായിരുന്നു. നല്ലൊരു പ്രഭാഷകൻ, സ്വതസിദ്ധമായ ശൈലിയുള്ള എഴുത്തുകാരൻ എന്നീ നിലകളിൽ വാമൊഴിയിലും വരമൊഴിയിലും അദ്ദേഹം അപൂർവ്വപ്രതിഭയായിരുന്നു. വിശുദ്ധഖുർആനോട് പരേതന് വളരെയധികം പ്രതിപത്തിയുണ്ടായിരുന്നു. സത്യമിത്രത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്ന ഹസ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്‌സീർ കബീറിന്റെ വിവർത്തനവും യാ അയ്യുഹല്ലദീന ആമനൂ എന്നു തുടങ്ങുന്ന അദ്ദേഹത്തിന്റെ പല ലേഖനങ്ങളും ഇതിനുദാഹരണമാണ്.

മർഹൂം പല ഗ്രന്ഥങ്ങളും രചിക്കുകയും വിവർത്തനം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതൊക്കെ മർഹൂമിന്റെ സദ്ഖാ ജാരിയ അഥവാ എന്നെന്നും നിലനില്ക്കുന്ന ദാനമാണ്. സത്യമിത്രം മാസികയും വിവിധ തൂലികാനാമങ്ങളിലുള്ള അദ്ദേഹത്തിന്റെ വിജ്ഞാനപൂർണ്ണങ്ങളായ ലേഖനങ്ങളും കേരള അഹ്മദിയ്യാ സാഹിത്യത്തിന് മുതൽകൂട്ടാണ്. പരേതന്റെ പത്തുവർഷത്തെ സുദീർഘമായ നിസ്വാർത്ഥസേവനം കേരള മജ്‌ലിസ് അൻസാറുല്ലാക്ക് ഓജസ്സും തേജസ്സും നൽകിയിരുന്നു.

മർഹൂമിനെക്കുറിച്ച് വിശദീകരിക്കുവാൻ പലതും പലതുമുണ്ട്. 1961 മുതൽ വഫാത്തിന് ചില മണിക്കൂറുകൾക്കു മുമ്പുവരെ നീണ്ടുനിന്നിരുന്ന ഞങ്ങളുടെ സൗഹൃദബന്ധം അനുസ്മരണീയമാണ്. മതപരവും ശറഇയുമായ പല വിഷയങ്ങളെക്കുറിച്ചും ഞങ്ങൾ സുദീർഘമായി ടെലിഫോണിൽ ബന്ധപ്പെടാറുണ്ടായിരുന്നു. ഞാനാണാദ്യം ഫോൺ ചെയ്യുന്നതെങ്കിൽ ഏറെ സംസാരിക്കേണ്ടി വന്നാൽ എന്നോട് ഫോൺ കട്ട് ചെയ്യുവാൻ പറഞ്ഞുകൊണ്ട് ഉടനെ ഫോൺ ചെയ്ത് ചർച്ച തുടരുമായിരുന്നു. അങ്ങനെ അദ്ദേഹം എന്റെ ഫോൺ ചെലവ് നിയന്ത്രിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ചരമവാർത്തയറിഞ്ഞ് എന്റെ മകൾ വിതുമ്പിക്കൊണ്ട് പറഞ്ഞു "കോയസാഹിബ് ഫോൺ ചെയ്താൽ ഒന്നു മൗലവി സാഹിബിനെ തരുമോ എന്നാണെപ്പോഴും പറയാറുള്ളത്." അദ്ദേഹം എല്ലാ മുബല്ലിഗുമാർക്കും മുഅല്ലിമീങ്ങൾക്കും ഒട്ടേറെ പ്രിയങ്കരനായിരുന്നു.

ചുരുക്കത്തിൽ മർഹൂമിന്റെ ജീവിതം ഒരു ലഡ്ഡു പോലെയായിരുന്നു. ഏതുഭാഗത്തു നിന്നെടുത്താലും അത് മധുരിക്കും. അതെ, അദ്ദേഹവുമായി എന്നും ഇടപഴകിയവർക്ക് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഓരോ വശവും മാധുര്യമേറിയതായിട്ട് അനുഭവപ്പെട്ടിരുന്നു. ഏതായാലും അദ്ദേഹം നമ്മെ വിട്ടുപോയി. ജനിച്ചവൻ മരിക്കണമെന്ന അല്ലാഹുവിന്റെ ശാശ്വതമായ നിയതിക്കു മുന്നിൽ ആർക്കുംതന്നെ തലകുനിക്കാതെ നിവൃത്തിയില്ല.

***കുല്ലുമൻഅലൈഹാഫാൻ*** ഭൂമുഖത്തുള്ളതെല്ലാം നശ്വരമാണെന്നതും ***കുല്ലു നഫ്‌സിൻ ദായിഖത്തുൽ മൗത്തി*** ഓരോ നഫ്‌സും മരണത്തെ രുചിച്ചറിയുന്നതാണ് എന്നതും ദൈവവിധിയാണ്. അതിനെ മറികടക്കുവാൻ ആർക്കും സാധ്യമല്ല.

ഹസ്‌റത്ത് മഹ്ദീ മസീഹ്(അ) തന്റെ ഒരു കവിതയിൽ പറയുന്നു

"ദുൻയാ ഭീ ഇക് സറാഹെ
ബിച്ഛ്ഡേഗ ജോ മിലാഹെ
ഗർ സൗബറസ് റഹാഹെ
ആഖിർകൊ ഫിർ ജുദാഹെ

അതായത് ഈ ദുൻയാവ് ഒരു സത്രമാകുന്നു. ഇവിടെവെച്ച് കണ്ടുമുട്ടുന്നവരെല്ലാം വിട്ടകലുന്നവരായിരിക്കും. ഒരു നൂറുവർഷംതന്നെ ഇവിടെ തങ്ങേണ്ടിവന്നാലും അവസാനം വിടപറയേണ്ടിവരും.

അങ്ങനെ, ബിഎം കോയസാഹിബും നമ്മെ വിട്ടുപിരിഞ്ഞു. അല്ലാഹു പരേതന് മഗ്‌ഫിറത്തും നിത്യശാന്തിയും നല്കിയനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹം തുടങ്ങിവെച്ച സൽക്കർമ്മങ്ങളെല്ലാം ഒരു സദ്ഖാ ജാരിയയെന്നോണം അദ്ദേഹത്തിന്റെ പിൻഗാമികൾക്ക് തുടർന്നു നടത്തുവാനുള്ള സൗഭാഗ്യം നല്കിയനുഗ്രഹിക്കുമാറാകട്ടെ. ●

അനുസ്മരണം

# കോയാസാഹിബിനെ ഓർക്കുമ്പോൾ

**എം. ജമീൽ അഹ്മദ്, കണ്ണൂർ**

**ക**ഴിഞ്ഞ കുറേവർഷങ്ങളായി ജമാഅത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു മർഹൂം ബിഎം കോയാസാഹിബിന്റേത്. ജമാഅത്തിന്റെ, പ്രത്യേകിച്ച് മജ്ലിസ് അൻസാറുല്ലായുടെ, മുഴുവൻസമയ പ്രവർത്തകനായിരുന്നു അദ്ദേഹമെന്ന് പറഞ്ഞാൽ തെറ്റാവില്ല. താൻ പ്രവർത്തിച്ച മണ്ഡലങ്ങളിലൊക്കെ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഒരുപക്ഷെ, നമുക്ക് പലർക്കുമറിയാത്ത ഒരു ബാല്യവും യൗവ്വനവുമായിരുന്നു അദ്ദേഹത്തിന്റേത്. അത് ഏറെ സംഭവബഹുലമായിരുന്നു.

കോഴിക്കോട്ടെ എ.വി. അബൂബക്കർകോയ സാഹിബിന്റേയും പഴയങ്ങാടിയിലെ ബി. റസിയാബി സാഹിബയുടെയും മകനായി അദ്ദേഹം 1940–ൽ പഴയങ്ങാടിയിൽ ജനിച്ചു. ലോവർ പ്രൈമറി വിദ്യാഭ്യാസം പഴയങ്ങാടി ഗവ. മാപ്പിള സ്കൂളിൽ പൂർത്തിയാക്കിയ ശേഷം പിതാവ് അദ്ദേഹത്തെ കോഴിക്കോട്ടേക്ക് കൊണ്ടുപോയി. അവിടെ പിതൃസഹോദരിയുടെ കൂടെ താമസിച്ച് എം.എം. ഹൈസ്കൂളിൽ അപ്പർ പ്രൈമറി വിദ്യാഭ്യാസം തുടർന്നു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിച്ച കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. പിതാവ് അക്കാലത്ത് രോഗിയായിരുന്നു. മാതാവിന്റെ ആരോഗ്യവും തൃപ്തികരമായിരുന്നില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ബാല്യം അത്ര സന്തോഷകരമായിരുന്നില്ല.

എഴുതാനുള്ള കഴിവ് അദ്ദേഹത്തിന് പൈതൃകമായി ലഭിച്ചിരുന്നു. പ്രതികൂലമായ ജീവിത സാഹചര്യങ്ങളിലും അത് വളർത്തിയെടുക്കുവാനദ്ദേഹത്തിന് സാധിച്ചു. അന്നുമുതൽതന്നെ അദ്ദേഹം എഴുതി തുടങ്ങി. ഒപ്പം ധാരാളം വായിക്കുകയും ചെയ്തു. പക്ഷെ, വീട്ടിലെ സാഹചര്യങ്ങളും, പിതാവിന്റെ അസുഖവും ഒക്കെ ചേർന്നുണ്ടാക്കിയ സമ്മർദ്ദം ആ കൊച്ചുമനസ്സിന് താങ്ങാവുന്നതിലപ്പുറമായിരുന്നു.

ആരും അറിയാതെ മുഹമ്മദ് കോയ എന്ന ബാലൻ ഒരു ദിവസം വീട് വിട്ടിറങ്ങി. ആരോടും പറയാതെ ഒരു ജോലി തേടിയുള്ള യാത്ര. മാസങ്ങളോളം അദ്ദേഹത്തെക്കുറിച്ച് ആർക്കും യാതൊരു വിവരവും ഇല്ലായിരുന്നു. മാതാപിതാക്കളും ബന്ധുക്കളും വളരെ വിഷമിച്ച് കഴിച്ചുകൂട്ടിയ കാലം. പക്ഷെ, ജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെ മുഖാമുഖം കണ്ടുതുടങ്ങിയ കൊച്ചുകോയ അങ്ങകലെ ബാംഗ്ലൂരിൽ ഒരു ചായകടയിൽ ജോലി ചെയ്യുകയായിരുന്നു. വീടിനെയും നാടിനെയും കുറിച്ച് അക്കാലത്ത് ഓർത്തിരുന്നോ എന്തോ?

താൻ ജോലി ചെയ്തിരുന്ന ചായകടയിൽ വരുമായിരുന്ന കെ.ജെ. സ്റ്റീഫൻ എന്ന മലയാളിയായ പട്ടാള ഉദ്യോഗസ്ഥനെ പരിചയപ്പെട്ടത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഗതി മാറ്റിയെഴുതി. പ്രതിഭാധനനായ ഈ ബാലൻ ഒരു ചായക്കടയിൽ ജീവിതം തളച്ചിടേണ്ടവനല്ലെന്ന് തിരിച്ചറിയാൻ മി. സ്റ്റീഫന് അധികസയമം വേണ്ടിവന്നില്ല. ആ നല്ല മനുഷ്യന്റെ മുന്നിൽ കോയസാഹിബിന് തന്റെ പ്രശ്നങ്ങൾ തുറന്നു പറയേണ്ടിവന്നു. വീട്ടിലേക്ക് തിരിച്ചുപോകാൻ അദ്ദേഹം നിർബന്ധിച്ചു. ആദ്യമൊന്നും മനോഭാവം അനുകൂലമായിരുന്നില്ല. പക്ഷെ, ആ വലിയമനസ്സിന് മുമ്പിൽ കോയാസാഹിബിന് വഴങ്ങേണ്ടിവന്നു. പക്ഷെ, ആരും അറിയാതെ നാടുവിട്ടു പോയതുകൊണ്ട് തിരിച്ച് വരാനുള്ള ജാള്യതയും വിഷമവും വീണ്ടും അദ്ദേഹത്തിന് പ്രശ്നമായി. മി. സ്റ്റീഫൻതന്നെ അതിന് വഴി കണ്ടെത്തി. കോയാസാഹിബിന്റെ സഹോദരൻ കാദിരികോയസാഹിബിന് നാട്ടിലേക്ക് കാര്യങ്ങളൊക്കെ അദ്ദേഹം വിശദമായെഴുതി. എങ്ങനെയും തന്റെ സഹോദരനെ തിരിച്ചെത്തിച്ച് തരണമെന്ന കാദിരികോയ സാഹിബിന്റെ മറുപടി ബിഎം കോയസാഹിബിന്റെ നാട്ടിലേക്കുള്ള തിരിച്ചുവരവിന് വഴിയൊരുക്കി. വീട്ടുകാരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അവരദ്ദേഹത്തെ തുടർന്ന് പഠിപ്പിക്കാൻ തീരുമാനിച്ചു. പക്ഷെ, കോഴിക്കോട്, കോയക്ക് സുരക്ഷിതമല്ലെന്ന തീരുമാനത്തിൽ വീട്ടുകാരെത്തി. അങ്ങനെ ജന്മനാടായ പഴയങ്ങാടിയിലേക്കദ്ദേഹം പറിച്ചു നടപ്പെട്ടു.

ഒരു പ്രതിസന്ധിയിൽ തന്നെ സഹായിച്ച മി.സ്റ്റീഫനുമായുള്ള അദ്ദേഹത്തിന്റെ സ്നേഹബന്ധം വളരെകാലം നിലനിന്നിരുന്നു. പിന്നീട് മി. സ്റ്റീഫൻ, കോയസാഹിബിന്റെ കുടുംബസുഹൃത്തായി മാറി. ആ നല്ല മനുഷ്യനോടുള്ള സ്നേഹം ഒരു കടപ്പാട് പോലെ അദ്ദേഹം തന്റെ മനസ്സിൽ സൂക്ഷിച്ചിരുന്നു.

ചെറുകുന്ന് ഗവ. ഹൈസ്കൂളിൽ വീണ്ടും വിദ്യാർത്ഥിജീവിതമാരംഭിച്ചു. വായനയോടും എഴുത്തിനോടുമുള്ള ആഭിമുഖ്യത്തിൽനിന്നും അദ്ദേഹത്തിൽ ഒരു പ്രഭാഷകൻ വളർന്ന് തുടങ്ങിയിരുന്ന കാലം. രാഷ്ട്രീയത്തിലുള്ള താൽപര്യം കൂടിയായപ്പോൾ നല്ലൊരു സംഘാടകനായി അദ്ദേഹം മാറി. കോൺഗ്രസ്സ് ആശയങ്ങളോടുള്ള താൽപര്യം അദ്ദേഹത്തെ വിദ്യാർത്ഥിസംഘടനാ പ്രവർത്തനത്തിൽ സജീവമാക്കി. വിദ്യാർത്ഥി നേതാവായ കോയ വീട്ടുകാരുടെ നിയന്ത്രണത്തിൽനിന്ന് മെല്ലെ തെന്നിമാറുകയായിരുന്നു. അക്കാലത്ത് കോൺഗ്രസ്സിന്റെ തിര

ഞ്ഞെടുപ്പ് യോഗങ്ങളിൽപോലും അദ്ദേഹം പ്രസംഗകനായി. ഖദറിനോടുള്ള സ്നേഹം കൂടിയായപ്പോൾ ഒരു ശരാശരി കോൺഗ്രസ്സുകാരനായി ആ വിദ്യാർത്ഥി. പിന്നീട് തന്റെ ജീവിതം ഒരുപാട് മാറിയപ്പോഴും അദ്ദേഹം ഖദർ ഉപേക്ഷിച്ചില്ല. കമ്മ്യൂണിസ്റ്റ് കോട്ടയിൽ സ്ഥിതിചെയ്തിരുന്ന ചെറുകുന്ന് ഹൈസ്കൂളിലെ കോൺഗ്രസ്സ് വിദ്യാർത്ഥി സംഘടനയുടെ സജീസാന്നിദ്ധ്യമായിതീർന്നു അദ്ദേഹം. കമ്മ്യൂണിസ്റ്റേതര വിദ്യാർത്ഥി സംഘടനയുടെ പ്രതിനിധിയായി അദ്ദേഹം ആദ്യമായി അവിടെ സ്കൂൾ ലീഡറായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുഹമ്മദ്കോയയുടെ വ്യക്തിപരമായ വിജയമായി വിദ്യാർത്ഥിസമൂഹം അതിനെ വിലയിരുത്തി. ആയിടയ്ക്കാണ് ഇ.എം.എസ്. മന്ത്രിസഭക്കെതിരെ കേരളത്തിൽ വിമോചന സമരം ആരംഭിക്കുന്നത്. വിദ്യാർത്ഥിനേതാവായ കോയ സമരത്തിലേക്കെടുത്തുചാടി. മറ്റുപലർക്കുമൊപ്പം അദ്ദേഹത്തെയും അറസ്റ്റുചെയ്തു ജയിലിലടച്ചു. പിന്നീടദ്ദേഹത്തെ വിട്ടയച്ചു. പഠനവും സംഘടനാപ്രവർത്തനവും ഒന്നിച്ചുകൊണ്ടുപോയ അദ്ദേഹം എസ്.എസ്.എൽ.സി. കഴിഞ്ഞതോടെ ചെറുകുന്ന് വിട്ടു.

ഐ.ടി.ഐ.യിൽനിന്ന് ഡിപ്ലോമ നേടിയ അദ്ദേഹം ജോലി തേടിയുള്ള പ്രയാണം ആരംഭിച്ചു. ഇന്ത്യൻ ടെലഫോൺ ഇൻഡസ്ട്രിയിൽ ബാംഗ്ലൂരിൽ അദ്ദേഹം ജോലിക്ക് ചേർന്നു. ആയിടയ്ക്ക് എച്ച്.എം.ടി.യിൽ ജോലിക്ക് ആളെ ആവശ്യമുണ്ടെന്നറിഞ്ഞ് അദ്ദേഹം അപേക്ഷയയച്ചു. അങ്ങനെ കളമശ്ശേരി എച്ച്.എം.ടിയിൽ അദ്ദേഹം നിയമിക്കപ്പെട്ടു. കോയാസാഹിബിന്റെ ഉള്ളിലുള്ള സംഘാടകനും രാഷ്ട്രീയപ്രവർത്തകനും മെല്ലെ സജീവമാകാൻ തുടങ്ങി. അക്കാലത്ത് കളമശ്ശേരി എച്ച്.എം.ടിയിൽ തൊഴിലാളികൾക്ക് യൂണിയൻ ഉണ്ടായിരുന്നില്ല. കോയാസാഹിബും മറ്റും ചേർന്ന് ആദ്യമായി അവിടെ ഒരു സ്വതന്ത്രയൂണിയന് രൂപം കൊടുത്തു. പക്ഷെ യൂണിയൻ പിന്നീട് കമ്മ്യൂണിസ്റ്റുകാർ പിടിച്ചെടുത്തു. അതിന്റെ തിരിച്ചടിയെന്നോണം കോൺഗ്രസ്സ് ആശയക്കാരായ തൊഴിലാളികൾ ചേർന്ന് പുതിയ യൂണിയനുണ്ടാക്കി. അവിടെ വളരെ ശക്തമായ തൊഴിലാളി യൂണിയനായി അത് മാറി. ഇന്ത്യയിലെതന്നെ അറിയപ്പെട്ടിരുന്ന ട്രെയിഡ് യൂണിയൻ നേതാവും പിന്നീട് കേന്ദ്രമന്ത്രിയുമായിരുന്ന സി.എം. സ്റ്റീഫനായിരുന്നു യൂണിയന്റെ അന്നത്തെ പ്രസിഡന്റ്. കോയസാഹിബ് സിക്രട്ടറിയും. ആ ബന്ധം ശ്രീ സ്റ്റീഫനേയും കോയാസാഹിബിനേയും അടുത്ത സുഹൃത്തുക്കളാക്കി മാറ്റി. എന്ത് കാര്യത്തിനും ശ്രീ. സ്റ്റീഫൻ അഭിപ്രായമാരായുന്ന ആദ്യത്തെ ആളായി ബിഎം കോയ മാറി. സി.എം. സ്റ്റീഫനും, വി.പി. മരക്കാറും, ബിഎം കോയയും ഒക്കെച്ചേർന്ന നേതൃത്വം എച്ച്.എം.ടിയിലെ തൊഴിലാളി സംഘടനയുടെ ശക്തിയായി. വായനയും, എഴുത്തും, പ്രസംഗവുമൊക്കെയായി വളരെ തിരക്കിട്ടതായിരുന്നു അവിടെ അദ്ദേഹത്തിന്റെ ജീവിതം.

ഇക്കാലത്തൊന്നും ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം അത്ര സജീവമായിരുന്നില്ല. വളരെ വ്യത്യസ്തമായതായിരുന്നു അക്കാലത്തെ അദ്ദേഹത്തിന്റെ കർമ്മമണ്ഡലം. ഏറ്റെടുക്കുന്ന ഏതു പ്രവർത്തിയോടും വല്ലാത്ത ഒരു പ്രതിബദ്ധത കാണിച്ചിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ രാഷ്ട്രീയത്തിലും സംഘടനാപ്രവർത്തനത്തിലും വളരെ സജീവമായിരുന്നു. ആ രംഗത്തുതന്നെ തുടർന്നെങ്കിൽ അദ്ദേഹം ഒരുപക്ഷെ കേരളരാഷ്ട്രീയത്തിൽ അറിയപ്പെടുന്ന നേതാവായി മാറുമായിരുന്നു എന്ന് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഓർക്കുന്നു. പക്ഷെ, സർവശക്തനായ ദൈവത്തിന്റെ നിയോഗം മറ്റൊന്നായിരുന്നു.

കളമശ്ശേരിയിലെ ജോലിയിൽ അദ്ദേഹം അധികകാലം തുടർന്നില്ല. ഗൾഫിലേക്ക് ജോലിതേടി യാത്രയായ അദ്ദേഹം അബൂദാബിയിൽ പിന്നീട് ബിസിനസ്സിൽ വിജയം കണ്ടെത്തുകയായിരുന്നു. എച്ച്.എം.ടി. വിട്ടതോടെ രാഷ്ട്രീയത്തോടും സംഘടനാപ്രവർത്തനത്തോടും അദ്ദേഹം പൂർണമായി വിട പറഞ്ഞു. പിന്നീടാഭാഗത്തേക്ക് തിരിഞ്ഞു നോക്കിയതേയില്ല. കുറേ വർഷങ്ങൾ വിദേശത്തദ്ദേഹം ജോലി ചെയ്തു.

നാട്ടിൽ തിരിച്ചെത്തിയ ശേഷം കണ്ണൂരിൽ സ്ഥിരതാമസമാക്കി. ഒരു പത്രം തുടങ്ങുക എന്ന ആഗ്രഹം ചെറുപ്പം മുതലെ മനസ്സിൽ കൊണ്ടുനടന്നിരുന്ന കോയാസാഹിബിന്റെ ചിന്തകൾ ആ വഴിക്ക് തിരിഞ്ഞപ്പോഴാണ് 'ചിന്തന' രൂപമെടുക്കുന്നത്. വളരെ നാളത്തെ ശ്രമങ്ങൾക്ക് ശേഷം ചിന്തനവാരിക ആരംഭിച്ചു. പക്ഷെ, എന്തുകൊണ്ടോ അത് പരാജയപ്പെട്ടു. അത് പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. അനുഭവങ്ങളുടെ കുറവുകൊണ്ടാണ് ചിന്തന പരാജയപ്പെട്ടതെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞത് ഞാനോർക്കുന്നു. കോയാസാഹിബിന് അനുഭവങ്ങളുടെ കുറവുണ്ടായിരുന്നില്ല. പക്ഷെ അങ്ങനെയൊരു ന്യായീകരണമാണ് അദ്ദേഹം കണ്ടെത്തിയത്. ബി.ആർ.ബി. ഓഫ്സെറ്റ് പ്രിന്റേർസ് എന്ന സ്ഥാപനം ആരംഭിച്ചതോടെ കണ്ണൂരിന്റെ പൊതുജീവിതത്തിലും, വ്യാപാരരംഗത്തും ബിഎം കോയ ശ്രദ്ധിക്കപ്പെട്ടു.

ഇക്കാലത്താണ് ജമാഅത്തിന്റെ പ്രവർത്തനരംഗത്ത് അദ്ദേഹത്തിന്റെ സജീവസാന്നിദ്ധ്യം നമ്മളറിയുന്നത്. കോയാസാഹിബിന്റെ കഴിവും, പ്രതിബദ്ധതയും പെട്ടെന്ന് തിരിച്ചറിഞ്ഞ കേന്ദ്രനേതൃത്വം മജ്ലിസ് അൻസാറുല്ലായുടെ സംസ്ഥാന അദ്ധ്യക്ഷപദവി അദ്ദേഹത്തെ ഏല്പിച്ചു. അത് ശരിയായ കൈകളിലാണ് ഏൽപിക്കപ്പെട്ടതെന്ന് കാലം തെളിയിച്ചു. പത്തുവർഷത്തിലേറെയായി ആ പദവിയിൽ നിർദ്ദേശിക്കാൻ കേന്ദ്രം മറ്റൊരു പേരന്വേഷിച്ചില്ല എന്നത് അദ്ദേഹത്തിന്റെ കഴിവിന് ലഭിച്ച അംഗീകാരമായിരുന്നു. മാത്രമല്ല തഹ്രീക് ജദീദിന്റെ കേന്ദ്രകമ്മിറ്റിയിലേക്കും അദ്ദേഹം നിയമിക്കപ്പെട്ടു. അൻസാറുല്ലായുടെ പ്രസി

ഢീകരണമായ 'അൻസാർ' ത്രൈമാസിക ആരംഭിച്ചതും അത് പിന്നീട് 'സത്യമിത്രം' മാസികയാക്കി മാറ്റിയതും അദ്ദേഹമായിരുന്നു. കുറഞ്ഞകാലം കൊണ്ട്തന്നെ മലയാളികളായ ജമാഅത്ത് അംഗങ്ങളുടെ മനസ്സിൽ സ്ഥാനം പിടിക്കുവാൻ സത്യമിത്രത്തിന് കഴിഞ്ഞു. സത്യമിത്രം ഒരുപക്ഷെ അദ്ദേഹത്തിന്റേതു മാത്രമായിരുന്നു. അതിന്റെ മുന്നണിയിലും പിന്നണിയിലും അദ്ദേഹം മാത്രമായിരുന്നു. സത്യമിത്രം വിജയിക്കുന്നതും അത് അംഗീകാരം നേടുന്നതും സന്തോഷത്തോടെ കോയാസാഹിബ് കണ്ടുനിന്നു.

എന്തിനും ആരേയും സ്വാധീനിക്കുന്ന നമ്മുടെ വർത്തമാനകാല സമൂഹത്തിൽ അദ്ദേഹം ഒരപവാദമായിരുന്നു. തന്റെ സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടിയോ, ബിസിനസ് താൽപര്യങ്ങൾക്ക് വേണ്ടിയോ ഒന്നും തന്റെ രാഷ്ട്രീയബന്ധങ്ങളോ, രാഷ്ട്രീയസ്വാധീനമോ അദ്ദേഹം ഒരിക്കലും ഉപയോഗിച്ചില്ല. ഒരു കാര്യത്തിനു വേണ്ടിയും തന്റെ പഴയ സുഹൃത്തുക്കളെ സമീപിച്ചില്ല. ഒരുകാലത്ത് രാഷ്ട്രീയത്തിലും തൊഴിലാളി സംഘടനാപ്രവർത്തനത്തിലും സജീവമായിരുന്ന കോയാസാഹിബ് ജമാഅത്തിന്റെ പ്രവർത്തനത്തിൽ സജീവമായപ്പോൾ തന്റെ കഴിഞ്ഞകാല കർമ്മരംഗത്തെ കുറിച്ച് ഓർക്കാനേ ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ എഴുത്തിനും, പ്രസംഗത്തിനും ഒരു പ്രത്യേക ശൈലിയായിരുന്നു. അതദ്ദേഹത്തിന്റെ പ്രവർത്തനത്തിലുമുണ്ടായിരുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി അദ്ദേഹത്തിന്റെ സിരകളിൽ ജമാഅത്ത് മാത്രമായിരുന്നു. അൻസാറുല്ലായുടെ പ്രവർത്തനങ്ങളുമായി കേരളം മുഴുവൻ സഞ്ചരിച്ചു. കണ്ണൂർ ടൗൺ ജമാഅത്ത് സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമായിരുന്നു. കോയാസാഹിബ് ടൗൺ ജമാഅത്തിന്റെ പ്രഥമ പ്രസിഡണ്ടായി. കോയസാഹിബിന്റെ ജീവിതത്തിന് തികച്ചും വിഭിന്നമായ രണ്ട് ഘട്ടങ്ങളുണ്ടായിരുന്നു. അവസാനകാലത്തെ അദ്ദേഹത്തിന്റെ ജീവിതം ഋഷിതുല്യമായിരുന്നു. നശ്വരമായ ഇഹലോക ജീവിതത്തെക്കുറിച്ചും ശാശ്വതമായ പരലോകജീവിതത്തെക്കുറിച്ചും എഴുതുകയും സംസാരിക്കുകയും ചെയ്തു. തിരക്കിട്ട ജീവിതത്തിൽ കുറേ വായിച്ചു, ഏറെ എഴുതി. അതിൽ നോവലുകളുണ്ടായിരുന്നു. കഥകളുണ്ടായിരുന്നു, ലേഖനങ്ങളുണ്ടായിരുന്നു. രാഷ്ട്രീയവും, ഭൗതികവുമെല്ലാമുണ്ടായിരുന്നു. പക്ഷെ, അവസാനമായപ്പോഴേക്കും അദ്ദേഹത്തിന്റെ വായനയും, എഴുത്തും, പ്രസംഗവുമെല്ലാം ജമാഅത്തിനു വേണ്ടി മാത്രമുള്ളതായി. ആത്മീയകാര്യങ്ങൾ മാത്രമായി. അതുകൊണ്ട് തന്നെ കോയാസാഹിബിന്റെ ജീവിതം മാതൃകാപരമായി. കേരള ജമാഅത്തിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം ഒരിക്കലും ചെറുതായിരുന്നില്ല. പരേതാത്മാവിന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## സംസ്ഥാന മജ്‌ലിസ് അൻസാറുല്ലാഹ് ആമില

**സദർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ്**
**സംസ്ഥാന മജ്‌ലിസ് അൻസാറുല്ലാഹ് ആമിലായ്ക്ക് അംഗീകാരം നല്കിയിരിക്കുന്നു.**

**ആമിലാ അംഗങ്ങളുടെ പേർ വിവരം :**

| | | |
|---|---|---|
| സംസ്ഥാന നാസിം | : | പി.പി. നാസിറുദ്ദീൻ സാഹിബ്, കണ്ണൂർ ടൗൺ |
| സംസ്ഥാന നായിബ് നാസിം | : | സജിത് പടിയത്ത് സാഹിബ്, കാക്കനാട് |
| സംസ്ഥാന നായിബ് നാസിം | : | യു. മൻസൂർ സാഹിബ്, മട്ടന്നൂർ |
| നായിബ് നാസിം ഇലാഖാ കണ്ണൂർ | : | വി.പി. ആശിഖ് സാഹിബ്,, കടലായി |
| നായിബ് നാസിം ഇലാഖാ കോഴിക്കോട് | : | ടി. അഹ്മദ് സഈദ് സാഹിബ്, കോഴിക്കോട് |
| നായിബ് നാസിം ഇലാഖാ പാലക്കാട് | : | എം.കെ. അബ്ദുൽ അസീസ് സാഹിബ്,, മണ്ണാർക്കാട് |
| നായിബ് നാസിം ഇലാഖാ എറണാകുളം | : | ജോസഫ് സാദിഖ് സാഹിബ്,, കൊച്ചി |
| നായിബ് നാസിം ഇലാഖാ തിരുവനന്തപുരം | : | എ. ശംസുദ്ദീൻ സാഹിബ്,, കരുനാഗപ്പള്ളി |
| നായിബ് നാസിം ഉമൂമി | : | അഡ്വ. ജമീൽ അഹ്മദ് സാഹിബ്,, കണ്ണൂർ ടൗൺ |
| നായിബ് നാസിം മാൽ | : | മുഹമ്മദ് സലിം സാഹിബ്,, കണ്ണൂർ ടൗൺ |
| നായിബ് നാസിം തഅ്ലീം | : | പി.പി. ഹസ്സൻകോയ സാഹിബ്,, മഞ്ചേരി |
| നായിബ് നാസിം തർബിയ്യത്ത് | : | എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, പഴയങ്ങാടി |
| നായിബ് നാസിം തബ്ലീഗ് | : | സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്, വാണിയമ്പലം |
| നായിബ് നാസിം സിഹ്ഹ ത്തെ ജിസ്മാനി | : | മുഹമ്മദ് ഇസ്മാഇൽ സാഹിബ്, മുറിയക്കണ്ണി |
| നായിബ് നാസിം വഖ്ഫ് ജദീദ് | : | പ്രൊഫ.പി. മുസഫർ അഹ്മദ് സാഹിബ്, കണ്ണൂർ സിറ്റി |
| നായിബ് നാസിം തഹ്‌രീക് | : | ഇബ്റാഹിം കുട്ടി മാസ്റ്റർ സാഹിബ്, മാത്ര |
| നായിബ് നാസിം തജ്നീദ് | : | എം. അബ്ദുൽ ഗഫൂർ സാഹിബ്, കണ്ണൂർ ടൗൺ |
| നായിബ് നാസിം ഇശാഅത്ത് | : | കെ.വി. ഈസക്കോയ സാഹിബ്, കോഴിക്കോട് |
| നായിബ് നാസിം ഖിദ്മത്തെ ഖൽഖ് | : | പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, പഴയങ്ങാടി |
| ആഡിറ്റർ | : | പി.എം. അബ്ദുല്ലാ സാഹിബ്, കോഴിക്കോട് |

അനുസ്മരണം

# ബിഎം ബഹുമുഖ പ്രതിഭ

**എ.എം. മുഹമ്മദ് സലിം, എഡിറ്റർ സത്യദൂതൻ**

**അ**ൻസാറുല്ലാഹ് കേരള നാസിമും സത്യമിത്രം പത്രാധിപരുമായ ബിഎം കോയസാഹിബിന്റെ ആകസ്മികമായ നിര്യാണത്തിൽ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു. കോയസാഹിബും ഞാനുമായുള്ള ബന്ധം കേവലം ഔപചാരികമായിരുന്നു. അതും കത്തും ടെലിഫോണും മുഖേന, അല്പം ചില അഭിമുഖങ്ങളും മാത്രം. അദ്ദേഹവുമായി സമീപവാസമോ, അഭിസമ്പർക്കമോ വൈകാരിക വിനിമയങ്ങളോ ഉണ്ടായിട്ടില്ല. അനുഭവങ്ങളുടെ ഈ ശുഷ്കത കാരണം കോയസാഹിബിനെ അടുത്തറിയാൻ എനിക്ക് സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ സമീപസ്ഥരുടേയും സുഹൃത്തുക്കളുടേയും സ്മരണകൾ നൽകുന്ന കോയാസാഹിബിന്റെ സദ്സ്വരൂപവുമായി അടുത്തിടപഴകാൻ സാധിക്കാത്തത് എന്റെ വ്യക്തിപരമായ ഒരു നഷ്ടമായി ഞാൻ കരുതുന്നു.

വയോജന സംഘടനയായ അൻസാറുല്ലായെ ഊർജ്ജസ്വലമാക്കാൻ അൻസാറുല്ലാ നാസിം എന്ന നിലക്ക് അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. മരണംവരെ ഒരു ദശകക്കാലം ആ സ്ഥാനത്തിരിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ പ്രവർത്തനത്തിനുള്ള അംഗീകാരവും കേന്ദ്രം അദ്ദേഹത്തിൽ അർപ്പിച്ച വിശ്വാസത്തിന് ഉദാഹരണവുമാണ്.

സർഗധനനായ കോയസാഹിബിന്റെ മുഖ്യചോദന എഴുത്ത് തന്നെയായിരുന്നു. എഴുതുക എന്നത് അദ്ദേഹത്തിന്റെ അഭിനിവേശവും ജീവിതവ്രതവുമായിരുന്നു എന്നും കാണാം. അൻസാറുല്ലായുടെ മുഖപത്രമായി 'അൻസാർ' എന്ന ത്രൈമാസികയും പിന്നീട് 'സത്യമിത്രം' മാസികയും തുടങ്ങാനും നിലനിർത്തിക്കൊണ്ടുപോകാനും അദ്ദേഹത്തിന് യാതൊരു പ്രയാസവുമുണ്ടായില്ല. ഗൾഫിൽനിന്നും വന്നതിന് ശേഷം 'ചിന്തന' എന്ന പ്രസിദ്ധീകരണവും ഒരു പ്രസ്സും അദ്ദേഹം ആരംഭിച്ചു. പൊതുമണ്ഡലത്തിൽ ചിന്തനയിലൂടെ ഇടപെടാൻ കോയസാഹിബ് ആഗ്രഹിച്ചെങ്കിലും ചിന്തന ഒരു വിജയമായിതീർന്നില്ല. മലയാള സാഹിത്യത്തിലും അദ്ദേഹം തൽപരനായിരുന്നു. വെളുത്തപുക, മൗനത്തിന്റെ ശബ്ദം എന്നിവയായിരുന്നു അദ്ദേഹത്തിന്റെ നോവലുകൾ. ധാരാളം ചെറുകഥയും അദ്ദേഹം എഴുതിയിട്ടുണ്ടെന്നറിയാൻ കഴിഞ്ഞു.

ഒരു എഴുത്തുകാരൻ നല്ലൊരു വായനക്കാരനുമായിരിക്കുമല്ലോ. അദ്ദേഹത്തിന് സ്വന്തമായി വലിയൊരു ഗ്രന്ഥശേഖരമുണ്ട്. കോഴിക്കോട് ഖാഇദായിരുന്നപ്പോൾ ഞങ്ങൾ സ്ഥാപിച്ച ലൈബ്രറിക്ക് പുസ്തകം ശേഖരിക്കാൻ കോയസാഹിബിന്റെ വീട്ടിൽ പോയിരുന്നു. അദ്ദേഹത്തെ ആദ്യം കാണുന്നതും അന്നായിരുന്നു. ഈ ഗ്രന്ഥപ്പുരയിൽ വെച്ചായിരുന്നു അന്ന് ഞങ്ങളെ അദ്ദേഹം സ്വീകരിച്ചത്. പത്തെഴുപത് വാല്യങ്ങളടങ്ങുന്ന ഗാന്ധി സാഹിത്യം മുഴുവൻ അദ്ദേഹം ലൈബ്രറിക്ക് സംഭാവന ചെയ്തു.

വിവിധങ്ങളായ ജീവിതരംഗങ്ങളിൽ പ്രവർത്തിച്ച ഒരു ബഹുമുഖപ്രതിഭയായിരുന്നു കോയസാഹിബ്. വിപുലമായ അനുഭവസമ്പത്തും ലോകപരിചയവുമുണ്ടായിരുന്ന കോയസാഹിബിന്റെ വിയോഗം ജമാഅത്തിന് ഒരു വലിയ നഷ്ടമാണ്. മർഹൂമിന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. അദ്ദേഹം ചെയ്ത എല്ലാ സേവനത്തിനും അല്ലാഹു മതിയായ പ്രതിഫലം നൽകുമാറാകട്ടെ. ആമീൻ.

●

## നാസിറുദ്ദീൻ സാഹിബ് സംസ്ഥാന അൻസാറുല്ലാഹ് നാസിം



**കേ**രള മജ്‌ലിസ് അൻസാറുല്ലായുടെ സംസ്ഥാന **നാസിം** ആയി പി.പി.നാസിറുദ്ദീൻ സാഹിബിനേയും നായിബ് നാസിമുമാരായി സജിദ് പടിയത്ത് സാഹിബിനേയും (എറണാകുളം) യു. മൻസൂർ സാഹിബിനേയും (മട്ടന്നൂർ) സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് നിയമിച്ച വിവരം സുബായ് അമീർ എ.പി. കുഞ്ഞാമു സാഹിബ് അറിയിച്ചു.

കോഴിക്കോട് മാർക്കർഹൗസ് മഹ്മൂദ് സാഹിബിന്റെ മകനായ നാസിറുദ്ദീൻ സാഹിബ് കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സ്വദേശിയും പഴയങ്ങാടി ജമാഅത്തിന്റെ മുൻ അമീറുമാണ്. സംസ്ഥാന സമിതി മാൽ സെക്രട്ടറി, പബ്ലിക്കേഷൻ സെക്രട്ടറി എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ കണ്ണൂർ ടൗൺജമാഅത്ത് അംഗമാണ്. ജമാഅത്ത് പ്രവർത്തനങ്ങളിൽ ഊർജസ്വലനായി നിറഞ്ഞുനില്ക്കുന്ന വ്യക്തിയാണ് നാസിറുദ്ദീൻ സാഹിബ്.

സംസ്ഥാന ഖായിദായി നല്ല രീതിയിൽ സേവനം ചെയ്ത ജനാബ് സജിദ് പടിയത്ത് സാഹിബ് എറണാകുളം ജമാഅത്തിന്റെ പ്രസിഡണ്ട് സ്ഥാനവും അലങ്കരിച്ചിട്ടുണ്ട്. അദ്ദേഹം കേരളത്തിലെ ഫസ്‌ലെ ഉമർ പബ്ലിക് സ്കൂളിന്റെ സ്ഥാപകരിൽപ്പെട്ടയാളാണ്. ഭവനനിർമ്മാണരംഗത്ത് പ്രശസ്തിയാർജ്ജിച്ച സ്റ്റാർ ഹോട്ടലിന്റെ ഡയരക്ടറുമാണ് അദ്ദേഹം. യു.മൻസൂർ സാഹിബ് മട്ടന്നൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിഡണ്ടാണ്. ദീർഘകാലം സംസ്ഥാന ജനറൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുതിയ നേതൃത്വത്തിൻ കീഴിൽ കേരള മജ്‌ലിസ് അൻസാറുല്ലായ്ക്ക് കൂടുതൽ കരുത്താർജ്ജിക്കാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ഇവർക്കെല്ലാം സത്യമിത്രം ഭാവുകങ്ങൾ നേരുന്നു.

അനുസ്മരണം

# ഒരു കർമ്മഭടന്റെ ആകസ്മിക വേർപാട്

**മദാർ അബ്ദുശ്ശക്കൂർ**

മജ്ലിസ് അൻസാറുല്ലായുടെ സംസ്ഥാന നാസിമും കണ്ണൂർടൗൺ ജമാഅത്തിന്റെ വൈസ് പ്രസിഡണ്ടുമായിരുന്ന ജനാബ് ബിലാവിനകത്ത് മുഹമ്മദ് കോയ സാഹിബ്(64) 2004 നവംബർ 6–ാം തിയ്യതി–ഹിജ്റാബ്ദം 1425 റമദാൻ 22–ന് ശനിയാഴ്ച കാലത്ത് നിര്യാതനായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.

ധനംകൊണ്ടും തൂലികകൊണ്ടും ജീവിതംകൊണ്ടും അഹ്മദിയ്യാ ജമാഅത്തിന് സേവനങ്ങൾ അർപ്പിക്കുന്ന കാര്യത്തിൽ ഏറെ ഔത്സുക്യം കാണിച്ച ഉന്നത വ്യക്തിയായിരുന്നു പ്രിയങ്കരനായ ജനാബ് ബിഎം കോയസാഹിബ്. കേരളത്തിലെ ജമാഅത്തുകളിലുടനീളം ദീനീപ്രവർത്തനരംഗത്ത് ഖ്യാതി നേടിയ അദ്ദേഹം, മർക്കസിന്റെ സന്നിധിയിൽനിന്നും സംതൃപ്തിദായകമായ അംഗീകാരത്തിന്റെ വരങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കേയാണ് പെട്ടെന്ന് അന്ത്യയാത്ര പറഞ്ഞത്.

കേരള മജ്ലിസ് അൻസാറുല്ലായുടെ പുരോഗതിക്കായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയവും എന്നെന്നും സ്മരിക്കപ്പെടുന്നവയുമാണ്. അദ്ദേഹത്തിന്റെ ശ്രദ്ധയും പ്രേരണയുംമൂലം അഭൂതപൂർവ്വമായ പ്രവർത്തനോന്മേഷവും ചിട്ടയുമാണ് കേരള അൻസാറുല്ലാഹ് സംഘത്തിന് കൈവന്നത്. പ്രവർത്തനറിപ്പോർട്ടുകൾ മാസന്തോറും തയ്യാറാക്കി അയക്കുന്നതിനും ഇജ്ത്തിമകൾ സംഘടിപ്പിക്കുന്നതിനും ഖാദിയാൻശരീഫിലെ വാർഷികഇജ്ത്തിമകളിൽ പങ്കെടുക്കുന്നതിനും അദ്ദേഹം അൻസാർ സഹോദരങ്ങളെ സുസജ്ജരാക്കി. ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രചോദനങ്ങൾക്കു പുറമെ പ്രാദേശികമായ കാരുണ്യപ്രവർത്തനങ്ങൾക്കും അംഗങ്ങളെ സന്നദ്ധരാക്കുന്ന കാര്യത്തിൽ അദ്ദേഹം ശ്രദ്ധചെലുത്തി. ഇതിന്റെ ഭാഗമായി രഹസ്യമായും പരസ്യമായും സാധുജനങ്ങളെ സഹായിച്ചുകൊണ്ട് സ്വയം മാതൃക കാണിക്കുകയും ചെയ്തു.

ധനപരമായ ത്യാഗങ്ങളുടെ ഭാരിച്ച ഉത്തരവാദിത്തം ശിരസാവഹിച്ചുകൊണ്ടാണ് അദ്ദേഹം മജ്ലിസ് അൻസാറുല്ലായ്ക്കുവേണ്ടി 'സത്യമിത്രം' മാസിക നടത്തിവന്നത്. അൻസാറുല്ലാഹ് സംഘത്തിന് കേരളത്തിലുടനീളം പ്രശസ്തി നേടിക്കൊടുക്കുന്നതിന് ഈ മാസിക നിമിത്തമായി! സത്യമിത്രത്തിലൂടെ ജ്ഞാനവിജ്ഞാനങ്ങളുടെ കലവറതന്നെ അദ്ദേഹം കൈരളിക്ക് കാഴ്ചവെച്ചു.

ത്യാഗധനരും സുസമ്മതരുമായ വ്യക്തികളുടെ സ്മരണകൾ നിലനിറുത്തുന്നതിന് അദ്ദേഹം 'സത്യമിത്ര'ത്തിൽ സ്ഥലം കണ്ടെത്തി. ആ കൂട്ടത്തിൽ അമീറുൽമുഅ്മിനീൻ സയ്യിദുനാ വ മൗലാനാ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (കർറമല്ലാഹു വജ്ഹഹു)വിന്റെ ഒരു ചരിത്രസ്മരണിക സത്യമിത്രത്തിലൂടെ അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇക്കാര്യത്തിൽ വന്നുകൂടിയ ഭാരിച്ച അധികച്ചെലവുകൾ അദ്ദേഹം കാര്യമായെടുത്തില്ല. ഹുസൂറിനോടുള്ള ഇശ്ക്കിൽ അദ്ദേഹം ലയിക്കുകയായിരുന്നു. ഇതിനും പുറമെ മർഹൂം മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബ്, മർഹൂം മൗലാനാ മുഹമ്മദ് അലവി സാഹിബ് എച്ച്. എ., മർഹൂം ഡോക്ടർ ബി. മൻസൂർ അഹ്മദ് സാഹിബ് തുടങ്ങിയ ഉന്നതവ്യക്തികളുടെ സ്മരണികകളും അദ്ദേഹം സംഭാവന ചെയ്തു. മിക്കപ്പോഴും അദ്ദേഹം തനിച്ചായിരുന്നു. എല്ലാ ജോലികളും അദ്ദേഹം ഒറ്റക്കുതന്നെ ചെയ്തുതീർത്തു. ഓരോ രംഗത്തും അല്ലാഹു അദ്ദേഹത്തെ സഹായിച്ചു. മാസങ്ങളായി അദ്ദേഹം സത്യമിത്രത്തിലൂടെ മരണത്തെപ്പറ്റി ഓർമ്മിപ്പിക്കുകയായിരുന്നു! ഒടുവിൽ അവിചാരിതമായി ആ മരണത്തിന് അദ്ദേഹം കീഴടങ്ങിയപ്പോൾ ആ വലിയ മനുഷ്യന്റെ വേർപാട് നമ്മെ ദുഃഖത്തിലാഴ്ത്തി.

കണ്ണൂർടൗൺജമാഅത്തിന്റെ സ്ഥാപനത്തിനു മുൻപുതന്നെ അദ്ദേഹം കണ്ണൂർസിറ്റി ജമാഅത്തിൽ പ്രവർത്തിച്ചുകൊണ്ട് തന്റെ സാന്നിധ്യവും ഊർജ്ജസ്വലതയും തെളിയിച്ചിരുന്നു. ടൗൺജമാഅത്തിന്റെ സ്ഥാപനത്തിലും പിന്നീടുള്ള ഗതിവിഗതികളിലും അദ്ദേഹം നിറഞ്ഞുനിന്നു! ജനാബ് ബിഎം കോയാ സാഹിബിന്റെ അഭാവത്തിലുള്ള ടൗൺജമാഅത്ത് ഹൃദയനൊമ്പരമുണ്ടാക്കുന്നു. അദ്ദേഹം ഈ ജമാഅത്തിന്റെ ഊടുംപാവുമായി പ്രവർത്തിച്ചുകൊണ്ട് ആധ്യാത്മികതയുടെ പനിനീർപൂക്കളാണ് വാരിവിതറിയത്. എല്ലാവരേയും വളർത്താനാഗ്രഹിക്കുകയും അതിനായി അദ്ദേഹം പ്രയത്നിക്കുകയും ചെയ്തു.

ഉജ്ജ്വലപ്രഭാഷണം നിർവ്വഹിക്കാറുള്ള വ്യക്തിയായിരുന്നു അദ്ദേഹം. ആ പ്രഭാഷണത്തിലുടനീളം പരിശുദ്ധഖുർആന്റേയും നമ്മുടെ നബി(സ) തിരുമേനിയുടേയും ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റേയും അവിടത്തെ ഖലീഫമാരുടേയും ജ്ഞാനനിർധരിയുടെ മുത്തുകൾ ചിതറുന്നതായി കാണാൻ സാധിച്ചിരുന്നു. ഒരു മൗലവി അല്ലാതിരുന്നിട്ടും ദീനിന്റെ കാര്യത്തിൽ അദ്ദേഹം അഗാധപാണ്ഡിത്യം നേടി. ഇതാകട്ടെ അദ്ദേഹത്തിന്റെ നിരന്തര

പരിശ്രമത്തിന്റേയും പരന്നവായനയുടേയും ഫലമായിരുന്നു. നാവുകൊണ്ടും പേനകൊണ്ടും അദ്ദേഹം ദീനിനുവേണ്ടിയുള്ള ജിഹാദിലേർപ്പെട്ടു. ദൈവപ്രേമത്തിന്റെ പാതയിലേക്കാണ് എപ്പോഴും അദ്ദേഹം ക്ഷണിച്ചുകൊണ്ടിരുന്നത്. '***സുൽത്താനുൽഖലം***' അഥവാ എഴുത്തിന്റെ ചക്രവർത്തിയായ സയ്യിദുനാവ മുർശിദുനാ ഹസ്റത്ത് മഹ്ദീ ഇമാമിന്റെ മാതൃകയെ അനുകരിക്കാൻ ശ്രമിച്ച അദ്ദേഹം, പേനത്തുമ്പിലെ മഷിയുണങ്ങാനനുവദിക്കാതെ രാവുംപകലും എഴുതിക്കൊണ്ടേയിരുന്നു! അറിവിന്റെ അക്ഷയധാരയിൽ ലയിച്ചിരുന്നു അദ്ദേഹത്തിന്റെ മസ്തിഷ്കം.

നരകത്തിന്റെ കഠോരതയെക്കുറിച്ച് അദ്ദേഹം ഇടയ്ക്കിടെ ജാഗ്രതപ്പെടുത്തി. അതിലേക്കുള്ള ഖുർആനിലെ തെളിവുകൾ നിരത്തി അദ്ദേഹം നമ്മെ ഭയപ്പെടുത്തി. ദുൻയാവിന്റെ ആഢംബരലഹരിയിൽ ലയിച്ചുപോയാലുണ്ടാകുന്ന തീരാനഷ്ടത്തെപ്പറ്റി പറയുമ്പോൾ അദ്ദേഹം കണ്ണുനീർവാർത്തു! മഹാത്മാക്കൾ അനുഭവിച്ച മഹാത്യാഗങ്ങളുടെ വിവരണങ്ങൾ കേൾക്കുമ്പോൾ അദ്ദേഹം വിങ്ങിക്കരഞ്ഞു! അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അദ്ദേഹം നന്ദിപൂർവ്വം സ്മരിച്ചു അരിഷ്ടതകളുടേയും ദാരിദ്ര്യത്തിന്റേയും പോയകാല ജീവിതത്തെ അയവിറക്കിക്കൊണ്ട് അദ്ദേഹം തന്റെ അഹംബോധത്തെ ഇല്ലാതാക്കി. തഖ്വയേയും തഖ്വയുടെ ഉടകളെയും അദ്ദേഹം സ്നേഹിച്ചു. മൺമറഞ്ഞുപോയ മഹദ്വ്യക്തികളുടെ സ്മരണ നില നിറുത്തുവാൻ അദ്ദേഹം എപ്പോഴും ഉത്സാഹിച്ചു.

അഹ്മദിയ്യത്തിന്റെ തനതായ സ്നേഹമാണ് അദ്ദേഹത്തിൽനിന്ന് ലഭിച്ചിരുന്നത്. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്ക് ആ സ്നേഹത്തിന്റെ മധുരം മറക്കാനാവുമോ! ഇല്ല; ഒരിക്കലും!

പഴയങ്ങാടിയാണ് അദ്ദേഹത്തിന്റെ മാതൃദേശം. ഇവിടത്തെ ഒരു പൗരാണികകുടുംബത്തിലെ മഹിളയായ ബിലാവിനകത്ത് റസിയബി സാഹിബയായിരുന്നു അദ്ദേഹത്തിന്റെ വന്ദ്യമാതാവ്. പിതാവ് മർഹൂം അടക്കാനവീട്ടിൽ അബൂബക്കർകോയ സാഹിബ് കോഴിക്കോട്ടെ ആദ്യകാല അഹ്ദമികളിൽ ഒരു പ്രമുഖനായിരുന്നു.

ജനാബ് ബിഎം കോയസാഹിബിന് എന്നെന്നും അഭിമാനമായി ത്യാഗജീവിതത്തിന്റെ മറ്റൊരു പൈതൃകവുമുണ്ട്. അദ്ദേഹത്തിന്റെ അഭിവന്ദ്യമാതാമഹൻ ഹസ്റത്ത് മൗലവി എ.പി. ഇബ്റാഹീം സാഹിബ്(റഹ്), 1912–ൽ ഖാദിയാൻശരീഫിൽചെന്ന് സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ്അവ്വൽ(റ)വിന്റെ കയ്യിൽ ബയ്അത്ത് ചെയ്ത് നാലുവർഷം സഹാബിമാരുടെ സുശിക്ഷണത്തിൽ കഴിയുകയും, 1917–ൽ സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ്സാനി(റ)ന്റെ നിർദ്ദേശപ്രകാരം ശ്രീലങ്കയിൽ മിഷണറിയായി നിയമിക്കപ്പെടുകയും ചെയ്ത മഹദ്വ്യക്തിയായിരുന്നു.

ജന്മനാ അഹ്മദിയായ ജനാബ് ബിഎം കോയസാഹിബിന്റെ നാലു മാതാക്കളുടെ പരമ്പര അഹ്മദികളായി കഴിഞ്ഞുകടന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് ബി. റസിയബിസാഹിബ, മാതാമഹി ബി. സൈനബ് സാഹിബ, പ്രമാതാമഹി ബി. ആസിയാസാഹിബ, അവരുടേയും മാതാവ് ബി.ആയിശാസാഹിബ ഇവരെല്ലാം അഹ്മദികളായിരുന്നു. ബി.ആയിശാസാഹിബയാകട്ടെ ഹസ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്.എ(റഹ്)യുടെ ഇളയമ്മയുമായിരുന്നു.

ബിലാവിനകത്ത് തറവാട്ടിൽ ഹസ്റത്ത് മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.യുടെ മരണാനന്തരം, മർഹൂം ഡോക്ടർ ബി. മൻസൂർ അഹ്മദ് സാഹിബും മർഹൂം ബിഎം കോയസാഹിബുമാണ് അഹ്മദിയ്യത്തിന്റെ പ്രവർത്തനരംഗത്ത് ഏറ്റവുമധികം പ്രശസ്തരായത്. അല്ലാഹു അവർക്കു രണ്ടുപേർക്കും മഗ്ഫിറത്തും മർഹമത്തും സ്വർഗ്ഗീയപദവികളും നല്കുമാറാകട്ടെ.

കണ്ണൂർ ലജ്നാ ഇമായില്ലായുടെ മുൻഅധ്യക്ഷയും മർഹൂം ബിലാവിനകത്ത് അബ്ദുർറഹ്മാൻ സാഹിബിന്റെ മകളുമായ കെ. ബീഫാത്തിമാ സാഹിബയാണ് ബിഎം കോയാസാഹിബിന്റെ സഹധർമ്മിണി. കെ. ഹബീബ് അഹ്മദ് സാഹിബ് ഭാര്യാസഹോദരനാണ്.

മക്കൾ: മൻസൂർമുഹമ്മദ്, നിസാർമുഹമ്മദ്, സിദ്ദീഖ്മുഹമ്മദ്, നസീംമുഹമ്മദ്, ജസീംമുഹമ്മദ്, ഹസീം മുഹമ്മദ്.

മരുമക്കൾ: നസീറ (കോഴിക്കോട്), റശീദ (പഴയങ്ങാടി), ഫൗമിയ (കണ്ണൂർസിറ്റി)

പേരമക്കൾ: നിഹാദ്, നിശാൽ, റിയാസൈനബ്, റളിയാസിദ്ദീഖ്, സലോനാ ഗുൽസാർ

ബിഎം കോയസാഹിബിന്റെ അമ്മാവൻ ജ:കെ. അഹ്മദ് ഇസ്മായീൽ സാഹിബ് (കുവൈത്ത്), അഹ്മദിയ്യാജമാഅത്തിന്റെ അറിയപ്പെടുന്ന പ്രവർത്തകനാണ്. കോയസാഹിബിന്റെ ജ്യേഷ്ഠാനുജന്മാരാണ് കണ്ണൂർടൗണിലെ ജ: ബി.ഖാദിരിക്കോയ സാഹിബും മട്ടന്നൂരിലെ ജ: ബി.അഹ്മദ്കോയ സാഹിബും. ഏക സഹോദരി ബി.ആയിശബി സാഹിബ, പിലാത്തറയിലെ ജ: എസ്.വി.ആമുമാസ്റ്റർസാഹിബിന്റെ ഭാര്യയാണ്. ഇളേമ്മയാണ് പഴയങ്ങാടിയിലെ ജ: ബി. അബ്ദുൽകരീം സാഹിബിന്റെ സഹധർമ്മിണി കെ. നഫീസബീബി സാഹിബ.

പരേതന്റെ വേർപാടുമൂലം ദുഃഖാർത്തരായ ഭാര്യാമക്കൾക്കും മരുമക്കൾക്കും അദ്ദേഹത്തിന്റെ ലാളനയേറ്റ് വളർന്ന കുരുന്നുകളായ പേരമക്കൾക്കും മറ്റെല്ലാവർക്കും സഹനവും സമാശ്വാസവും ലഭിക്കുമാറാകട്ടെ എന്ന് അകംനൊന്ത് പ്രാത്ഥിക്കുന്നു.

●

അനുസ്മരണം

# ഒരു സാഹിത്യ നിപുണൻ യാത്രയായി

എം.എ. ജോസഫ് സാദിഖ്, കൊച്ചി

**ഞാ**ൻ ആദ്യമായി മർഹൂം ബിഎം കോയ സാഹിബിനെ പരിചയപ്പെടുന്നത് 1989 ജൂബിലി വർഷത്തിലാണ്. ഞാനും ബിഎം കോയ സാഹിബും ഉൾപ്പെടെയുള്ളവർ അംഗങ്ങളായുള്ള സംസ്ഥാന ജൂബിലി കമ്മിറ്റിയിൽവെച്ച്. ആയിടയ്ക്കാണ് അദ്ദേഹം ഒരു സാഹിത്യകാരനാണെന്ന് ഞാൻ മനസ്സിലാക്കിയത്. 'ചിന്തന' എന്ന തന്റെ സാഹിത്യവാരിക പ്രസിദ്ധീകരിക്കുന്നതിനെ സംബന്ധിച്ച് ക്ഷണിക്കപ്പെട്ട സദസ്സിൽ എന്റെ അഭിപ്രായം അദ്ദേഹം ആരായുകയുണ്ടായി. അന്ന് സാംസ്ക്കാരിക രംഗത്ത് അറിയപ്പെട്ട ഒരു സ്ഥാപനത്തിൽ പ്രവർത്തിക്കുകയും ജോലി ചെയ്യുകയും ചെയ്തിരുന്ന എനിക്ക് പുതിയ പ്രസിദ്ധീകരണങ്ങളുടെ നിലനില്പ്, അത് എത്ര സാഹിത്യ സംപുഷ്ടമാണെങ്കിലും, പ്രോത്സാഹജനകമല്ലാ എന്നുള്ള കാര്യം അറിയാമായിരുന്നത് തുറന്നു പറയുകയുണ്ടായി. തുറന്ന വിമർശനമാണ് വേണ്ടതെന്ന അദ്ദേഹത്തിന്റെ നിഷ്ക്കർഷ എന്റെ അഭിപ്രായത്തെ ചെറുചിരിയിലൊതുക്കുകയാണുണ്ടായത്. താൻ നിശ്ചയിച്ച കാര്യം എത്ര ദുർഘടം പിടിച്ചതായാലും അത് നടപ്പിൽ വന്നുകാണുവാൻ ആഗ്രഹിച്ചിരുന്ന അദ്ദേഹം ബിആർബി പ്രസ്സ് ആരംഭിക്കുകയും 'ചിന്തന' വാരിക പ്രസിദ്ധം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ കഴിവനുസരിച്ച് പ്രസിദ്ധീകരണത്തിന് നല്ല പ്രചാരണം നൽകി. നല്ല നിലവാരമുള്ള സാഹിത്യകൃതികൾ ഉൾക്കൊള്ളിച്ചു അന്ന് നിലവിലുണ്ടായിരുന്ന ഉന്നത നിലവാരം പുലർത്തുന്ന പ്രസിദ്ധീകരണങ്ങളേക്കാൾ കിടപിടിക്കുന്ന ഒന്നാക്കിയിരുന്നു ചിന്തന. പക്ഷേ, അതിലെ സാഹിത്യസംപുഷ്ടവും കാലോചിതുമായ ലേഖനങ്ങൾക്ക് സാധാരണക്കാരുടെയിടയിൽ വായനക്കാരെ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. മൂന്നോ നാലോ ലക്കങ്ങൾക്കുള്ളിൽ ചിന്തന നിർത്തിവെക്കേണ്ടി വന്നു.

കേരളത്തിലെ ജനങ്ങളുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങിചെല്ലാൻ 'ചിന്തന'കൊണ്ട് കഴിഞ്ഞില്ലെങ്കിലും അദ്ദേഹം തന്റെ സാഹിത്യസപര്യ അവിടംകൊണ്ട് നിർത്തിയില്ല. സ്രഷ്ടാവിന്റെ കൽപ്പനകൾക്ക് വിധേയമായി ജീവിച്ച അദ്ദേഹം കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന കേരളത്തിലെ അഹ്മദികളെ ആത്മീയമായി ഉയർത്തുവാൻ ഉതകുംവിധം തന്റെ രചനകൾക്ക് 'അൻസാർ' എന്ന ത്രൈമാസികയിൽകൂടി ജന്മം നൽകി. അതിന്റെ സ്വീകരണം അദ്ദേഹത്തിന് കൂടുതൽ ഉത്തേജനം നൽകി. അതിന്റെ പരിണാമമായിരുന്നു 'സത്യമിത്രം' മാസിക. ഇന്ന് 'സത്യമിത്രം' ജീവിതത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഭാഗമായി അതിന്റെ വരിക്കാർക്ക് മാറാൻ കഴിഞ്ഞത് ബിഎം കോയ സാഹിബിന്റെ അശ്രാന്ത പരിശ്രമവും ധന്യമായ ജീവിതസപര്യയും സാഹിത്യ നിപുണതയും മതപാണ്ഡിത്യവുമാണ്.

നീണ്ട പത്തുവർഷത്തിലധികം അൻസാറുല്ലാഹ് കേരള നാസിമായിരുന്ന അദ്ദേഹം ഈ വിനീതനെയും സഹപ്രവർത്തനാക്കിയിരുന്നു. ഒരിക്കൽ കണ്ണൂരിൽ വെച്ച്നടന്ന അൻസാറുല്ലാഹ് സംസ്ഥാന കമ്മിറ്റി യോഗത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചതനുസരിച്ച് ചെന്ന എനിക്ക് അദ്ദേഹത്തിന്റെ വീട്ടിൽനിന്നും ആതിഥേയത്വം നുകരാനും ഭാഗ്യം ലഭിച്ചു. അവിടെ അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരം എന്നെ അത്ഭുതപ്പെടുത്തി. ഉന്നതനിലവാരം പുലർത്തുന്ന ഒരു ഗ്രന്ഥശാലയ്ക്കുള്ള അത്രമാത്രം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ പഠനമുറിയിൽ സജ്ജീകരിച്ചിരുന്നു. ബിഎം കോയ സാഹിബിന്റെ കീഴിൽ അൻസാറുല്ലായുടെ ഒരു സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കാൻ കഴിഞ്ഞത് ഭാഗ്യമായി ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ ഉപദേശനിർദ്ദേശങ്ങൾ എപ്പോഴും പ്രവർത്തനോന്മുഖമാകാൻ ഊർജ്ജംപകരുന്ന ഒന്നായിരുന്നു. ആരോഗ്യം നോക്കാതെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ ജമാഅത്തുകളിലും ഓടിനടന്ന് അംഗങ്ങളെ കർമ്മോന്മുഖരാക്കാൻ അദ്ദേഹം കാട്ടിയ ഉദാത്തമായ സംഘടനാപരമായ ഉത്സുകത, അത് ഏതൊരു അംഗത്തേയും പ്രവർത്തന നിരതരാക്കാൻ പോന്നതായിരുന്നു.

ഏതൊരു ജീവിയും താൻ ജീവിച്ചുകാണിച്ചത് സഹജീവികൾക്ക് ഒരു പാഠം അഥവാ ദൃഷ്ടാന്തമായിരിക്കും. അത് നല്ലതെങ്കിൽ തന്റെ ജീവിതത്തിൽ സ്വീകരിക്കാവുന്നതോ അഥവാ ചീത്തയെങ്കിൽ അങ്ങനെ ഒന്ന് തന്റെ ജീവിതത്തിലുണ്ടെങ്കിൽ ത്യജിക്കേണ്ടുന്നതാണെന്നുമുള്ള പാഠം. ബിഎം കോയ സാഹിബിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജീവിതം മറ്റുള്ളവർക്ക് സ്വീകരിക്കാവുന്ന ഒരു ദൃഷ്ടാന്തമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്ന അദ്ദേഹത്തിന്റെ സഹധർമ്മിണിക്കും മക്കൾക്കും സമാധാനവും അദ്ദേഹത്തിന്റെ പരലോകജീവിതം സുഖാനുഭൂതി നിറഞ്ഞതുമാകട്ടെയെന്ന പ്രാർത്ഥനയോടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.

അനുസ്മരണം

# ഹൃദയത്തിലൂടെ നടന്ന ഒരാൾ

ഉമർ പാറപ്പുറത്ത്

"**അ**ങ്ങനെ നിങ്ങളിലൊരുവന് മരണസമയമായാൽ അവൻ നിയോഗിച്ച മലക്കുകൾ അയാളുടെ ജീവൻ പിടിച്ചെടുക്കുന്നു. തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിൽ അവർ ഒട്ടും വീഴ്ച വരുത്തുന്നില്ല." (*സൂറ: അൻആം*)

ഖുർആനിലെ ഈ ദൈവവചനം മരണം അനിവാര്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. ഈ നിത്യസത്യം പക്ഷേ നമ്മെ അമ്പരപ്പിക്കുകയാണ് പലപ്പോഴും. ദൈവവചനങ്ങളിലും അവന്റെ നീതിയിലുമുള്ള കണിശത ഈ അമ്പരപ്പിനെ ലഘൂകരിക്കുന്നില്ല. അസ്വാഭാവികമായ ചില വഴിത്തിരിവുകളിൽ, കൂടെ നടന്ന ചിലരെ നഷ്ടപ്പെടുമ്പോൾ ഖുർആനിലെ മേലുദ്ധരിച്ച വരികളുടെ സർവ്വകാല സ്വീകാര്യത വീണ്ടും ശ്രദ്ധേയമാവുന്നു.

തീർത്തുമൊരു അപ്രതീക്ഷിത വിയോഗമായിരുന്നു ബിഎം കോയാസാഹിബിന്റേത്. ഇനിയും വിട്ടുമാറാത്ത നടുക്കം. ബിഎമ്മിന്റെ സാന്നിദ്ധ്യം നിത്യേന അനുഭവിച്ചിരുന്ന ഞങ്ങൾക്കൊക്കെ അദ്ദേഹത്തിന്റെ അഭാവം ഇനിയും ഉൾക്കൊള്ളാനാവുന്നില്ല. ആ വിടവ് നികരാൻ ഏറെ നാളുകൾ വേണ്ടിവന്നേക്കാം. പലപ്പോഴും ആളുകളെ 'സർവ്വകലാവല്ലഭൻ' എന്നൊക്കെ 'ക്ലിഷേ' ആയി വിശേഷിപ്പിക്കാറുണ്ട്. അസ്ഥാനത്തുള്ള പ്രയോഗംകൊണ്ട് തേഞ്ഞുപോയ ഈ വാക്ക് ബിഎംന്റെ കാര്യത്തിൽ സാർത്ഥകമാകുന്നു. അതുകൊണ്ടാണ് ബിഎമ്മിന്റെ അസാന്നിദ്ധ്യം ഭാരിച്ചതാവുന്നത്.

അഹ്മദിയ്യത്തിന്റെ യുവതലമുറയ്ക്ക് ബിഎം ഒരു 'ചിഹ്ന'മായിരുന്നു. അറിവിന്റെ, വായനയുടെ, എഴുത്തിന്റെ 'കുലചിഹ്നം'. അനുകരണീയമായ ഏറെ ഭാവങ്ങളുണ്ട് അദ്ദേഹത്തിൽ. എന്നാൽ അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഗൗരവം എപ്പോഴും നേരിയൊരു ഭീതിയുണർത്തിയിരുന്നു, മനസ്സിൽ. പല കാര്യങ്ങൾക്കും വേണ്ടി കാണാൻ ചെല്ലുമ്പോൾ ഉള്ളിൽ സംശയങ്ങളുണ്ടാകും. എന്തായിരിക്കും പ്രതികരണം എന്ന് വെറുതെ ചിന്തിക്കും. ഇഷ്ടപ്പെടാത്ത എന്തെങ്കിലും.... ജമാഅത്തിന്റെ നിയമവും ചിട്ടയും ബിഎമ്മിന്റെ ഹൃദയരേഖകളാണ്. എന്നാൽ ഒരിക്കൽപോലും സ്വഭാവത്തിൽ ദുഃസൂചനകൾ കാണിച്ചിട്ടില്ല ബിഎം. കാരണം ദുഃസൂചനകൾക്കും സ്വഭാവഹത്യയ്ക്കുമപ്പുറം എല്ലാവരേയും സമഭാവനയോടെ കാണുന്ന ഒരു മനോനില എന്നോതന്നെ കൈവരിച്ചിരുന്നു, ബിഎം കോയാസാഹിബ്. ഇത് സാധാരണക്കാർക്ക് അപ്രാപ്യമായ ഒന്നാണ്.

വ്യക്തിപരമായ ഒട്ടേറെ അനുഭവങ്ങളുണ്ട് ബിഎംന്റെ അശ്രുപൂജയ്ക്കായി. എന്നാൽ അതിനേക്കാളൊക്കെയേറെ അദ്ദേഹത്തിന്റെ സംഭാഷണങ്ങളാണ് മനസ്സിൽ നിറയുന്നത്. എല്ലായ്പ്പോഴും അഹ്മദിയ്യത്തിന്റെ ഇന്നലെകളെക്കുറിച്ച് പറയുമ്പോൾ വികാരതീക്ഷ്ണമാകാറുണ്ട് ബിഎമ്മിന്റെ സ്വരം. കഴിഞ്ഞകാലങ്ങളിൽ അദ്ദേഹമുൾപ്പെടുന്ന തലമുറയുടെ ത്യാഗങ്ങൾ ഞങ്ങൾക്കായി വിവരിക്കുമ്പോൾ കണ്ണുകൾ ആർദ്രമാവും. ഖുർആൻ ഹൃദിസ്ഥമാക്കാനുള്ള ഉപദേശം മുതൽ ജമാഅത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെപ്പറ്റിവരെ ആധികാരികമായി പ്രഭാഷണം നടത്താൻ അദ്ദേഹത്തിന് മുന്നൊരുക്കങ്ങളൊന്നും ആവശ്യമില്ല. ഒരിക്കൽ അതേക്കുറിച്ച് ചോദിച്ചപ്പോൾ മറുപടി ഒരു പുഞ്ചിരിയായിരുന്നു– സാത്വികന്റെ പുഞ്ചിരിയിൽ ദൈവികമായ തിളക്കമുണ്ട്.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ് സ്ഥാനം പലപ്പോഴും ഭാരിച്ച ഉത്തരവാദിത്തങ്ങൾ നല്കിയിട്ടുണ്ട്. മിക്കതും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തീകരിക്കാനും സാധിച്ചിട്ടുണ്ട്. അപ്പോഴൊക്കെയും ബിഎം കലവറയില്ലാതെ അഭിനന്ദനങ്ങൾ അറിയിച്ചിരുന്നു. വെറുതേ പ്രശംസിക്കുന്നതിൽ താല്പര്യമില്ലാത്ത ഒരാളുടെ ഈ വാക്കുകൾ എന്നെ സംബന്ധിച്ചിടത്തോളം അനിർവചനീയമായിരുന്നു. മറ്റൊരിക്കൽ കണ്ണൂരിലെ യുവചേതന പ്രസംഗവേദിയിൽ ചെറിയൊരു ചലനം സൃഷ്ടിച്ചപ്പോൾ, 'ചെറുപ്പക്കാർ വയോധികരെ മലർത്തിയടിച്ചു'വെന്ന് നർമ്മത്തിൽ പൊതിഞ്ഞ് സമ്മതിച്ചതും മറക്കാനാവാത്തതാണ്. ചെറിയ കുട്ടികൾ കണ്ണൂർ ടൗൺ പള്ളിമുറ്റത്ത് ക്രിക്കറ്റും ഫുട്ബോളുമൊക്കെ കളിച്ച് മുന്നേറുമ്പോൾ ബിഎംന്റെ മനസ്സും നിറയാറുണ്ട്. കാരണം 'catch them young' എന്ന സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്നു അദ്ദേഹം. നവമുകുളങ്ങൾ കളിച്ച് തിമർക്കുമ്പോൾ അഹ്മദിയ്യത്തിന്റെ വിശുദ്ധി അവരിലേക്ക് പകർന്നുകൊടുക്കാൻ പരമകാരുണികനോട് പ്രാർത്ഥിക്കുകയായിരിക്കും ബിഎം.

പലരും പറയാറുണ്ട് 'സത്യമിത്രം' ബിഎം കോയസാഹിബിന്റെ 'വൺമാൻ ഷോ' ആണെന്ന്. അതെന്തുമാകട്ടെ, ബിഎം എന്ന വിരലടയാളം പതിയാത്ത ഒരു പേജുപോലും സത്യമിത്രത്തിൽ ഉണ്ടായിട്ടില്ല. സത്യത്തിൽ എന്തൊരു ഭഗീരഥ പ്രയത്നമാണിത്. ഭാരിച്ചചുമതല സ്വയം ചുമലിലേറ്റി ലക്ഷ്യസ്ഥാനത്തേക്ക് പോകുന്നത് എളുപ്പമായ കാര്യമല്ല. സ്വന്തം ആത്മാവിനെ ബിഎം സത്യമിത്രത്തിലേക്ക് പകർത്തുകയായിരുന്നു. ശില്പവും ശില്പിയും തമ്മിലുള്ള വൈകാരികബന്ധമാണിവിടെ തെളിയുന്നത്. സൃഷ്ടി പൂർണ്ണമാവുമ്പോൾ ശില്പിയുടെ തേജസ്സ് ശില്പത്തിൽ സ്വാംശീകരിക്കപ്പെടുന്നുണ്ട്. ഫലേച്ഛകൂടാതെ,

# ‘ശിഷ്യൻ’ വരച്ചുകാട്ടിയ ‘ഗുരു’വിന്റെ ചിത്രം

**എൻ. കുഞ്ഞഹ്മദ്,**
**അമീർ, അഹ്മദിയ്യാ ജമാഅത്ത്, പഴയങ്ങാടി**

**മ**ലയാളി അഹ്മദികളുടെ മനസ്സിൽ നിറഞ്ഞുകിടക്കുന്ന മഹൽവ്യക്തിത്വമാണ് മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. അഹ്മദിയ്യത്തിന്റെ മാർഗ്ഗദീപമായി അരനൂറ്റാണ്ടുകാലം സംശോഭിച്ച മൗലാനാ സാഹിബിനെക്കുറിച്ച് അറിയാത്തവർക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊടുത്ത മലയാളനാട്ടിലെ ഒരു ശിഷ്യനാണ് മർഹൂം ബിഎം കോയസാഹിബ്. മറ്റുപലർക്കും എന്നപോലെ അദ്ദേഹത്തിനും മൗലാനാ ഗുരുവായിരുന്നു. അഹ്മദിയ്യാ ശതാബ്ദി (1889–1989) യാഘോഷത്തോടനുബന്ധിച്ച് പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്ത് ‘**മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾ**’ എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ലേഖന സമാഹാരത്തിന്റെ പ്രാരംഭത്തിൽ ചേർത്ത ‘അനുസ്മൃതി’ ഗുരുവിന്റെ ചിത്രം വരച്ചുകാട്ടുന്നതിൽ വിജയം വരിച്ച ശിഷ്യന്റെ വാക്കുകളാണ്.

**“അന്തല്ലദീ വലദത്ക ഉമ്മുക്ക ബാക്കിയാ**
**വന്നാസു ഹൗലക്ക യള്ഹക്കൂന സുറൂറാ**
**ഫജ്ഹദ് ലിനഫ്സിക്ക അൻതകൂന ഇദാബക്കൗ**
**ഫീഹാലിമൗത്തിക്ക ളാഹിക്കമ്മസ്റൂറാ”**

(നിനക്കു ചുറ്റും ജനങ്ങൾ സന്തോഷത്തോടെ ചിരിച്ചുകൊണ്ടിരിക്കെ, കരഞ്ഞുകൊണ്ടിരിക്കുന്നവനായാണ് നിന്റെ മാതാവ് നിന്നെ പ്രസവിച്ചത്. നിന്റെ മരണവേളയിൽ അവർ വിലപിച്ചുകൊണ്ടിരിക്കുമ്പോൾ സന്തോഷത്തോടെ ചിരിക്കുന്നവനായിത്തീരാൻ നീ പരിശ്രമിച്ചുകൊണ്ടിരിക്കുക)

എന്ന ഈരടികൾ ഈ ശിഷ്യൻ അന്വർത്ഥമാക്കിയിരിക്കുന്നു.

●

---

മിക്കപ്പോഴും നഷ്ടം സഹിച്ചുകൊണ്ടുതന്നെ മാസം തോറും വായനക്കാരിലേക്ക് സത്യമിത്രമെത്തുമ്പോൾ അടുപ്പമുള്ളവർ ഓർക്കുന്നത് അതിന്റെ പിറകിലുള്ള ഏകാംഗയത്നത്തെയാണ്. ആരോഗ്യവും, ധനവും, ഒട്ടൊക്കെ ഹോമിച്ച് ജമാഅത്തിന്റെ ജിഹ്വകളിലൊന്നിനെ നിലനിർത്തിയതിന് ഉചിതമായ പ്രതിഫലം അദ്ദേഹത്തെ കാത്തിരിപ്പുണ്ടാകും.

ഖുദ്ദാമുൽ അഹ്മദിയ്യാ (ടൗൺ) ‘അലിഫ്’ എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ഈയടുത്ത് പുറത്തിറക്കിയിരുന്നു. അതിൽ മസീഹ് മൗഊദി(അ)ന്റെ ഉദ്ധരണികളുടെ സ്ഥാനം മാറിപ്പോയിയെന്ന് ബിഎം പരസ്യമായിത്തന്നെ ചൂണ്ടിക്കാണിച്ചു. ആദ്യം അന്ധാളിച്ചെങ്കിലും പിന്നീട് ഞങ്ങളൊക്കെ ആ ക്രാന്തദർശിത്വത്തിന് മുമ്പിൽ ശിരസ്സ് നമിച്ചു. തെറ്റ് ആരുതന്നെ ചെയ്താലും സങ്കോചമില്ലാതെ അത് ചൂണ്ടിക്കാണിക്കുക എന്നത് ബിഎമ്മിന്റെ വ്യക്തിത്വത്തിലുള്ളതാണ്. വ്യക്തിബന്ധങ്ങളിലുപരി കാര്യങ്ങളുടെ പരിപൂർണ്ണതയ്ക്കാണ് അദ്ദേഹം പ്രാധാന്യം നല്കുന്നത്. വ്യത്യസ്തമായ മേഖലകളിൽ ഒരുപോലെ വിജയം കൈവരിക്കാൻ അദ്ദേഹത്തിന് സാധിച്ചത് ഇതൊക്കെ കൊണ്ടുതന്നെയാവണം.

ഏറെ നാളുകൾക്ക് മുമ്പ് ബിഎം എഴുതിയ നോവലാണ് ‘മൗനത്തിന്റെ ശബ്ദം’. യാദൃശ്ചികമായി അടുത്തകാലത്ത് അത് വായിച്ചപ്പോഴാണ് കാല്പനികമായ ഒരു വശംകൂടി അദ്ദേഹത്തിനുണ്ടെന്ന് മനസ്സിലായത്. നിരൂപകശ്രദ്ധ വേണ്ടത്ര ലഭിക്കാത്ത ഈ നോവൽ മലയാളത്തിലെ അക്കാലത്തെ (ഇക്കാലത്തെയും) മികച്ച പ്രസാധകരായ കറന്റ് ബുക്സ് ആണ് പുറത്തിറക്കിയത്. കഥാസാഹിത്യത്തിൽ പിന്നീട് ബിഎം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചില്ല. ആധ്യാത്മിക മേഖലയിലേക്ക് അദ്ദേഹം ചുവടുമാറ്റി. പ്രത്യേകിച്ചും ഖുർആൻ അടിസ്ഥാനമാക്കിയുള്ള ഗവേഷണാത്മകമായ പ്രബന്ധങ്ങളിലാണ് അവസാന കാലംവരെ അദ്ദേഹം സജീവമായത്. സത്യമിത്രത്തിന്റെ താളുകൾ അതിന്റെ സാക്ഷിപത്രമാണ്. പരന്ന വായനയും, കനമുള്ള എഴുത്തും ബിഎമ്മിന്റെ വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്നു.

സത്യത്തിൽ ആരായിരുന്നു ബിഎം? ബിഎം പലതുമായിരുന്നു. വ്യവസായ സംരംഭകൻ, രാഷ്ട്രീയ–ട്രേഡ് യൂണിയൻ പ്രവർത്തകൻ, പ്രസാധകൻ. വ്യത്യസ്തത ഏറെയുള്ള കർമ്മമണ്ഡലങ്ങൾ. അതിലെല്ലാം സവിശേഷമായ മുദ്ര പതിപ്പിക്കുകയും ചെയ്തു. എന്നാൽ ഇതേക്കാളുപരി ആദ്യമായും അവസാനമായും ഒരു അഹ്മദിയായിരുന്നു അദ്ദേഹം. യഥാർത്ഥ മുസ്ലിം യഥാർത്ഥ മനുഷ്യനാണെന്ന് സത്യത്തിന്റെ മിത്രമാണെന്ന് തെളിയിച്ചിരിക്കുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. തൂവെള്ള വസ്ത്രം ധരിച്ച് ആ വെണ്മയെ മനസ്സിലേക്കുകൂടി സന്നിവേശിപ്പിച്ച് ബിഎം ഇതിലേ കടന്നുപോയി. ഐതിഹാസികമായ ആ ജീവിതം ഞങ്ങൾക്കൊക്കെ വഴിവിളക്കാവുന്നു.

ഈ കുറിപ്പ് അവസാനിപ്പിക്കുമ്പോൾ ഓർമ്മവരുന്നത് ആലുഇംറാനിലെ താഴെ ചേർത്ത സൂക്തങ്ങളാണ്. “ദൈവികസരണിയിൽ വധിക്കപ്പെട്ടവരെ മരിച്ചുപോയവരെന്ന് വിചാരിക്കരുത്. വാസ്തവത്തിൽ അവർ ജീവിച്ചിരിക്കുന്നവരാകുന്നു. തങ്ങളുടെ രക്ഷിതാവിൽനിന്ന് അവർക്ക് വിഭവം ലഭിക്കുന്നുണ്ട്. അല്ലാഹു അവർക്കേകിയ അനുഗ്രഹങ്ങളിൽ അവർ സന്തുഷ്ടരാകുന്നു.”

●

# മജ്‌ലിസ് അൻസാറുല്ലാഹ് 27-ാം ദേശീയ വാർഷിക ഇജ്ത്തിമാഅ്


**ടി. അഹ്‌മദ് സഈദ്**

**ഖാ**ദിയാൻ:- മജ്‌ലിസ് അൻസാറുല്ലാഹ് 27-ാം ദേശീയ വാർഷിക ഇജ്ത്തിമാഅ് 2004 ഒക്ടോബർ 1,2,3 (വെള്ളി, ശനി, ഞായർ) തിയ്യതികളിൽ ഖാദിയാൻ ദാറുൽ അമാനിൽ പൂർവ്വാധികം ഭംഗിയായി നടന്നു. ഇന്ത്യയിലെ വിവിധ മജ്‌ലിസുകളിൽ നിന്ന് 750 പ്രതിനിധികൾ പങ്കെടുത്തു.

**ഒന്നാം ദിവസം** രാവിലെ തഹജ്ജുദ് നമസ്ക്കാരത്തോടെയാണ് ഈ ആത്മീയ സമ്മേളനത്തിന് തുടക്കം കുറിച്ചത്. മജ്‌ലിസ് അൻസാറുല്ലാഹ് മുൻ അഖിലേന്ത്യാ സദ്ർ മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് നമസ്കാരത്തിന് നേതൃത്വം നല്കി.

**ഉദ്ഘാടന സമ്മേളനം:** ഉച്ചക്ക് ശേഷം കൃത്യം 3.30ന് സമ്മേളന നഗരിയിലെത്തിയ ഉദ്ഘാടകനും, മുഖ്യാതിഥിയുമായ നാസിർ അഅ്‌ലാ ഹസ്റത്ത് മിർസാ വസീം അഹ്‌മദ് സാഹിബിനെ അഖിലേന്ത്യാ സദ്ർ സാഹിബിന്റെ നേതൃത്വത്തിൽ അൻസാർ കേന്ദ്രകമ്മിറ്റി അംഗങ്ങളും സംസ്ഥാന ഭാരവാഹികളും സഈംമാരും ചേർന്ന് ഹാരാർപ്പണം നടത്തി സ്വീകരിച്ചു. തുടർന്ന് നാസിർ അഅ്‌ലാ സാഹിബ് മജ്‌ലിസിന്റെ പതാക ഉയർത്തിയതോടെ ഇജ്ത്തിമാഅ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിനുശേഷം ഹസ്റത്ത് മിയാൻ സാഹിബിന്റെതന്നെ അദ്ധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. അൻസാറുല്ലാ അഖിലേന്ത്യാ സദ്ർ മൗലാനാ മുനീർ അഹ്‌മദ് സാഹിബ് ഖാദിം നാഇബ് സദ്ർമാരായ മൗലവി ഇനായത്തുല്ലാ സാഹിബ്, ഖാരീ നവാബ് അഹ്‌മദ് സാഹിബ് എന്നിവർക്കു പുറമെ മോറിഷ്യസ് ജമാഅത്ത് അമീർ സാഹിബും വേദിയിൽ ഉപവിഷ്ഠരായിരുന്നു.

നാഇബ് സദ്ർ ഖാരീ നവാബ് അഹ്‌മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് ഉദ്ഘാടന പരിപാടികളാരംഭിച്ചത്. അഖിലേന്ത്യാ സദ്ർ സാഹിബ് പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. മൗലവി സഫീർ അഹ്‌മദ് ശമീം പദ്യം ആലപിച്ചു. സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്‌മദ് സാഹിബ്(അയ്യദഹുല്ലാഹ്) അയച്ച പ്രത്യേക സന്ദേശം സദ്ർ സാഹിബ് കേൾപ്പിച്ചു. മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിവരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു. അൻസാറുല്ലായുടെ രൂപീകരണത്തിന്റെ സുപ്രധാനമായ ഉദ്ദേശ്യം വിശുദ്ധഖുർആൻ പഠിക്കുകയും അത് ജീവിതത്തിൽ പകർത്തുകയും ചെയ്യുക എന്നതാണ്. വിശുദ്ധഖുർആൻ സ്വയം പഠിക്കുകയും അത് ഭാര്യാമക്കൾക്ക് പഠിപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വവും അൻസാറുല്ലാ അംഗങ്ങൾക്കുണ്ട്." സന്ദേശ



*ജനാബ് ബി.എം. കോയാസാഹിബ് ഹസ്റത്ത് മിയാൻസാഹിബിൽനിന്ന് സമ്മാനം സ്വീകരിക്കുന്നു. സദ്ർ ജനാബ് മുനീർ അഹ്‌മദ് ഖാദിംസാഹിബും നായിബ് സദ്ർ ജനാബ് ഖാരി നവാബ് അഹ്‌മദ്സാഹിബും സമീപം*

ത്തിന്റെ കോപ്പികൾ സദസ്സിൽ വിതരണം ചെയ്തു. മൗലവി മുസഫ്ഫർ അഹ്‌മദ്ഖാൻ സാഹിബ് അഖിലേന്ത്യാ അൻസാറുല്ലായുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അൻസാറുല്ലാ മജ്‌ലിസുകളുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഖാദിയാൻ മജ്‌ലിസ് തുടർച്ചയായി നാലാം തവണയും അഖിലേന്ത്യാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഹൈദരബാദ് മജ്‌ലിസ് രണ്ടാം സ്ഥാനവും, കേരളത്തിലെ കോഴിക്കോട്, പള്ളിപ്പുറം മജ്‌ലിസുകൾ മൂന്നാംസ്ഥാനം പങ്കിടുകയും ചെയ്തു.

ഹസ്റത്ത് മിയാൻ സാഹിബ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ, അൻസാർ അംഗങ്ങളുടെ പ്രായത്തിന്റെ മഹത്വത്തെ കുറിച്ച് വിവരിച്ചുകൊണ്ട് തർബിയ്യത്ത് കാര്യത്തിൽ അൻസാറുല്ലായ്ക്കുള്ള പങ്കിനെക്കുറിച്ച് ഊന്നിപ്പറഞ്ഞു. തർബിയത്ത് പരമായി അൻസാറുല്ലാ ഉയരുമ്പോൾ അത് ഖുദ്ദാമിന്റെയും അത്ഫാലിന്റെയും ലജ്നയുടെയും ഉയർച്ചയ്ക്ക് കാരണമായിത്തീരുന്നു. അൻസാറുല്ലാ ഘടകത്തിന്റെ സാന്നിദ്ധ്യം സമൂഹത്തിൽ അത്രകണ്ട് സുപ്രധാനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ദുആയോടെ സമ്മേളനം സമാപിച്ചു.

***രണ്ടാം ദിവസം ഒന്നാം സെഷൻ:-*** രാവിലെ കൃത്യം 9 മണിക്ക്, ദാറുൽ കസാ നാസിം മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ രണ്ടാംദിവസത്തെ ഒന്നാം സെഷൻ ആരംഭിച്ചു. മുഅല്ലിം മൗലവി കെ. അബ്ദുസ്സലാം സാഹിബിന്റെ (കേരള) ഖുർആൻ പാരായണത്തിനും, ചൗധരി നൂറുദ്ദീൻ സാഹിബി(ജർമ്മനി)ന്റെ പദ്യാലാപനത്തിനും ശേഷം മൗലാനാ മുഹമ്മദ് ഇൻആം സാഹിബ് ഗോരി (നാസിർ ഇസ്‌ലാഹൊ ഇർശാദ്) 'ഖിലാഫത്ത് വ്യവ

സ്ഥിതിയും വസിയ്യത്ത് വ്യവസ്ഥിതിയും' എന്ന വിഷയത്തെ സംബന്ധിച്ചും, മൗലാനാ സഹീർ അഹ്മദ് സാഹിബ് ഖാദിം (നാസിർ ദഅ്വത്തെ ഇലല്ലാ) 'ദുആയുടെ മഹത്വും പ്രാധാന്യവും' എന്ന വിഷയത്തെക്കുറിച്ചും, മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ് (അഡീഷനൽ നാസിം വഖ്ഫെ ജദീദ് ബേറൂൻ) 'സന്താനങ്ങളുടെ ശിക്ഷണവും അൻസാറുല്ലായും' എന്ന വിഷയത്തെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. തുടർന്ന് കാശ്മീർ സംസ്ഥാന നാസിം സാഹിബ് കാശ്മീരിലെ മജ്‌ലിസിന്റെ പ്രവർത്തനങ്ങളും, കേരള സംസ്ഥാന നാഇബ് നാസിം ഉമൂമി ടി. അഹ്മദ് സഈദ് സാഹിബ് കേരളത്തിൽ നടക്കുന്ന മജ്‌ലിസിന്റെ പ്രവർത്തനങ്ങളും ഹ്രസ്വമായി വിവരിച്ചു.

***രണ്ടാം സെഷൻ:–*** രണ്ടാം സെഷനിൽ നവഅഹ്മദികൾക്ക് മാത്രമായുള്ള ഖുർആൻ പാരായണം, പദ്യ പാരായണം, പ്രസംഗം എന്നീ മത്സരങ്ങൾ നടന്നു.

***മൂന്നാം ദിവസം ഒന്നാം സെഷൻ:–*** മഴ കാരണം ഈ സെഷനിലെ പരിപാടികൾ ഇജ്ത്തിമാ ഗാഹിൽ നടത്താൻ സാധിച്ചില്ല. പകരം മസ്ജിദ് അഖ്സയിലാണ് പരിപാടികൾ നടന്നത്. കാശ്മീർ സംസ്ഥാന അമീർ അബ്ദുൽ ഹമീദ് സാഹിബ് ടാക്കിന്റെ അദ്ധ്യക്ഷതയിൽ ജനാബ് യു.കെ. മുഹമ്മദ് യൂസുഫ് സാഹിബി (കോഴിക്കോട്)ന്റെ ഖുർആൻ പാരായണത്തിനും, മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ് ഫസ്‌ലിന്റെ പദ്യാലാപനത്തിനുംശേഷം ഖാരി നവാബ് അഹ്മദ് സാഹിബ് (നാഇബ് സദർ സഫെദോം) 'നവഅഹ്മദികളുടെ ശിക്ഷണവും, അൻസാറുല്ലായുടെ ഉത്തരവാദിത്വങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച് പ്രഭാഷണം നടത്തി. ഈ സെഷനിലെ രണ്ടാമത്തെ പ്രസംഗം മൗലാനാ ഇനായത്തുല്ലാ സാഹിബി(നാഇബ് സദർ സഫെഅവ്വൽ) ന്റേതായിരുന്നു. അദ്ദേഹത്തിന്റെ വിഷയം 'കാലത്തിന്റെ ഇമാമുമായും കേന്ദ്രവുമായുള്ള നമ്മുടെ ബന്ധം' എന്നതായിരുന്നു. അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗത്തിനുശേഷം ഈ സെഷൻ അവസാനിച്ചു.

**സമാപനയോഗം:–** രാത്രി 9 മണിക്ക് ഹസ്റത്ത് മിയാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ സമാപനയോഗം ആരംഭിച്ചു. ജനാബ് ടി. അഹ്മദ് സഈദ് സാഹിബി (കോഴിക്കോട്)ന്റെ ഖുർആൻ പാരായണത്തിനുശേഷം സദ്ർ മൗലാനാ മുനീർ അഹ്മദ് ഖാദിം സാഹിബ് അൻസാറുല്ലായുടെ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഡോക്ടർ മാലിക് ബശീർ അഹ്മദ് നാസിർ സാഹിബ് പദ്യം ചൊല്ലി. സദ്ർ സാഹിബ് അൻസാർ അംഗങ്ങളെ സംബോധന ചെയ്തുകൊണ്ട് വസിയ്യത്തിനെക്കുറിച്ചും ഖുർആൻ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദമായി സംസാരിച്ചു. തുടർന്ന് ഹസ്റത്ത് മിയാൻ സാഹിബ് മജ്‌ലിസുകൾക്കും, വൈജ്ഞാനിക കായികമത്സരങ്ങളിലെ വിജയികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. സദ്ർ ഇജ്ത്തിമാ കമ്മിറ്റി മൗലാനാ ഇനായത്തുല്ലാഹ് സാഹിബിന്റെ നന്ദി പ്രകടനത്തിനും, ഹസ്റത്ത് മിയാൻ സാഹിബിന്റെ വിലപ്പെട്ട ഉപദേശങ്ങൾ അടങ്ങിയ സമാപന പ്രസംഗത്തിനുംശേഷം ഇജ്ത്തിമാഈ ദുആയോടെ ഇജ്ത്തിമാക്ക് തിരശ്ശീലവീണു. കേരളത്തിൽ 20 മജ്‌ലിസുകളിൽനിന്ന് 50 പ്രതിനിധികൾ ഇജ്ത്തിമായിൽ പങ്കെടുത്തു.

***മജ്‌ലിസെ ശൂറാ:–*** 3–ാം തിയ്യതി പകൽ 11.30–ന് സദ്ർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ മസ്ജിദ് നാസിറാബാദിൽ ഭാരത മജ്‌ലിസ് അൻസാറുല്ലായുടെ മജ്‌ലിസെ ശൂറാ ചേരുകയും അടുത്തവർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും ചർച്ചകൾക്ക് ശേഷം പാസാക്കുകയും ചെയ്തു. തഅ്ലീമുൽ ഖുർആൻ സംബന്ധമായ പരിപാടികളെകുറിച്ചും ആലോചിച്ചു.

2–ാം തിയ്യതി രാവിലെ അൻസാറുല്ലാ ഓഫീസിൽ കേരളത്തിൽനിന്നുള്ള മജ്‌ലിസ് പ്രതിനിധികളുടെ ഒരു പ്രത്യേക യോഗവും സദർ സാഹിബ് വിളിച്ചുകൂട്ടിയിരുന്നു. അതിൽ കേരളത്തിൽനിന്ന് വന്ന എല്ലാ മജ്‌ലിസ് പ്രതിനിധികളും പങ്കുകൊണ്ടു.

ഇജ്ത്തിമാഅ് അവസരത്തിൽ സമ്മാനാർഹരായ കേരളത്തിൽനിന്നുള്ള മജ്‌ലിസുകളും, അംഗങ്ങളും.

*അഖിലേന്ത്യാതലത്തിൽ:–* മൂന്നാംസ്ഥാനം– കോഴിക്കോട്, പള്ളിപ്പുറം മജ്‌ലിസുകൾ പങ്കിട്ടു. കൊച്ചി മജ്‌ലിസിന് പ്രത്യേക സമ്മാനം.

*സംസ്ഥാനതലത്തിൽ:–* ഒന്നാം സ്ഥാനം– പള്ളിപ്പുറം, കോഴിക്കോട് മജ്‌ലിസുകൾ പങ്കിട്ടു. രണ്ടാം സ്ഥാനം– കരുനാഗപ്പള്ളി. മൂന്നാംസ്ഥാനം– മുറിയക്കണ്ണി.

പ്രവർത്തനങ്ങളിൽ മികച്ച നാസിമായി കേരള നാസിം ജനാബ് ബിഎം കോയസാഹിബ് തിരഞ്ഞെടുക്കപ്പെട്ടു.

*ദീനിപരീക്ഷ:–* ഒന്നാം സ്ഥാനം– അയമുമാസ്റ്റർ, മുറിയക്കണ്ണി. രണ്ടാംസ്ഥാനം– എ. ബശീർ അഹ്മദ്, കരുനാഗപ്പള്ളി & കെ. അബ്ദുറഹ്മാൻ, കണ്ണൂർ ടൗൺ, മൂന്നാംസ്ഥാനം– കെ.വി. ഈസകോയ, കോഴിക്കോട്

*പ്രബന്ധരചനാമത്സരം:–* ഒന്നാംസ്ഥാനം– ബിഎം കോയസാഹിബ്, കണ്ണൂർടൗൺ, രണ്ടാംസ്ഥാനം– സിദ്ദീഖ് അശ്റഫ്അലി സാഹിബ്, മോഗ്രാൽ

*ഖുർആൻപാരായണം:–* ഒന്നാംസ്ഥാനം– ടി.അഹ്മദ് സഈദ്, കോഴിക്കോട്, രണ്ടാംസ്ഥാനം– സി.കെ. ഖമറുദ്ദീൻ, കരുളായി

*പദ്യം:–* രണ്ടാംസ്ഥാനം– ടി. അഹ്മദ് സഈദ്, കോഴിക്കോട്, കെ.വി. ഹസൻകോയ (പ്രോത്സാഹന സമ്മാനം)

*പ്രസംഗം:–* ഒന്നാംസ്ഥാനം– സിദ്ദീഖ് അശ്റഫ് അലി, മോഗ്രാൽ

*ഷോട്ട്പുട്ട് (സ്പോർട്സ്):–* മൂന്നാംസ്ഥാനം– കെ. അബ്ദുൽ അസീസ്, കണ്ണൂർടൗൺ.

●

# നൊമ്പരങ്ങൾക്കിടയിലെ സന്തോഷ മുഹൂർത്തം

**അ**നുഗൃഹീത റമദാൻ മാസത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൃഷ്ടിസേവനരംഗത്ത് ദൈവകൃപയാൽ സജീവമായിരുന്നു. ഇത്തവണ കണ്ണൂർ ടൗൺ–കൂടാളി–മട്ടന്നൂർ മജ്‌ലിസുകളുടെ സംയുക്താഭിമുഖ്യത്തിലാണ് ആ കർമ്മം നിർവ്വഹിച്ചത്. ഈ സന്ദർഭത്തിൽ ഹൃദയത്തെ സ്പർശിച്ച ഒന്നുരണ്ട് അനുഭവങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കാനാഗ്രഹിക്കുകയാണ്.

റമദാൻ വ്രതത്തിന്റെ വിശുദ്ധി മനസ്സിലും, സമസൃഷ്ടികളോടുള്ള സ്നേഹം ആത്മാവിലും കാത്തുസൂക്ഷിച്ചുകൊണ്ടാണ് കണ്ണൂരിലെ മേലേചൊവ്വയിലുള്ള പ്രത്യാശാഭവനിലേക്ക് അഹ്മദിയ്യാ ജമാഅത്തിലെ യുവാക്കൾ എത്തുന്നത്. ഇഫ്ത്താർ പാർട്ടികൾ ആഘോഷിക്കപ്പെടുന്ന ഇക്കാലത്ത് പാവങ്ങളോടൊപ്പം നോമ്പു തുറന്നുകൊണ്ട് അതിന്റെ ആനന്ദം നുണച്ചിറക്കാനുള്ള ആഗ്രഹമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. പ്രത്യാശാഭവനിലെ കാഴ്ചകൾ ഏറെയും ഹൃദയഭേദകങ്ങളായിരുന്നു. വാർദ്ധക്യത്തിന്റെ വെളിമ്പുറങ്ങളിൽ അഗതികളായി മാറിയ ഒരുപാട് പേരുണ്ടിവിടെ. നിരാശ്രയരായി, വേദനയോടെ പകച്ചുനോക്കിനില്ക്കുന്ന ഒരുപാട് പേർ. പലരും തെരുവിൽ അലഞ്ഞുനടക്കുന്നതിനിടയിൽ ഇവിടെ എത്തിപ്പെട്ടവരാണ്. കൂട്ടത്തിൽ ഒരു വൃദ്ധനെ തീർത്തും ശയ്യാവലംബിയായി കണ്ടു; പോരാതെ ദേഹമാസകലം വ്രണങ്ങളും. ചായയും പലഹാരങ്ങളുമായി ഞങ്ങൾ അദ്ദേഹത്തെ സമീപിച്ചപ്പോൾ കുതിർന്ന കണ്ണുകളുമായി ആ വൃദ്ധൻ കണ്ണ് ചിമ്മാതെ ഞങ്ങളെതന്നെ നോക്കിനിന്നു. എന്തൊക്കയോ ചോദ്യങ്ങൾ ആ മുഖത്ത് നിഴലിച്ചുവന്നതായി തോന്നി.

പ്രത്യാശാഭവനിലെ മറ്റൊരു വിഭാഗം അന്തേവാസികൾ എയ്ഡ്സ് രോഗികളാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും ഭീകരമായ രോഗത്തിന്റെ ഇരകളായി നിമിഷങ്ങൾ എണ്ണിനീക്കുന്ന ഇരുപത്തഞ്ചോളം ആളുകളാണിവിടെയുള്ളത്. ഇതിൽ പത്തോളം പേർ സ്ത്രീകളാണ്. മരവിച്ച മുഖങ്ങളാണ് എയ്ഡ്സ് സെല്ലിൽ കാണാനായത്. നിസ്സഹായതയും നിരാശയും ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടെന്ന ബോധവും അവരുടെ മുഖങ്ങളിൽ നിഴലിച്ചിരുന്നു. കൂട്ടത്തിൽ അടുത്തിടെ ഇവിടെ പ്രവേശിപ്പിക്കപ്പെട്ട ഒരു മുസ്‌ലിം യുവതിയുമുണ്ട്. അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റിന്റെ അനന്തരഫലം അവർ അനുഭവിക്കയാണിപ്പോൾ. ശയ്യാവലംബിയായ അവർ വേദനയുടെ നീർച്ചുഴിയിലാണ്. ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകരുടെ സ്നേഹോപഹാരം വാങ്ങുമ്പോൾ അവർ വിങ്ങിപ്പൊട്ടി. ഖാദിംകൾക്കും, ഇതര അന്തേവാസികൾക്കും ആർദ്രമായ മനസ്സോടെ ആ കാഴ്ച നോക്കിനില്ക്കാനേ കഴിഞ്ഞുള്ളൂ.

കണ്ണൂരിലെ ആതുര–അഗതി ശുശ്രൂഷാരംഗത്ത് ഏറ്റവും വിഖ്യാതമായ സ്ഥാപനമാണ് പ്രത്യാശാഭവൻ. ക്രിസ്ത്യൻ സഭയുടെ നിയന്ത്രണത്തിലാണെങ്കിലും ജാതി–മത പരിഗണനകൾക്കതീതമായി സേവനത്തിന്റെ തീർത്ഥപാതയിലാണിവർ. ഖുദ്ദാമുൽ അഹ്മദിയ്യാ തുടർച്ചയായ നാലാം തവണയാണ് സേവനസന്നദ്ധതയോടെ ഇവിടെ എത്തുന്നത്. പരിപാടിയിൽ കണ്ണൂർ ടൗൺ–കൂടാളി മജ്‌ലിസുകളിൽനിന്നായി ഇരുപതുപേർ പങ്കെടുത്തു. ഇവിടെത്തെ മദർ സുപ്പീരിയർ നോബിൾ ഹൃദയസ്പൃക്കായ ഭാഷയിൽ ഞങ്ങൾക്ക് നന്ദിപറഞ്ഞു.

പാവങ്ങളായ മലയോരവാസികളുടെ ആശാകേന്ദ്രമാണ് കേളകത്തെ സെന്റ് ഡിംപോൾ ആശുപത്രി. കാൻസർ രോഗികൾക്കുള്ള പാലിയേറ്റീവ് കെയർ യൂണിറ്റും ബുദ്ധിമാന്ദ്യം സംഭവിച്ച അനാഥരായ കുട്ടികൾക്കുള്ള പുനരധിവാസകേന്ദ്രവുമാണ് ഇത്. മാനസികമായും ശാരീരികമായും മനുഷ്യനെ നശിപ്പിക്കുന്ന മഹാമാരിയായ കാൻസറിന്നടിപ്പെട്ട ഒട്ടേറെ പേരുണ്ടിവിടെ. ആധുനിക ചികിത്സകൾ നടത്താൻ കഴിവില്ലാത്ത പട്ടിണിപാവങ്ങളാണ് ഏറെയും. ഈ ആശുപത്രിയിൽ സൗജന്യമായാണ് മിക്കവാറും ചികിത്സ നടത്തുന്നത്. ശരീരത്തെയും അതുപോലെതന്നെ മനസ്സിനെയും സാന്ത്വനിപ്പിക്കുന്ന സമഗ്ര ചികിത്സാരീതിയാണ് ഇവിടെ അവലംബിക്കുന്നത്. പെരുന്നാളിന്റെ തലേന്ന് വസ്ത്രങ്ങളും, പലഹാരങ്ങളും പഴങ്ങളും പലവ്യഞ്ജനങ്ങളുമായി ആശുപത്രിയിലെത്തിയ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തകരെ രോഗാതുരരായ അവിടെത്തെ ആളുകളുടെ അവസ്ഥ വളരെ വേദനിപ്പിച്ചു.

രണ്ടര വയസ്സുമുതൽ 22 വയസ്സുവരെ പ്രായമുള്ള പെൺകുട്ടികൾ ഈ അഗതിമന്ദിരത്തിലുണ്ട്. രോഗത്തിന്റെ തീക്ഷ്ണതയും ഒറ്റപ്പെടലിന്റെ വേദനയും അവരുടെ കണ്ണുകളിൽ തെളിഞ്ഞുകാണാമായിരുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച പെൺകുട്ടികളുടെ സ്ഥിതി വളരെ ദയനീയമാണ്. തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ട്, വളർച്ചയെത്താത്ത മസ്തിഷ്ക്കത്തിന്റെ പ്രശ്നങ്ങളുമായി ജീവിതം തള്ളിനീക്കുന്ന ഈ വിഭാഗം നമ്മുടെയൊക്കെ മനസ്സാക്ഷിക്കു നേരെയുള്ള ചോദ്യമാണ്. ജമാഅത്തിലെ യുവാക്കൾ പെരുന്നാളിന്റെ സന്തോഷം ഇവരുമായി പങ്കുവയ്ക്കുമ്പോൾ അവർക്ക് ലഭിക്കുന്നത് അവാച്യമായ ആത്മീയാനുഭൂതിയാണ്. നമ്മളറിയുന്നതിലും എത്രയോ ദയനീയമായ പരിസ്ഥിതികളിൽ നമ്മുടെ ഇടയിൽ ഇത്തരക്കാർ ദിനങ്ങൾ തള്ളിനീക്കുന്നു. നാം അതറിയുമ്പോൾ, അല്ലാഹു നമുക്ക്തന്ന അനുഗ്രഹത്തിന്റെ തിളക്കം മനസ്സിലാകുകയും, അവന് നന്ദിയുള്ളവരായിരിക്കുകയും ചെയ്യും. അല്ലാഹു തന്നെയാണ് നമുക്കു വേണ്ടത്. ഖലീഫത്തുൽ മസീഹ് അടിക്കടി ഉണർത്തുന്നതും അതുതന്നെ. കേളകത്തെ സിസ്റ്റർ തെരസിനയും സഹപ്രവർത്തകരും ഗദ്ഗദകണ്ഠരായാണ് ഞങ്ങളെ യാത്രഅയച്ചത്.

ഈ രണ്ട് പരിപാടികളിലും കൂടാളി–കണ്ണൂർ–മട്ടന്നൂർ മജ്‌ലിസുകളിലെ 35 പേർ പങ്കെടുത്തു. ഇതിൽ ഖുദ്ദാം സഹോദരങ്ങൾക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകി ഞങ്ങളെ അനുഗമിച്ചത് സംസ്ഥാന അൻസാറുല്ലാ നാസിം ജ:പി.പി. നാസിറുദ്ദീൻ സാഹിബായിരുന്നു. കൂടാളിയിലെ ഡോ. ഉമ്മർ സാഹിബിന്റെ പങ്കും ക്രിയാത്മകമായിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് കണ്ണൂർ ടൗൺ ഖായിദ് പി. ഉമർ, കൂടാളി ഖായിദ് ബഷീർ, റിയാസ്, ഡോ. ആസിഫ്, ഷക്കിൽ, ഷാജിർ തുടങ്ങിയവർ നേതൃത്വം നൽകി.

*സി. റഫീഖ് അഹ്മദ്*

# തിന്മ പരസ്യപ്പെടുത്തരുത്

നബി(സ) തിരുമേനി പറഞ്ഞു "ഇഹത്തിൽവെച്ചൊരു ദാസൻ മറ്റൊരു ദാസന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ, പരലോകത്ത് അല്ലാഹു അവന്റെ ന്യൂനതയും മറച്ചുവയ്ക്കുന്നതാണ്."

തിന്മകൾ പരസ്യപ്പെടുത്തുമ്പോൾ അത് വ്യാപിക്കുന്നതാണ്. സമൂഹത്തെ മുഴുവനും അത് ബാധിക്കുമോ എന്ന ആശങ്കയും ഉണ്ടാകുന്നു. അതുകൊണ്ട് തിന്മ ഒരിക്കലും പരസ്യപ്പെടുത്തരുത്. ഇതിനെക്കുറിച്ച് നബി(സ) തിരുമേനി നമ്മെ താക്കീത് ചെയ്തിരിക്കുന്നു.

പറയുന്നു: "നീ ജനങ്ങളുടെ ന്യൂനതകളുടെ പിന്നാലെ കൂടിയാൽ നീ അവരെ നശിപ്പിക്കുന്നതാണ്. അല്ലെങ്കിൽ അവർ നശിക്കാനുള്ള വഴി ഒരുക്കുന്നതാണ്."

(*ഖുത്ബ, 19.11.2004*)